# ഡി.പി.ഇ.പി:
# എന്ത്?
# എന്തിന്?

...ൾ ഇന്ത്യാ ഡമോക്രാറ്റിക്
...ഡന്റ്സ് ഓർഗനൈസേഷൻ
(AIDSO)

370-1

4152

# ഡി.പി.ഇ.പി:

# എന്ത്?

# എന്തിന്?

PC Library & Research Center

**D P E P: ENTHU? ENTHINU?**
(Malayalam)
**A Critical Study on**
**District Primary Education Programme**

370.1

An AIDSO Publication

AIDSO Office, TC 12/1242
Kunnukuzhy, Trivandrum 695 037
Tel: 447151

Typeset by
Designer Graphics, Trivandrum Tel: 452281

Printed at
Don Bosco, Kollam

Ist Edition September 1998
Prince Rs 5/-

4152

# ആമുഖം

വളരെ വ്യാപകമായ മാറ്റങ്ങൾ നമ്മുടെ വിദ്യാഭ്യാസ മേഖലയിൽ വന്നുകൊണ്ടിരിക്കുന്ന സമയമാണിത്. പ്രാഥമിക വിദ്യാഭ്യാസത്തിലാകട്ടെ വലിയ ഒരഴിച്ചുപണിയാണ് നടന്നുകൊണ്ടിരിക്കുന്നത്.

ജില്ലാ പ്രാഥമിക വിദ്യാഭ്യാസ പരിപാടി (ഡി.പി.ഇ.പി.) എന്ന പേരിൽ, വ്യാപകമായ പ്രചാരണങ്ങളോടെ പൊതുവിദ്യാഭ്യാസ രംഗത്ത് നടപ്പിൽ വന്നിരിക്കുന്ന സമഗ്രമായ മാറ്റങ്ങൾ സമൂഹത്തിന്റെ വിശദമായ ഒരു വിശകലനത്തിന് ഇതേവരെ വിധേയമായിട്ടില്ല.

ഡി.പി.ഇ.പിയുടെ സമീപനത്തെയും ഉള്ളടക്കത്തെയും നടത്തിപ്പിനെയും സംബന്ധിച്ച വിമർശനാത്മകമായ ഒരു നിരീക്ഷണമാണ് ഈ ലഘുപുസ്തകം. ഡി.പി.ഇ.പി ഗുണമല്ല ചെയ്യുന്നത്; മറിച്ച്, നമ്മുടെ വിദ്യാഭ്യാസ മേഖലയ്ക്ക് വലിയ വിനാശമാണത് സൃഷ്ടിക്കാൻ പോകുന്നത് എന്ന നിഗമനത്തിലാണ് ഇതെത്തിച്ചേരുന്നത്.

ഡി.പി.ഇ.പിയുടെയും ഗവൺമെന്റിന്റെയും ബഹുമുഖ പ്രചാരണങ്ങൾ ഡി.പി.ഇ.പിയ്ക്ക് അനുകൂലമായ വാദഗതികൾ ഏവരിലും കൊണ്ടുചെന്നെത്തിക്കാൻ പര്യാപ്തമാണ്. എന്നാൽ എതിർവാദമുഖങ്ങളെക്കൂടി സസൂക്ഷ്മം പരിശോധിക്കാൻ കഴിഞ്ഞാൽ മാത്രമേ ഡി.പി.ഇ.പിയെ സംബന്ധിച്ച വസ്തുനിഷ്ഠമായ ഒരു ഗുണദോഷവിചാരം സാദ്ധ്യമാകൂ.

ഡി.പി.ഇ.പിയെക്കുറിച്ചുള്ള ഈ നിരൂപണം ഗൗരവാവഹമായ പരിഗണനക്കായി ഞങ്ങൾ വിദ്യാഭ്യാസപ്രേമികളുടെ മുമ്പിൽ വയ്ക്കുന്നു. ഈ വിമർശനങ്ങളിൽ എന്തെങ്കിലും കാമ്പു കണ്ടെത്തുവാൻ കഴിഞ്ഞാൽ അതിനർത്ഥം മറ്റൊന്നുമല്ല: നമ്മുടെ വിദ്യാഭ്യാസത്തെ സർവ്വനാശത്തിന്റെ പടുകുഴിയിൽ നിന്നു രക്ഷപ്പെടുത്തുവാനുള്ള ബൃഹത്തായ ഒരു വിദ്യാഭ്യാസ പ്രക്ഷോഭണത്തിൽ നാമെല്ലാം അണിചേരേണ്ടിയിരിക്കുന്നു.

തിരുവനന്തപുരം
1-9-98.

ബി.കെ. രാജഗോപാൽ
കേരള സംസ്ഥാന പ്രസിഡന്റ്
ആൾ ഇന്ത്യ ഡമോക്രാറ്റിക് സ്റ്റുഡന്റ്സ് ഓർഗനൈസേഷൻ
*(AIDSO)*

# I

**ഡി.പി.ഇ.പി സർവ്വത്ര വന്നെത്തിക്കഴിഞ്ഞിരിക്കുന്നു.**
**എന്തുകൊണ്ടാണ് ഡി.പി.ഇ.പി വന്നത് ?**

"എനിക്കു മതിയായി. ഇന്നു ഞാൻ സ്കൂളിലേയ്ക്കില്ല. പള്ളിക്കൂടം വളരെ വിരസമാണ്. കാലൊടിഞ്ഞ ബഞ്ചുകളും തുടരെ പ്രസംഗിക്കുന്ന അദ്ധ്യാപകരും. അവർ പറയുന്നതൊന്നും എനിക്കു മനസ്സിലാകുന്നില്ല. എങ്കിലും പഠിക്കണമെന്നവർ ശഠിക്കുന്നു.

"പാഠപുസ്തകങ്ങൾ എനിക്ക് പേടിസ്വപ്നങ്ങളാണ്. പാഠങ്ങൾ കയ്പേറിയ കഷായം പോലെയും.

"ഒരു സ്വാതന്ത്ര്യവും ഇല്ല. ഞങ്ങൾ കുട്ടികളോ, വായ് മൂടിക്കെട്ടിയ പാവകളും. എപ്പോഴും ശബ്ദിക്കരുത്! ശബ്ദിക്കരുത്!

"ഈ വിരസതയിൽ നിന്നു മോക്ഷം കിട്ടുന്നത് ഇടവേളകളിൽ മാത്രം. അപ്പോഴാണല്ലോ കൂട്ടുകാരുമായി ഒന്നു കളിക്കാൻ കഴിയുക.

"ക്ലാസ്സുമുറിയിലും ഇങ്ങനെ കളിക്കാൻ കഴിഞ്ഞാൽ ഒരു പക്ഷേ സ്കൂളിൽ പോകുക രസകരമായിരിക്കും"
*('വിടവു നികത്താൻ', ഡി.പി.ഇ.പി ലഘുലേഖ )*

ഇപ്രകാരം കേരളത്തിലെ സർക്കാർ സ്കൂളുകളിലും എയ്ഡഡ് സ്കൂളുകളിലും പ്രൈമറി ക്ലാസ്സുകളിൽ പഠിക്കുന്ന ഓരോ പിഞ്ചോമനയ്ക്കും തോന്നുകയും അങ്ങനെ അവർ ക്ലാസ്സുകൾ വിട്ടൊഴിയുകയും ഒഴിയാത്തവർ ക്രൂരമായി പീഡിപ്പിക്കപ്പെടുകയും ചെയ്യുകയാണെന്ന ഒരു വലിയ കണ്ടുപിടിത്തത്തിന്റെ ഫലമായാണ് അവസാനം ഡി.പി.ഇ.പി വന്നത്. "വിരസമായ ക്ലാസ്സുമുറിക്കുള്ളിൽ വീർപ്പുമുട്ടുന്ന മർദ്ദിതനായ വിദ്യാർത്ഥിയുടെ വിമോചനം" ആണ് ഡി.പി.ഇ.പിയുടെ ലക്ഷ്യം. "ക്ലാസ്സു മുറിയിലും ഇങ്ങനെ കളിക്കാൻ കഴിഞ്ഞാൽ ഒരു പക്ഷേ സ്കൂളിൽ പോകുക രസകരമായിരിക്കും'' എന്ന് വിങ്ങിപ്പൊട്ടിക്കൊണ്ട് കുട്ടി അവസാനം പറയുന്നതിനാൽ മർദ്ദിതനായ ആ പൈതലിനെ ഡി.പി.ഇ.പി ഏറ്റെടുക്കുന്നു. (നമുക്കവനെ അതായത് ഡി.പി.ഇ.പി അവതരിപ്പിക്കുന്ന മാതൃകയെ ഡി.പി.ഇ.പി പൈതൽ എന്ന് വിളിക്കാം). കളി ക്ലാസ്സിലേക്കു കൊണ്ടു ചെല്ലുന്നതിനെ ലാക്കാക്കി, വൻതോതിൽ പണം മുടക്കി ഗവേഷണം നടത്തി ദ്രുതഗതി

യിൽ ചില നിഗമനങ്ങളിലെത്തുന്നു. വിദ്യാഭ്യാസത്തിന്റെ അലകും പിടിയും മാറ്റാൻ പോന്ന പരിഷ്കാരങ്ങൾ ആവിഷ്കരിക്കുന്നു, പ്രഖ്യാപിക്കുന്നു, നടപ്പാക്കുന്നു—എവ്വിധവും തങ്ങളേറ്റെടുത്ത പൈതലിനെ വിമോചിപ്പിച്ചേ പറ്റൂ.

ഈ പരിഷ്കാരങ്ങൾ അതിഗംഭീരവും അത്യുജ്ജ്വലവും അത്യന്താധുനികവും അന്യൂനവുമാണെന്ന കാര്യത്തിൽ ഡി.പി.ഇ.പിക്ക് ലവലേശം സംശയമില്ല. എന്നു മാത്രമല്ല, ഇത്ര സമഗ്രവും വിപ്ലവകരവുമായ ഒരു മാറ്റം കൺചിമ്മിത്തുറക്കുന്ന വേഗതയിൽ നടപ്പാക്കിയെടുത്തതിൽ വലിയ അഭിമാനവുമുണ്ട്. അന്യം നിന്നു പോകുമായിരുന്ന നമ്മുടെ പ്രാഥമിക വിദ്യാഭ്യാസത്തെ വിധിവശാൽ രക്ഷപ്പെടുത്തിയെടുക്കുവാനുള്ള ചരിത്രനിയോഗമാണ് ഡി.പി.ഇ.പി യുടെ ചുമലിൽ വന്നത്. എതിർപ്പ് ഡി.പി.ഇ.പിയ്ക്ക് പ്രശ്നമല്ല. വിവരദോഷികളും അക്ഷരവൈരികളും മാത്രമേ ഡി.പി.ഇ.പിയെ എതിർക്കൂ. നമ്മുടെ സർക്കാർ–എയ്ഡഡ് പ്രൈമറി സ്കൂളുകളിലെല്ലാം ഡി.പി.ഇ.പി ഇന്ന് വിവിധഘട്ടങ്ങളിൽ പ്രാബല്യത്തിലാണ്. സ്കൂളാകെ മാറി. തുള്ളിച്ചാടി ആടിയോടി ആഹ്ലാദത്തിമിർപ്പോടെ പോകുന്ന കുട്ടികൾ. വർണ്ണശബളവും ശബ്ദശബളവുമായ, ഓമനപ്പേരിട്ടു വിളിക്കുന്ന പാഠപുസ്തകങ്ങൾ. ക്ലാസ്സുമുറികളിലും വെളിയിലും കളികളുടെ ബഹളം. പുതിയ പാഠ്യക്രമത്തിൽ തീവ്രപരിശീലനത്തിനു വിധേയരാക്കപ്പെട്ട അദ്ധ്യാപകർ കളിച്ചുകളിച്ച് മധുരമധുരമായി പഠിപ്പിക്കുന്ന നയനാനന്ദകരമായ കാഴ്ച. ക്ലാസ്സുമുറികളിൽ അച്ചടക്കം പാലിക്കാൻ കഴിയുന്നില്ല എന്ന ചില്ലറ പരിദേവനങ്ങൾ. രക്ഷാകർത്താക്കളുടെ ആശങ്കകൾ, സംശയങ്ങൾ — ചിലയിടങ്ങളിൽ പൊട്ടിത്തെറികൾ. രക്ഷാകർത്താക്കളോടുത്തരം മുട്ടുന്ന അദ്ധ്യാപകർ. ഡി.പി.ഇ.പിക്കാരുടെ സന്ദർശനങ്ങൾ, വിലയിരുത്തലുകൾ, വിശദീകരണങ്ങൾ, താക്കീതുകൾ . . . . .

എന്തായാലും ഡി.പി.ഇ.പി പൈതലിനു സന്തോഷമായി. ഹർഷോന്മാദത്തോടെ അവൻ പറയുന്നു:

> "കാലം മാറി. . . അദ്ധ്യാപകർ എത്ര നല്ലവർ . . . പുസ്തകങ്ങൾ എത്ര ആകർഷകം! ക്ലാസ്സു മുറി എത്ര സജീവം! കളിക്കുന്നതുപോലെ തന്നെ ഞങ്ങൾ പഠിക്കുന്നതും. പഠിപ്പിക്കാനായി അദ്ധ്യാപകർ ഞങ്ങളോടൊപ്പം കളിക്കും. നല്ല രസം. എന്നും സ്കൂളിൽ പോകാൻ കഴിഞ്ഞെങ്കിൽ!"

ഡി.പി.ഇ.പി പൈതൽ മോചിതനായി. അവൻ രക്ഷപെട്ടു. ഭാഗ്യവാൻ! എന്നാൽ മറ്റു പൈതങ്ങളോ ?

സ്കൂൾ വിരസമാണെന്നതുകൊണ്ട് വിരക്തി തോന്നി പഠനമുപേക്ഷിക്കുന്ന പാവം ഡി.പി.ഇ.പി പൈതൽ ഏതായാലും നമ്മുടെ സർക്കാർ–എയ്ഡഡ് സ്കൂളുകളിൽ പഠിക്കുന്നവനല്ല. കാരണം വളരെ അരസികവും ഡി.പി.ഇ.പി വിരുദ്ധവുമായ സമ്പ്രദായത്തിൽ വർഷങ്ങളായി പഠിച്ചിട്ടും നമ്മുടെ സംസ്ഥാനത്ത് ഒന്നാം

ക്ലാസ്സിൽ ചേരുന്ന ഒരു കുട്ടിപോലും അഞ്ചാം ക്ലാസ്സിൽ എത്തിച്ചേരാതിരിക്കുന്നില്ല. ക്രൂരനായ അദ്ധ്യാപകനും മലപോലുള്ള പാഠ്യപദ്ധതിയും ഭാരം കൂടിയ പാഠപുസ്തകങ്ങളും എല്ലാം ചേർന്ന് പീഡിപ്പിക്കുന്ന ഡി.പി.ഇ.പി പൈതലും നമ്മുടെ സർക്കാർ, എയ്ഡഡ് സ്കൂളിലല്ല പഠിക്കുവാൻ വരുന്നത്. അവൻ പോകുന്നത് സർക്കാർ സഹായമില്ലാതെ പ്രവർത്തിക്കുന്ന അൺഎയ്ഡഡ് സ്കൂളിലേയ്ക്കാണ്. അതിനാൽ ഡി.പി.ഇ.പി പൈതൽ വിലപിക്കുന്നത് സർക്കാർ വിദ്യാലയത്തിന്റെ അങ്കണത്തിൽ നിന്നല്ല; ഡി.പി.ഇ.പിയ്ക്കു കൈവയ്ക്കാൻ ഉദ്ദേശ്യമില്ലാത്ത സി.ബി.എസ്.ഇ സിലബസ് നിലനില്ക്കുന്ന സ്വകാര്യസ്കൂളിന്റെ ഇരുണ്ട ഇടനാഴിയിൽ നിന്നാണ്. മർദ്ദിതനായ അവന്റെ കണ്ണീരൊപ്പുവാൻ സർക്കാർ-എയ്ഡഡ് സ്കൂളുകളിലെ കുട്ടികളുടെ വിദ്യാഭ്യാസം അഥവാ പൊതുവിദ്യാഭ്യാസം അടിമുടി എടുത്തു കുടയുന്നതെന്തിനാണെന്നതാണ് വലിയൊരു ചോദ്യം.

## മാറ്റങ്ങളാവശ്യമല്ലേ ?

നമ്മുടെ പ്രാഥമിക പൊതുവിദ്യാഭ്യാസത്തിന് പോരായ്മകളൊന്നുമില്ലേ? മാറ്റങ്ങളാവശ്യമല്ലേ?

ധാരാളം പോരായ്മകളുണ്ട്. മാറ്റങ്ങളാവശ്യവുമാണ്. എന്നാൽ ഉള്ള പോരായ്മകൾക്ക് ഉതകുന്ന മാറ്റങ്ങളാകണം. ഇല്ലാത്ത പോരായ്മകൾക്കുള്ള വല്ലാത്ത മാറ്റങ്ങളാകരുത്.

നമ്മുടെ പ്രാഥമിക പൊതുവിദ്യാഭ്യാസത്തിനുള്ള പ്രധാനപ്പെട്ട പോരായ്മകളെന്താണ് ?

ഡി.പി.ഇ.പി പൈതലിന് അവന്റെ പഠനത്തോടു തോന്നുന്ന വൈരസ്യവും, പുസ്തകഭാരവുമല്ല സാധാരണ സ്കൂളുകളിൽ പഠിക്കുന്ന നമ്മുടെ പാവപ്പെട്ട പിഞ്ചു കുഞ്ഞുങ്ങളുടെ പരാധീനത എന്നത് പറയേണ്ടതില്ലല്ലോ. അതു കണ്ടുപിടിക്കാൻ കോടികളുടെ മുടക്കുള്ള ഗവേഷണത്തിന്റെ ആവശ്യകതയുണ്ടോ?

1. നമ്മുടെ പള്ളിക്കൂടങ്ങൾക്ക് അടിസ്ഥാന സൗകര്യങ്ങളില്ല: നല്ല കെട്ടിടങ്ങളില്ല, ഉള്ളവയ്ക്കു മേൽക്കൂരയില്ല, മൂത്രപ്പുരയില്ല, കക്കൂസില്ല, ബോർഡില്ല, ചോക്കില്ല, പഠനോപകരണങ്ങളൊന്നുമില്ല, കുടിവെള്ളത്തിന്റെ സൗകര്യം പോലുമില്ല. നടുനിവർന്നിരുന്ന് എഴുത്തഭ്യസിക്കാൻ സൗകര്യപ്പെടുമാറ് ബഞ്ചും ഡസ്ക്കുമുള്ള പ്രാഥമിക വിദ്യാലയങ്ങൾ തന്നെ അപൂർവ്വം.
2. സാധാരണ പള്ളിക്കൂടത്തിലെത്തുന്ന പകുതികുട്ടികൾക്കെങ്കിലും വിശപ്പ് ഒരു പ്രശ്നമാണ്. നമ്മുടെ ഉച്ചക്കഞ്ഞിപ്പരിപാടിയാകട്ടെ അലസമായും അലക്ഷ്യമായും നടത്തുന്നതും. പുസ്തകവും നോട്ടുബുക്കും

പെൻസിലും പേനയും ബാഗും വേഷവുമെല്ലാം സംഘടിപ്പിച്ചുകൊടുക്കുക. എന്നത് രക്ഷാകർത്താക്കളിൽ ഒരു നല്ല ശതമാനത്തിന് ശ്രമകരം തന്നെയാണ്.

3. ജീവിത പ്രാരാബ്ധങ്ങളുടെ പിരിമുറുക്കത്തിൽ നിന്നു മുക്തനായി അദ്ധ്യാപനവൃത്തിയിൽ മനസ്സർപ്പിച്ച് മുഴുകാൻ കഴിയുംവിധം പര്യാപ്തമായ വേതനം നിഷേധിക്കപ്പെടുന്ന അദ്ധ്യാപകൻ. അദ്ധ്യാപകവൃത്തിക്ക് ഒരു കാലത്തുണ്ടായിരുന്ന ആദർശാത്മകമായ മാന്യത അനുദിനം നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്ന അവസ്ഥ. കാലാകാലങ്ങളിൽ നടത്തേണ്ടുന്ന അദ്ധ്യാപക പരിശീലന പരിപാടികളുടെ അഭാവം.

4. സർവ്വോപരി കഴിഞ്ഞ ഒരു വ്യാഴവട്ടമായി കേരളത്തിൽ നിലനിന്നുപോരുന്ന ആൾ പ്രമോഷൻ സമ്പ്രദായം: ഓരോ ക്ലാസ്സിലും കുട്ടിയിൽ സന്നിവേശിക്കപ്പെടേണ്ടുന്ന അറിവും കഴിവും കുട്ടി ആർജിച്ചിട്ടുണ്ടോ എന്നു പരിഗണിക്കാതെയും പരിഹാരബോധനം നൽകാതെയും പത്താം ക്ലാസ്സുവരെയുള്ള വിദ്യാഭ്യാസത്തെ കേവലം ഒരു ചടങ്ങായി അധഃപതിപ്പിച്ച അവസ്ഥ. പത്താം ക്ലാസ്സിലാകട്ടെ മോഡറേഷൻ വഴിയുള്ള സൗജന്യത്തെ അടിസ്ഥാനപ്പെടുത്തിയ വിജയ സർട്ടിഫിക്കറ്റു നൽകി സർക്കാരിനു മേനിനടിക്കുവാനുള്ള ജയശതമാനം നിർമ്മിക്കുന്ന രീതിയും. ആൾ പ്രമോഷൻ സിസ്റ്റം നമ്മുടെ സ്കൂൾ വിദ്യാഭ്യാസത്തിന്റെ ഗുണനിലവാരത്തെ അടിയോടെ വാരി എന്നു പറഞ്ഞാൽപോലും അത് അതിശയോക്തിയാവില്ല.

മേൽപ്പറഞ്ഞവ മാത്രമാണോ നമുക്കുണ്ടായിരുന്ന പോരായ്മകൾ? അല്ല, അവ മാത്രമല്ല. എന്നാൽ പ്രധാനപ്പെട്ട — കാതലായ — അടിയന്തിരമായി പരിഹരിക്കപ്പെടേണ്ടുന്ന പോരായ്മകൾ ഇവയാണ്. എന്നാൽ ഡി.പി.ഇ.പി ധാരാളം പണവും ഭഗീരഥ പ്രയത്നവും നടത്തി സ്ഥിതിവിവരങ്ങൾ ശേഖരിക്കുകയും ഗവേഷണം നടത്തുകയും ചെയ്തിട്ടും ഈ വസ്തുതകളൊന്നും ലഭിച്ചില്ല. കമ്പ്യൂട്ടറിൽ പ്രധാനമായും തെളിഞ്ഞത് പഠനക്ലേശം കൊണ്ടു മുതുകുകുനിഞ്ഞ് സ്കൂളുവിട്ടോടിപോകുന്ന ഡി.പി.ഇ.പി. പൈതലിനേയും ബീഹാറിലുള്ളതിനേക്കാൾ ഗുണനിലവാരം കുറഞ്ഞ ഒരു വിദ്യാഭ്യാസസമ്പ്രദായത്തേയുമാണ്.

## പോരായ്മകൾ മാത്രമേയുള്ളോ ?

അതേ, കേരളത്തിലെ വിദ്യാഭ്യാസത്തിന് ധാരാളം പോരായ്മകളുണ്ട്.

എന്നാൽ ഈ പോരായ്മകൾ മാത്രമാണോ കേരളത്തിലെ വിദ്യാഭ്യാസ വ്യവസ്ഥയുടെ മുഖമുദ്ര ?

അല്ല.

ഇവിടെ വിദ്യാഭ്യാസത്തിന് ബലത്ത ഒരു അടിത്തറയുമുണ്ട്. ഒരു നൂറ്റാണ്ടിന്റെയെങ്കിലും പരീക്ഷണ-പരിശ്രമങ്ങളുടെ പാരമ്പര്യത്തോടെ, കേരളത്തിലെ നവോത്ഥാന ചരിത്രത്തിൽ വീശിയടിച്ച സാമൂഹ്യമുന്നേറ്റങ്ങളുടെ നിരന്തരമായ ആഘാതം കൊണ്ടു പരുവപ്പെട്ട്, നവോത്ഥാന നായകരുടെയും സേവന മനഃസ്ഥിതിയോടെ വിദ്യാഭ്യാസപ്രവർത്തനങ്ങളിലേർപ്പെട്ട മിഷനറിമാരുടെയും മറ്റു സാമൂഹ്യപ്രസ്ഥാനങ്ങളുടെയും അവിശ്രാന്ത പരിശ്രമത്തിന്റെ ഫലമായി പതംവന്നു പൊന്തിവന്ന ഒരു വിദ്യാഭ്യാസ അടിത്തറയാണ് കേരളത്തിന്റേത്. ദേശീയതലത്തിലും സാർവ്വദേശീയതലത്തിലും ഉയർന്നു വന്നിട്ടുള്ള വിദ്യാഭ്യാസ ചിന്തകളിൽ കൊള്ളേണ്ടതിനെ കൊണ്ടും തള്ളേണ്ടതിനെ തള്ളിയും വികസിപ്പിച്ചെടുത്ത ഒരു ബോധന സമ്പ്രദായം നമ്മുടെ സംസ്ഥാനത്തുണ്ട്. പതിറ്റാണ്ടുകളുടെ പ്രയോഗത്തിലൂടെ അത് പരീക്ഷിക്കപ്പെട്ടിട്ടുണ്ട്; അതിന്റെ സാധുത തെളിയിക്കപ്പെട്ടിട്ടുമുണ്ട്. സാർവ്വത്രിക സാക്ഷരത കേരളം കൈവരിക്കുമ്പോഴും കൊഴിഞ്ഞുപോക്കു തീരെയില്ലാതെ കുട്ടികളെ പ്രൈമറിതലം കടത്തിക്കൊണ്ടു പോകുമ്പോഴും ലോകമെമ്പാടും വ്യാപിച്ചുകിടക്കുന്ന വലിയൊരു മസ്തിഷ്കശക്തിയെ വിസ്തൃതമായ ഒരു ഉന്നതവിദ്യാഭ്യാസത്തിലൂടെ സൃഷ്ടിച്ചെടുത്തപ്പോഴും അതു സംഭവിച്ചത് മന്ത്രവിദ്യ കൊണ്ടല്ല; നമ്മുടെ വിദ്യാഭ്യാസ പാരമ്പര്യത്തിന്റെ ശക്തികൊണ്ടാണ്.

അങ്ങനെ അടിയുറച്ച ഒരു വിദ്യാഭ്യാസ പദ്ധതിയെ കടപുഴക്കിയെറിഞ്ഞ് സമൂലമായി പരിവർത്തനപ്പെട്ട മറ്റൊരു പദ്ധതിയെ അവിടെ പ്രതിഷ്ഠിക്കുക എന്നതാണ് ഡി.പി.ഇ.പിയുടെ ലക്ഷ്യം.

## വിദ്യാഭ്യാസത്തിൽ മാറ്റങ്ങൾ കൊണ്ടുവരേണ്ടതെങ്ങനെ?

പാഠ്യപദ്ധതിയിലും സിലബസ്സിലും പാഠപുസ്തകങ്ങളിലും മാറ്റങ്ങൾ കൊണ്ടുവരുന്നതു പാപമാണോ ? പാതകമാണോ ?

അല്ലേയല്ല.

അതാവശ്യമല്ലേ ?

അതെ.

എന്നാൽ വിദ്യാഭ്യാസമേഖലയിലെ മാറ്റങ്ങളാകുമ്പോൾ ചെറിയ പരിഷ്കാരങ്ങൾ പോലും സാവകാശമെടുത്തേ ചെയ്യാവൂ. അടിത്തറയിളക്കുന്ന മാറ്റങ്ങളായാലോ? വളരെ സാവകാശം, പരീക്ഷണാടിസ്ഥാനത്തിലുള്ള പുരോഗതി നിരീക്ഷിച്ചുകൊണ്ട്, വളരെ സൂക്ഷ്മതയോടെ മാത്രമേ കൊണ്ടുവരാവൂ. കാരണം ഉജ്ജ്വലമായ ഒരു പാരമ്പര്യം ഉൾക്കൊള്ളുന്നതും ലബ്ധപ്രതിഷ്ഠമായതും ഫലപ്രാപ്തി വർഷങ്ങളിലൂടെയുള്ള അനുഭവങ്ങളിലൂടെ തെളിയിച്ചിട്ടുള്ളതുമായ ഒരു സമ്പ്രദായത്തെ പോരായ്മകൾ നികത്തുന്നതിന്റെയും പരിഷ്കരണത്തിന്റെയും

പേരിൽ തച്ചുതകർക്കാനെളുപ്പമാണ്. തകർന്നു തരിപ്പണമായാൽ പിന്നീടതു പുനഃസ്ഥാപിക്കാനാവില്ല. അതിനാൽ ഫലപ്രദവും പുരോഗമനാത്മകമായി മെച്ചപ്പെട്ടതും ആണെന്ന് ശാസ്ത്രീയയുക്തിയുടെ അടിസ്ഥാനത്തിൽ സംശയാതീതമായി തെളിയിക്കപ്പെട്ട ഒരു ബദൽ സംവിധാനം ആവിഷ്ക്കരിച്ചതിനു ശേഷം മാത്രമേ നിലനില്ക്കുന്നതിനെ തച്ചുതകർക്കുന്നതിനെപ്പറ്റി ചിന്തിക്കാനെങ്കിലും കഴിയൂ. മാത്രമല്ല, വിദ്യാഭ്യാസം എന്നത് ഒരു സാമൂഹ്യപ്രക്രിയയാണെന്ന കാര്യവും നാം ഓർക്കണം. വിദ്യാർത്ഥിയും അദ്ധ്യാപകനും സ്കൂളും മാത്രമല്ല അതിലടങ്ങിയിരിക്കുന്ന ഘടകങ്ങൾ. വിദ്യാഭ്യാസത്തിന്റെ പ്രത്യക്ഷവും പരോക്ഷവുമായ തുടർച്ച വീട്ടിലും സമൂഹത്തിലുമുണ്ട്. വ്യത്യസ്തമായ ഒരു രീതി ആവിഷ്കരിക്കുമ്പോൾ അതു സ്വീകരിക്കാൻ ചുറ്റുമുള്ള മുഴുവൻ സമൂഹത്തെയും സജ്ജമാക്കേണ്ടതുണ്ട്. ഇതിനെല്ലാം ആവശ്യം വിപുലമായ സംവാദമാണ്. അദ്ധ്യാപകർ, വിദ്യാഭ്യാസവിചക്ഷണർ, സാമൂഹിക-സാംസ്ക്കാരിക-രാഷ്ട്രീയ പ്രമുഖർ മനഃശാസ്ത്രവിദഗ്ദ്ധർ, അദ്ധ്യാപക-രക്ഷാകർതൃ-വിദ്യാർത്ഥി സംഘടനാ പ്രതിനിധികൾ, അക്കാഡമിക് വിദഗ്ദ്ധർ തുടങ്ങി ബഹുജനങ്ങളെപ്പോലും പങ്കെടുപ്പിച്ചുകൊണ്ടുള്ള വിപുലമായൊരു സംവാദത്തിന്റെ പരിണതി എന്ന നിലയിൽ മാത്രമേ വ്യാപകമായ ഏതൊരു മാറ്റവും ശാസ്ത്രീയമായി ആവിഷ്ക്കരിക്കാനാകൂ.

## ധൃതിപിടിച്ചുവന്ന ഡി.പി.ഇ.പി

എന്നാൽ ഡി.പി.ഇ.പി എത്ര ധടുതിയിലാണ് വന്നത് ? എത്ര വേഗതയിൽ, യുദ്ധകാലാടിസ്ഥാനത്തിലുള്ള പരിപാടികളോടെയാണ് അത് പ്രൈമറി പൊതുവിദ്യാഭ്യാസത്തെയാകെ ആവേശിച്ചത്. 1996 ഒക്ടോബറിൽ പ്രൈമറി സ്കൂൾ പാഠ്യപദ്ധതിയും പാഠപുസ്തകങ്ങളും പരിഷ്കരിക്കുവാനുള്ള സർക്കാർ ഉത്തരവ് ഡി.പി.ഇ.പി നേടിയെടുക്കുന്നു. 1997 ജൂണിൽ തിരുവനന്തപുരം, ഇടുക്കി, പാലക്കാട്, മലപ്പുറം, വയനാട്, കാസർഗോട് ജില്ലകളിൽ പൂർണ്ണമായും മറ്റെട്ടുജില്ലകളിൽ ഓരോ ജില്ലയിലെയും 120 സ്കൂളുകളിൽ വീതവും ഒറ്റയടിയ്ക്ക് ഒന്നു മുതൽ നാലുവരെയുള്ള ക്ലാസ്സുകളിൽ പുതിയ കരിക്കുലവും പാഠപുസ്തകവും നടപ്പാകുന്നു. ഒരു കാലഘട്ടത്തിന്റെ കരിക്കുലം ഉടച്ചുവാർക്കുവാൻ ഡി.പി.ഇ.പി എടുത്ത സമയം കേവലം 8 മാസം! "ലോകത്തിൽ ഒരിടത്തും കേരളത്തിൽ നടക്കുന്ന രീതിയിൽ വിദ്യാഭ്യാസ രംഗത്ത് മാറ്റങ്ങൾ വരുത്താറില്ല". 1998 ജൂണിൽ കേരളത്തിൽ എല്ലാ ജില്ലകളിലും ഡി.പി.ഇ.പി കരിക്കുലവും പാഠപുസ്തകങ്ങളും പ്രാബല്യത്തിലാകുന്നു. ഇത്ര ചുരുങ്ങിയ കാലയളവിനുള്ളിൽ വിപുലമായ ഒരു പ്രാഥമിക വിദ്യാഭ്യാസ ശൃംഖലയിലെ അദ്ധ്യാപകരെയെല്ലാം പുതിയ കരിക്കുലത്തിൽ പരിശീലനം നൽകി വിദഗ്ദ്ധരാക്കാൻ കഴിഞ്ഞ ഡി.പി.ഇ.പി യുടെ നൈപുണി അത്ഭുതകരമെന്നേ പറയേണ്ടു.

അപ്പോൾ, അങ്ങേയറ്റം ധൃതിവച്ച് സംസ്ഥാനമാകെ പടർന്നുപിടിച്ച ഡി.പി.ഇ.പിയുടെ വരവിനു ന്യായീകരണമായി കാട്ടുന്ന ഡി.പി.ഇ.പി പൈതലും ബീഹാറിനേക്കാൾ കുറഞ്ഞ ഗുണനിലവാരവും പ്രഥമദൃഷ്ട്യാ വിശ്വസനീയമാകാതെ പോകുന്നതിനാൽ ഡി.പി.ഇ.പി ഇപ്പോൾ പ്രാബല്യത്തിൽ കൊണ്ടുവന്നിരിക്കുന്ന കരിക്കുലവും സിലബസ്സും പാഠപുസ്തകങ്ങളും ഒന്ന് പരിശോധിക്കാൻ നാം പ്രേരിതരാകുന്നു.

## ഡി.പി.ഇ.പി യുടെ ബോധനാശയങ്ങൾ

ഡി.പി.ഇ.പി പാഠ്യപദ്ധതിയും പാഠപുസ്തകങ്ങളും വെളിവാക്കിത്തരുന്ന ബോധനപരമായ ആശയങ്ങൾ എന്തെല്ലാമാണ് ? ബോധനരീതികൾ എങ്ങനെയുള്ളതാണ് ?

പ്രധാനപ്പെട്ട ഡി.പി.ഇ.പി ആശയങ്ങൾ ഇങ്ങനെ സംഗ്രഹിക്കാം:

1. "വിനോദങ്ങളും കളികളും കൊണ്ടു നിറഞ്ഞ ഉത്സവകാലമായ ബാല്യത്തിൽ . . . കളികളിൽ മാത്രമായിരിക്കും കുട്ടികൾക്കു താല്പര്യമെന്നതിനാൽ . . . വിനോദാത്മകമായ അന്തരീക്ഷത്തിലായിരിക്കണം അദ്ധ്യാപനം.'' കളി ക്ലാസ്സിലേക്കു കടന്നു വരണം.

2. "കളിവീടുകെട്ടുന്ന കുട്ടികൾ . . . ഗണിതത്തിന്റെയും പരിസരപഠനത്തിന്റെയും ഭാഷയുടെയും ഘടകങ്ങളെ അറിയാതെ സമന്വയിപ്പിക്കുകയാണ്. കുട്ടിയുടെ ഈ സമഗ്രസമീപനത്തെ തകർത്തുകൊണ്ട് ലോകത്തെ വേർപെടുത്തിയ വിഷയങ്ങളാക്കി അവതരിപ്പിക്കേണ്ടതില്ല. ഉദ്ഗ്രഥിതസമീപനം സ്വീകരിക്കണം.''

3. "ശിശുകേന്ദ്രീകൃതവും പ്രവൃത്തികേന്ദ്രീകൃതവും സ്വയം പഠനത്തിന് (Self-learning) സാദ്ധ്യതയുള്ളതുമായ പാഠ്യപദ്ധതിയും പാഠപുസ്തകങ്ങളും ആവിഷ്ക്കരിക്കണം.''

4. "ക്ലാസ്സുമുറിയുടെ ഒരു കോണിൽ നിന്നും അദ്ധ്യാപകൻ കുട്ടികളെ അഭിസംബോധന് ചെയ്തു പഠിപ്പിക്കുന്ന സമ്പ്രദായത്തിൽ ശിക്ഷണം ശിക്ഷയായി കുട്ടികൾക്ക് അനുഭവപ്പെടുന്നു. ഇതു മാറ്റണം........ കുട്ടികളുടെ സ്വാഭാവിക പഠനപ്രക്രിയയെ സഹായിക്കുന്ന ഒരു സുഹൃത്താവണം അദ്ധ്യാപകൻ. ......... ക്ലാസ്സിലെ കർശനമായ ഔപചാരികത വിദ്യാർത്ഥികളെ അന്യവല്ക്കരിക്കുന്നു.'' കുട്ടി ക്ലാസ്സിൽ നിന്നു വെളിയിലേക്കു വരണം.

5. പുസ്തകഭാരം കുട്ടികളുടെ ഉദാസീനത വർദ്ധിപ്പിക്കുന്നു. പാഠപുസ്തകം

അനവധി പഠനസാമഗ്രികളിൽ ഒന്നുമാത്രമാണ്. പാഠപുസ്തകം മാത്രമാണ് പഠിക്കുവാനുള്ള ആധികാരികഗ്രന്ഥം എന്ന പാവനത്വം കുട്ടിയുടെ പഠനതാല്പര്യത്തെ കെടുത്തുന്നു. വസ്തുക്കൾക്കും വിവരങ്ങൾക്കും അമിതപ്രാധാന്യം നൽകുന്ന പാഠപുസ്തകങ്ങൾ മറ്റേതോ അത്ഭുതലോകത്തെയാണ് കുട്ടിയുടെ മുന്നിൽ അവതരിപ്പിക്കുന്നത്. പ്രാദേശിക വ്യത്യാസങ്ങൾ പരിഗണിക്കുന്നതാവണം പാഠപുസ്തകങ്ങൾ. പുസ്തകം സ്കൂളിന്റെ സ്വത്തായി കരുതി അതു കുട്ടികൾ ചുമക്കുന്നതൊഴിവാക്കി സ്കൂളിൽ തന്നെ സൂക്ഷിക്കണം.

6."ഒരു നിശ്ചിത സമയത്തിനുള്ളിൽ പാഠ്യപദ്ധതി അനുസരിച്ചുള്ള പാഠങ്ങൾ എങ്ങനെയും പഠിപ്പിച്ചുതീർക്കാൻ ശ്രമിക്കുന്ന അദ്ധ്യാപകരും കൂടുതൽ മാർക്കുനേടുക എന്ന ലക്ഷ്യം മാത്രമുള്ള വിദ്യാർഥികളും വിദ്യാഭ്യാസത്തെ അർത്ഥശൂന്യമായ ഒരു പ്രക്രിയയാക്കിമാറ്റിയിരിക്കുന്നു.''

7. പഠനാദ്ധ്യാപന പ്രക്രിയകളോട് വിളക്കിച്ചേർത്ത നിരന്തര മൂല്യനിർണ്ണയ പദ്ധതി ആവിഷ്ക്കരിക്കണം. പരീക്ഷയും ജയം-തോൽവിയും ഒഴിവാക്കി മൂല്യനിർണ്ണയം ഗ്രേഡിംഗിലേക്കു മാറ്റണം.

8. പ്രാദേശിക പ്രസക്തമായ വിദ്യാഭ്യാസമായിരിക്കണം ആവിഷ്ക്കരിക്കേണ്ടത്. ആസൂത്രണവും പ്രവർത്തനവും പ്രാദേശികാവശ്യകതകൾ മുൻനിർത്തി പ്രാദേശിക പങ്കാളിത്തത്തോടെ നടപ്പിലാക്കണം.

9. ഭാഷാപുസ്തകങ്ങൾ വാചാമാദ്ധ്യമത്തിലാക്കണം. പ്രൗഢഭാഷ (മാനകഭാഷ-Standard language)യും അനാവശ്യമായ നീതിബോധനവും ഒഴിവാക്കണം. പ്രാഥമിക ഘട്ടത്തിലെ ഭാഷാപഠനത്തിൽ ലേഖനം (എഴുത്ത്), ഉച്ചാരണസ്ഫുടത, വ്യാകരണം തുടങ്ങിയവയിലുള്ള അമിതമായ ഊന്നൽ കുട്ടിയുടെ ഭാഷാപഠനത്തെ ദോഷകരമായി ബാധിക്കുമെന്നതിനാൽ അതൊഴിവാക്കണം.

10. അടിസ്ഥാനഗണിതാശയങ്ങൾ പഠിക്കുന്നതിന്റെ വേഗത കുറയ്ക്കണം. സാംഖ്യകളല്ലാത്ത, സ്ഥലനിബദ്ധമായ ആശയങ്ങൾ ഉൾക്കൊള്ളിക്കണം.

## ആധുനിക വിദ്യാഭ്യാസവും 'പഠിതാവും'

മേൽപ്പറഞ്ഞവയിൽ അടിസ്ഥാനബോധനാശയങ്ങളായി അവതരിപ്പിച്ചിട്ടുള്ളവയെല്ലാം ഡി.പി.ഇ.പി യുടെ മൗലികാശയങ്ങളാണോ ? അല്ല. ബോധനശാസ്ത്രവിദ്യാർത്ഥികൾക്ക് ഇവ സുപരിചിതങ്ങളാണ്.

അലംഘനീയങ്ങളായ കേവലതത്ത്വങ്ങൾ പരമസത്യങ്ങളായി പരിഗണിക്കപ്പെട്ടുപോന്നിരുന്ന 'ആബ്സൊല്യൂട്ടിസ'ത്തിന്റെ കാലഘട്ടത്തിൽ, വിദ്യ ഒട്ടൊക്കെ

നിത്യജീവിതത്തിൽ നിന്ന് അകന്നാണു നിന്നിരുന്നതെന്നതിനാൽ, ബോധന സമ്പ്രദായവും വളരെ യാന്ത്രികവും സാമ്പ്രദായികവുമായിരുന്നു. ഗ്രന്ഥങ്ങളിലോ പണ്ഡിതന്മാരുടെ അന്തരംഗങ്ങളിലോ മാത്രം കുടികൊണ്ടിരുന്ന വിദ്യ, കൈമാറുന്ന പ്രക്രിയയിൽ അന്ന് ഗുരുവിനും പാഠങ്ങൾക്കും ചോദ്യം ചെയ്യാനാവാത്ത വിധം പരമൗന്നത്യം കല്പിക്കപ്പെട്ടിരുന്നത് സ്വാഭാവികം. കർക്കശമായ ചിട്ടകളും, മനഃപാഠത്തിലധിഷ്ഠിതമായ അഭ്യസനവും ക്ലേശകരമായ പരിശീലനവും ഉഗ്രമായ ദണ്ഡനമുറകളും എല്ലാം ചേർന്ന്, ഇന്നത്തെ നിലയുമായി തട്ടിച്ചു നോക്കിയാൽ അന്ന് പഠിതാവിന് വിദ്യാഭ്യാസം ഒരു പീഡനം തന്നെയായിരുന്നു. അങ്ങനെ കഷ്ടപ്പെട്ടു പഠിക്കുന്ന വിദ്യകൊണ്ടുള്ള ലക്ഷ്യങ്ങളും വ്യത്യസ്തമായിരുന്നു.

എന്നാൽ നവോത്ഥാനം സമ്പ്രദായങ്ങളെ കീഴ്മേൽ മറിച്ചു. രാജാധിപത്യത്തിന്റെ തകർച്ച, നൂറ്റാണ്ടുകളായി നിലനിന്നുപോന്ന സനാതന സമ്പ്രദായങ്ങളുടെയും തകർച്ചയായിരുന്നു. ആധുനിക ശാസ്ത്രവും ജനാധിപത്യവുമാണ് പകരം വന്നത്. സമൂഹത്തിൽ വ്യക്തിയുടെ പങ്കും പ്രാധാന്യവും അംഗീകരിക്കപ്പെടാൻ തുടങ്ങി. മാനവവാദ മൂല്യസങ്കല്പങ്ങൾ നിലവിൽ വന്നു. ആധുനിക വിദ്യ ജീവിതഗന്ധിയായി മാറി. ഔപചാരിക വിദ്യാഭ്യാസം ഒരാവശ്യമായി മാറി. അത് ന്യൂനപക്ഷത്തിൽനിന്ന് ജനങ്ങളിലേക്ക് നീങ്ങി. കേവലസത്യങ്ങളുടെ സ്ഥാനം ശാസ്ത്രീയസിദ്ധാന്തങ്ങൾ കൈയടക്കി. സ്വാഭാവികമായും സമൂലമായി മാറിയ ബോധന സമ്പ്രദായങ്ങളും ആവശ്യമായി വന്നു.

ഈ സാഹചര്യത്തിലാണ് 'പഠിതാവ്' ഒരു പ്രതിഭാസമെന്ന നിലയിൽ ശ്രദ്ധാകേന്ദ്രമായി മാറിയത്. "ആദ്യം നിങ്ങളുടെ വിദ്യാർത്ഥിയെ പഠിക്കുക" എന്നു പറഞ്ഞ റൂസ്സോ തുടങ്ങി പെസ്റ്റലോസി, ഹെർബർട്ട്, ഫ്രോബൽ എന്നീ നവോത്ഥാന വിദ്യാഭ്യാസ ചിന്തകരെല്ലാം, പഠിതാവിന്റെ പ്രാധാന്യം ബോധനസമ്പ്രദായത്തിൽ അംഗീകരിക്കുന്ന സിദ്ധാന്തങ്ങളും സമ്പ്രദായങ്ങളും പരീക്ഷിക്കുവാൻ തുടങ്ങി. സ്വാഭാവികമായ അന്തരീക്ഷത്തിൽ സ്വാനുഭവങ്ങൾക്കും പ്രവർത്തനങ്ങൾക്കും ഊന്നൽ നൽകുക, കുട്ടികളിൽ ഉറങ്ങിക്കിടക്കുന്ന സഹജശക്തികളെ വളർത്തുക, മനഃപാഠപീഡനം അവസാനിപ്പിക്കുക, സന്മാർഗ്ഗവിലക്കുകൾ കൊണ്ട് കൂച്ചുവിലങ്ങിടുന്ന സദാചാരബോധനം നിർത്തുക, നേരിട്ടുള്ള അനുഭവങ്ങളെ നിരീക്ഷിച്ചും അപഗ്രഥിച്ചും കൊണ്ടുള്ള സ്വയം പഠനത്തിന് അവസരമൊരുക്കുക, പഠനസന്നദ്ധതയും അന്വേഷണ ത്വരയും രൂപപ്പെടുത്തിയെടുക്കുക, വിദ്യാഭ്യാസം ആഹ്ലാദകരമായ ഒരനുഭൂതിയാക്കി മാറ്റുക എന്നിങ്ങനെയുള്ള ആധുനിക ധാരണകളെല്ലാം നവോത്ഥാന മുന്നേറ്റം കൊണ്ടുവന്നതാണ്. ഈശ്വര ചന്ദ്ര വിദ്യാസാഗർ, രവീന്ദ്രനാഥടാഗോർ എന്നിവർ ഇന്ത്യയിൽ ഈ മേഖലയിൽ കാര്യമായ സംഭാവനകൾ നൽകി.

ശിശുക്കളിൽ സഹജമായുള്ള ക്രീഡാതല്പരതയെ കണ്ടെത്തി, കളികളിലൂടെ പരിശീലനം നൽകുന്ന 'കിന്റർ ഗാർട്ടൻ' ഫ്രോബൽ ആവിഷ്ക്കരിച്ചു. പില്ക്കാലത്ത് മരിയ മോണ്ടിസ്സോറി തന്റേതായ ഒരു ശിശുവിദ്യാഭ്യാസ പദ്ധതി രൂപീകരിച്ചെടുത്തു.

പില്ക്കാലത്ത് വികസിച്ച മനഃശാസ്ത്രവിജ്ഞാനം ബോധനസമ്പ്രദായത്തിൽ കാതലായ മാറ്റങ്ങൾ വരുത്തി. ശിശുവിന്റെ മാനസിക വികാസവും മനോനിലയും ബോധനത്തിൽ പരിഗണനാവിഷയങ്ങളായി. ജീൻ പിയാഷെ, ബ്രൂണർ, ഗാഗ്നെ, അസുബൽ, സ്കിന്നർ എന്നിവർ ഈ മേഖലയിൽ കാര്യമായ സംഭാവനകൾ ചെയ്തു.

## ശിശുകേന്ദ്രീകൃത വിദ്യാഭ്യാസവും ഡി.പി.ഇ.പിയും

ശിശു കേന്ദ്രീകൃത വിദ്യാഭ്യാസത്തെക്കുറിച്ചുള്ള ആധുനികധാരണ അങ്ങനെ ക്രമേണ ഉരുത്തിരിഞ്ഞു വന്നിട്ടുള്ളതാണ്. അതിൽ അന്തർലീനമാണ് വിനോദാത്മകമായ രീതിയിൽ കളികളിലൂടെയുള്ള പഠനം, സ്വയം പഠനം, പ്രവൃത്ത്യുന്മുഖ പഠനം തുടങ്ങിയ ഉപാധികൾ. "എന്തു പഠിക്കുന്നു എന്നതിനേക്കാൾ എങ്ങനെ പഠിക്കുന്നു എന്നതാണു പ്രധാനം" എന്നത് ഡി.പി.ഇ.പി സിദ്ധാന്തം. പാഠപുസ്തകങ്ങളെന്ന പേരിൽ അബദ്ധപഞ്ചാംഗങ്ങൾ പടച്ചുവിട്ടാൽ അവയെ ന്യായീകരിക്കുവാൻ ഈ സിദ്ധാന്തം കൊള്ളാം. എന്നാൽ ശിശുകേന്ദ്രീകൃത സമീപനത്തിന്റെ അന്തഃസത്ത ഇപ്രകാരം തലതിരിഞ്ഞ സൂത്രവാക്യമായി മാറ്റിയാൽ ആ സമീപനം തന്നെ ശിശുവിരുദ്ധമായിത്തീരും. ബോധനതത്ത്വങ്ങളിൽ ശാസ്ത്രവികാസത്തിന്റെ ഗതിക്കനുസൃതമായി കാലംതോറും വികാസങ്ങളുണ്ടാകുന്നുണ്ട്. ഓരോ കാലത്തും ആവിഷ്കൃതമാകുന്ന നൂതനബോധനരീതികൾ പഠിക്കേണ്ട വിഷയത്തെ പഠിതാവിലെത്തിക്കാൻവേണ്ടിയാണ്. അതല്ലാതെ, വിഷയത്തെ കല്പിതമായ ഏതെങ്കിലും ബോധനരീതിയ്ക്കനുസരിച്ച് വികൃതമാക്കാനായുള്ളതല്ല. പാഠ്യവിഷയങ്ങളും കാലാനുസൃതമായി മാറുന്നുണ്ട്; എന്നാൽ മാറിവരുന്ന പാഠ്യവിഷയങ്ങളെ വിദ്യാർത്ഥിക്കു കൈമാറാൻ അനുയോജ്യമായ ബോധനരീതി വികസിപ്പിച്ചെടുക്കുക എന്നതായിരിക്കണം ലക്ഷ്യം.

പ്രാഥമിക വിദ്യാഭ്യാസത്തെ സംബന്ധിച്ചിടത്തോളം മേല്പറഞ്ഞ, തത്ത്വം അതീവനിഷ്കർഷയോടെ പാലിക്കേണ്ട ഒന്നാണ്. ചെറുപ്രായത്തിൽ വിജ്ഞാനത്തിന്റെ പ്രകാശരശ്മികൾ പതിച്ചിട്ടില്ലാത്ത ശിശുവിന്റെ മസ്തിഷ്ക്കത്തിൽ ആദ്യഘട്ടങ്ങളിൽ എന്തുചിത്രം വീഴുന്നു എന്നതും ഏതേതു ശീലങ്ങൾ —ഭാഷാശീലം, ഗണിതശീലം, ശാസ്ത്രശീലം, പെരുമാറ്റശീലം — പതിക്കുന്നു എന്നതും എങ്ങനെ അതു നടക്കുന്നു എന്നതുപോലെയോ അതിലുപരിയോ പ്രധാനമാണ്.

ബോധനരീതിയുടെ പേരിൽ കൗതുകകരങ്ങളായ സമ്പ്രദായങ്ങളുണ്ടാക്കുക

എന്നതിനേക്കാൾ ഭാഷാഗണിതം, സാമാന്യശാസ്ത്രം, അടിസ്ഥാനസദാചാര പാഠം എന്നിവ പ്രാഥമിക തലത്തിൽ ഉറയ്ക്കുന്നുണ്ടോ എന്നതാണു പ്രധാനം. പഴയ യാഥാസ്ഥിതിക സമ്പ്രദായത്തിൽ നിന്നു ഭിന്നമായി പഠിതാവിനെ പഠന പ്രക്രിയയുടെ പ്രധാനപ്പെട്ട ഒരു സ്ഥാനത്തു നിർത്തിക്കൊണ്ടുള്ള ബോധനസം വിധാനം തന്നെയാണ് വിശദാംശങ്ങളിൽ മാറ്റമുണ്ടായിരുന്നുവെങ്കിലും, തിരു ത്തേണ്ട ധാരാളം പോരായ്മകൾ ഉണ്ടായിരുന്നെങ്കിലും, നമ്മുടെ സംസ്ഥാനത്ത് ആധുനികവിദ്യാഭ്യാസത്തിൽ ഇതഃപര്യന്തം നിലനിന്നുപോന്നത്.

സിദ്ധാന്ത പ്രഘോഷണമാണ് ഡി.പി.ഇ.പി യുടെ മുഖ്യമായ പ്രചാരണോ പാധി. പക്ഷേ, ഡി.പി.ഇ.പി യുടെ വമ്പൻ തത്ത്വപ്രസംഗങ്ങൾക്കു നടുവിൽ നിന്നു വിളയാടുന്ന കുട്ടിയാരാണ്? അവൻ നമ്മുടെ സർക്കാർ സ്കൂളിൽ പഠിച്ചുവളരുന്ന നമുക്കു പരിചിതനായ പയ്യനല്ല. പിന്നയോ ? ഡി.പി.ഇ.പി ഏറ്റെടുത്തു താലോ ലിച്ചു വളർത്തുന്ന ഡി.പി.ഇ.പി പൈതൽ!

കളിയില്ലാഞ്ഞു കളമൊഴിയുന്ന ഡി.പി.ഇ.പി പൈതലിനെ കളിപ്പിച്ചു കളി പ്പിച്ചു സ്കൂളിലേക്കാനയിക്കുകയാണ് ഒരു ആരോമൽ തന്ത്രത്തിലൂടെ ഡി.പി.ഇ.പി. ഡി.പി.ഇ.പി പൈതൽ എന്നിട്ടും വഴങ്ങുന്നില്ല. അവനു മനഃപ്രയാസമാണ്. അവൻ പറയുന്നത് "ക്ലാസ്സുമുറിയിലും ഇങ്ങനെ കളിക്കാൻ കഴിഞ്ഞാൽ ഒരു *പക്ഷെ* സ്കൂളിൽ പോകുക രസമായിരിക്കും" എന്നാണ്. ക്ലാസ്സ്മുറിയിൽ ഇരുത്തികളി പ്പിച്ചാലും അവൻ അവിടെ ഇരുന്നോളും എന്ന ഉറപ്പ് ഡി.പി.ഇ.പിയ്ക്കില്ല. പിന്നെ എന്തുമാർഗ്ഗം ? പാഠപുസ്തകത്തിലും നിറയെ കളികളാക്കി. അദ്ധ്യാപകനും ഇറ ങ്ങികളിക്കാൻ തുടങ്ങി. കളി, കളി, സർവ്വത്ര കളി.

അങ്ങനെ ഡി.പി.ഇ.പി യുടെ പാഠ്യപദ്ധതിയിൽ വിനോദകേളീവിലോലനായ ഡി.പി.ഇ.പി പൈതൽ മാത്രമേയുള്ളൂ. അവൻ "ഒഴിഞ്ഞ പാത്രമല്ല", അവന് "അറിവുനേടുന്നതിനുള്ള അപാരമായ ശേഷിയുണ്ട്". എന്നാൽ "അന്വേഷണ കുതുകിയും" "കെട്ടുകഥാപ്രിയനുമായ" ഡി.പി.ഇ.പി പൈതൽ "അറിവ് സ്വയം നേടിക്കൊള്ളും."ആരും പഠിപ്പിയ്ക്കേണ്ട. "പ്രവൃത്തികളും അനുഭവങ്ങളും ഉണ്ടാ ക്കിക്കൊടുത്താൽ" മതി. പാഠപുസ്തകമോ? അതത്ര "പരിപാവന"മൊന്നുമല്ല. അദ്ധ്യാപകൻ ? ഡി.പി.ഇ.പി പൈതലിന്റെ "സുഹൃത്ത്", "സഹായി".

എന്നാൽ ശിശുകേന്ദ്രീകൃത പാഠ്യപദ്ധതിയുടെ നടുവിൽ നമ്മുടെ സാധാരണ സ്കൂളിലെ കുട്ടിയാണിരിക്കുന്നതെങ്കിൽ അവനാവശ്യമെന്താണ് ?

അവനും കളി ഇഷ്ടം തന്നെ. പ്രീ-പ്രൈമറിയിലോ അംഗൻവാടിയിലോ അത ല്ലെങ്കിൽ വീട്ടിലോ ധാരാളം കളിച്ചും കുറച്ചൊക്കെ പഠിച്ചും കഴിഞ്ഞാണ് അവൻ ക്ലാസ്സുമുറിയിലെത്തിയത്. മാതാപിതാക്കൾക്ക് അവനെ സ്കൂളിൽ വിടണമെന്ന

നിർബ്ബന്ധമുണ്ട്. അവനും ഒഴിഞ്ഞപാത്രമല്ല. അപാരമല്ലെങ്കിലും അറിവുനേടുന്നതിനുള്ള ശേഷിയും സ്വയം ആർജ്ജിക്കുവാനുള്ള വാസനയും അവനുണ്ട്. കഥ കേൾക്കാൻ അവനിഷ്ടം തന്നെ. എന്നാൽ അവന്റെ മാതാപിതാക്കൾ അവനെ സ്കൂളിലേയ്ക്കയയ്ക്കുന്നത് പഠിക്കാനാണ്. അവനെ പഠിപ്പിക്കാൻ അദ്ധ്യാപകനുണ്ടാകണം. പഠിക്കാൻ പാഠപുസ്തകവുമുണ്ടാകണം. അദ്ധ്യാപകൻ വെറുമൊരു ചങ്ങാതിയല്ല. കുട്ടിയുടെ പ്രാമാണിക ഗുരുവും രക്ഷാകർത്താവുമാണ്. കളിയിൽ നിന്ന് കാര്യത്തിലേക്കും ജീവിതത്തിലേക്കും കൈപിടിച്ചാനയിക്കുന്നവനാണ് അവന്റെ ഗുരുനാഥൻ. കളിയുടെ ലോകത്തുനിന്നും ആ പിഞ്ചുബാലനെ ആധുനികബോധന ശാസ്ത്രത്തിന്റെ വെളിച്ചത്തിൽ തന്മയത്വത്തോടെ അദ്ധ്യാപകൻ അറിവിന്റെ ലോകത്തേക്ക് കൊണ്ടുപോകുന്നു. കളിയും ചിരിയും കഥയുമെല്ലാം അദ്ധ്യാപകന് അതിനായുള്ള ഉപാധികൾ മാത്രമാണ്. ബോധനം അദ്ധ്യാപകനും വിദ്യാർത്ഥിയും തമ്മിലുള്ള ഒരു പരസ്പര പ്രക്രിയയാണ്. അദ്ധ്യാപകൻ തന്റെ ഓരോ കുട്ടിയിലും അറിവിന്റെയും സ്വഭാവശുദ്ധിയുടെയും തിരികൊളുത്തുന്നു. നല്ല അദ്ധ്യാപകന് തന്റെ കുട്ടിയെ നന്നായറിയാം. ഓരോ കുട്ടിയുടെ കാര്യത്തിലും എത്രമേൽ കളി, എത്രമേൽ കാര്യം എന്ന വിവേചനബോധത്തോടെ അദ്ദേഹം ബോധനം നടത്തുന്നു. "കളിയിലൂടെ പഠനം'' എന്ന, താണനിലയിൽ നിന്ന്, "കളിക്കുമ്പോൾ കളിക്കണം, പഠിക്കുമ്പോൾ പഠിക്കണം'' എന്ന ഉന്നതമായ ശിക്ഷണനിലയിലേക്ക് കുട്ടിയെ ഉയർത്തുക എന്നതാണ് അയാളുടെ ലക്ഷ്യം. കുട്ടി അങ്ങനെ തിരിച്ചറിവിലേക്കും വകതിരിവിലേക്കും നീങ്ങുന്നു. അതിനാൽ സാധാരണ സ്കൂൾ കുട്ടിക്ക് അദ്ധ്യാപകൻ ഒഴിവാക്കാനാവാത്ത ഘടകമാണ്.

എന്നാൽ നമ്മുടെ ഡി.പി.ഇ.പി പൈതലിന് അദ്ധ്യാപകൻ ക്ലാസ്സിലെ ഏകാധിപതിയാണ്. കയ്യിൽ ചൂരലുമായി കണ്ണുരുട്ടി വിരട്ടി തുടയിലെ തൊലിയെടുക്കുന്ന ഭീകരനാണ്. പൈതലിന് `സ്വയംപഠനത്തിനും' (Self- learning) തെറ്റുവരുത്തിയാൽ സ്വയം തിരുത്തുന്നതിനും ഉള്ള കഴിവുള്ളതിനാൽ അവൻ പഠിക്കുമ്പോൾ അദ്ധ്യാപകൻ ഇടയിൽ കയറി ശല്യം ചെയ്യരുത്. "നിങ്ങൾ പഠിപ്പിക്കുന്ന രീതിയിൽ എനിക്കു പഠിക്കാൻ കഴിയുന്നില്ലെങ്കിൽ എന്തുകൊണ്ട് ഞാൻ പഠിക്കുന്ന രീതിയിൽ നിങ്ങൾക്കെന്നെ പഠിപ്പിച്ചുകൂടാ ?'' *(കറുക, എന്റെ സ്വന്തം റ്റീച്ചിംഗ് മാന്വൽ, ഡി.പി.ഇ.പി പ്രസിദ്ധീകരണം)* എന്നാണ് ഡി.പി.ഇ.പി പൈതലിന്റെ ചോദ്യം. "പഠിക്കുമ്പോൾ കളിക്കുക; കളിക്കുമ്പോൾ പഠിക്കുക'' എന്നതാണ് ഡി.പി.ഇ.പി യുടെ ആപ്തവാക്യം. ഡി.പി.ഇ.പി പൈതൽ തന്റെ ചങ്ങാതിയായ അദ്ധ്യാപകനോടൊത്ത് കുഴലൂതുകയും ഗോലികളിക്കുകയും ആനപ്പുറത്തിരിക്കുകയും നുള്ളുകയും പിച്ചുകയും മാന്തുകയും വഴക്കിടുകയും ഒക്കെ ചെയ്യുന്നു. അദ്ധ്യാപകൻ തന്നെ മറ്റൊരു പൈതലായി മാറുന്നു. ഡി.പി.ഇ.പി പൈതലിനെ ദിനംപ്രതി കഥപറഞ്ഞു രസിപ്പിക്കുന്നു. പൈതലിനെന്തും പറയാം,

എന്തും ചെയ്യാം ശിക്ഷയില്ല, ശിക്ഷണമില്ല, പരീക്ഷയുമില്ല. എന്താനന്ദം — ഹാ!

## ഉദ്ഗ്രഥിത സമീപനം

കളിമാത്രമേയുള്ളോ, ഡി.പി.ഇ.പി യിൽ ? പഠനമൊട്ടുമില്ലേ ?

ഉണ്ട്

ഡി.പി.ഇ.പി പൈതലിനോട് ചങ്ങാതിസാറ് പറഞ്ഞുകൊടുക്കുന്ന കഥയിലാണ് ഭാഷയും കണക്കും പരിസര പഠനവുമെല്ലാം കുടികൊള്ളുന്നത്.

അതെങ്ങനെ ?

അതാണ് ഉദ്ഗ്രഥിത സമീപനം.

ഡി.പി.ഇ.പി പൈതൽ "ലോകത്തെക്കാണുന്നത് അതിന്റെ സമഗ്രതയിലാണ്". "കളിവീടുകെട്ടുന്ന" ഡി.പി.ഇ.പി പൈതൽ, "ഭാഷ, കണക്ക്, പരിസരപഠനം" എന്നീ വിഷയങ്ങളെ "സമന്വയിപ്പിച്ചാണത്" ചെയ്യുന്നത്. അവന്റെ "ആ സമഗ്രസമീപനത്തെ തകർക്കരുത്; ലോകത്തെ വേർപെടുത്തി അവതരിപ്പിക്കരുത്".

അതിനാൽ ഡി.പി.ഇ.പി യുടെ ഉദ്ഗ്രഥിത പദ്ധതിയിൽ ഭാഷാബോധനം എന്നൊന്നില്ല. ഗണിതബോധനവുമില്ല. പരിസരപഠനവുമില്ല. ഉള്ളത് ഇതെല്ലാം കൂട്ടിക്കുഴച്ച് കഥയുടെ കല്ക്കണ്ടം ചേർത്തുരുട്ടി ഡി.പി.ഇ.പി പൈതലിനു നൽകുന്ന മധുരമധുരമായ ഉദ്ഗ്രഥിതമോദകം!

എന്നാൽ നമ്മുടെ സാധാരണ സ്കൂൾ കുട്ടിയോ? അവൻ സാമാന്യമായാണ് ലോകത്തെ വീക്ഷിക്കുന്നത്; അല്ലാതെ "അതിന്റെ സമഗ്രത"യിലല്ല. അതിനെ സമഗ്രത എന്നു വിളിച്ചാൽ തന്നെ ആ സാമാന്യസമഗ്രതക്ക് പക്വതയില്ല. ശിശുസഹജമായ ഉദ്ഗ്രഥനമാണതു സൃഷ്ടിക്കുന്നത്. ലോകത്തെ അപഗ്രഥിച്ചു പഠിക്കുവാനുള്ള പരിശീലനമാണ് ഔപചാരിക വിദ്യാഭ്യാസത്തിൽ ആരംഭിക്കേണ്ടത്. അതാണു പില്ക്കാലത്ത് പക്വതയാർന്ന ഉദ്ഗ്രഥിത ചിന്തക്കും സമീപനത്തിനും കളമൊരുക്കുന്നതും. ശിശുസഹജമായ, അവ്യക്തവും സാമാന്യവും കൂട്ടിക്കുഴച്ചതുമായ സമീപനം ബോധനത്തിന്റെ കാര്യത്തിൽ സ്വീകരിക്കാനേ പാടില്ല. മാനവസമുദായത്തിന്റെ സഞ്ചിതമായ അറിവുകളുടെയെല്ലാം അടിത്തറയിൽ ആണ് ആധുനികവിദ്യാഭ്യാസം വർത്തിക്കുന്നത്. അവിടെ ആദിമമനുഷ്യന് ലോകത്തെ നോക്കിക്കണ്ടിരുന്ന ആ പ്രാകൃതസമീപനം ആധുനിക ശിശു ഇന്ന് സ്വീകരിക്കേണ്ടതില്ല. മനുഷ്യൻ യുഗങ്ങളിലൂടെയുള്ള തീക്ഷ്ണങ്ങളായ അനുഭവത്തിൽ നിന്ന് അപഗ്രഥനപ്രക്രിയ സ്വായത്തമാക്കി; അത് സമാഹരിച്ചെടുത്തു. ആ അനുഭവങ്ങളിലോരോന്നിലൂടെയും ഇന്നത്തെ കുട്ടി കടന്നുപോകേണ്ടതുമില്ല. യുഗങ്ങൾ നല്കിയ മനുഷ്യാനുഭവങ്ങളുടെ പാഠങ്ങൾ ഔപചാരിക വിദ്യാഭ്യാസത്തിലേക്കു കടക്കുന്ന

കുട്ടിക്ക് അവന്റെ അനൗപചാരിക ചുറ്റുപാടുകൾ നല്കുന്നുണ്ട്. അവൻ ഉൾപ്പെടുന്ന സമൂഹവുമായുള്ള പ്രതിപ്രവർത്തനത്തിലൂടെ നേടുന്ന സാമൂഹ്യവല്ക്കരണമാണ് അവനത് നല്കുന്നത്. ഔപചാരിക വിദ്യാഭ്യാസം ആദ്യം ചെയ്യേണ്ടത് ആധുനിക വിജ്ഞാനസമ്പാദനത്തിന്റെ അവശ്യോപാധികളായ ഭാഷയും ഗണിതവും അടിസ്ഥാനശാസ്ത്രവും കുട്ടിയിലേക്ക് സന്നിവേശിപ്പിക്കുക എന്നതാണ്. എന്നാൽ ഇവയോരോന്നും പഠിക്കാനുള്ള രീതികൾ വ്യത്യസ്തമാകയാൽ ഓരോന്നിനും സവിശേഷമായ മാർഗ്ഗങ്ങൾ സ്വീകരിക്കേണ്ടതുണ്ട്. കുട്ടിക്കുഴച്ചാൽ അവ പഠിക്കാനാകില്ല. ഇവയെ കളികളിൽകൂടി മാത്രം ഉറപ്പിച്ചെടുക്കാനുമാവില്ല. അതിനാൽ കളിവീട്പോലും സമഗ്രസമീപനത്തോടെ കെട്ടുകയും രസമില്ലെങ്കിൽ മനസ്സുമടുത്തു കലമ്പലുകൂട്ടുകയും ചെയ്യുന്ന ഡി.പി.ഇ.പി പൈതലിന് ഉദ്ഗ്രഥിത സമീപനമാകാം. എന്നാൽ ഭാഷയും കണക്കും സാമാന്യശാസ്ത്രവും ഉത്കൃഷ്ടമായ ഒരു മൂല്യസങ്കല്പം വളർത്തിയെടുത്തുകൊണ്ട് അഭ്യസിക്കുക എന്ന ലക്ഷ്യം മുന്നിലുള്ള സാധാരണ സ്കൂൾകുട്ടിക്ക് അതുവേണ്ട.

## ഭാഷയും ഡി.പി.ഇ.പിയും

അക്ഷരോച്ചാരക ഭാഷയാണ് മലയാളം. എന്തെഴുതുന്നോ അതുതന്നെ ഉച്ചരിക്കും. അക്ഷരമാല എഴുതിപ്പഠിച്ച് വാക്കിലേക്കും വാക്യങ്ങളിലേക്കും പോകുന്ന പഠന സമ്പ്രദായം സ്വാഭാവികമായി നമുക്കുണ്ടായിവന്നു. ശബ്ദോച്ചാരകഭാഷയാണ് ഇംഗ്ലീഷ്. പാശ്ചാത്യഭാഷാ പഠനരീതി അനുസരിച്ച് വാക്കിൽനിന്നും അക്ഷരത്തിലേക്കു വരാം. എന്നാൽ അക്ഷരപഠനം ഇവിടെയും നിർബന്ധമാണ്. കഴിഞ്ഞ അഞ്ചുപതിറ്റാണ്ടായി നമ്മുടെ സംസ്ഥാനത്തു നിലനിന്നുപോരുന്ന ഭാഷാപഠനരീതിയെന്താണ്? `ലളിതമായതിൽ നിന്ന് സങ്കീർണ്ണമായതിലേക്ക്' എന്ന തത്ത്വമനുസരിച്ച്, പദാവതരണത്തിലൂടെ, എഴുതാൻ എളുപ്പമായ അക്ഷരങ്ങൾ പഠിപ്പിച്ചുതുടങ്ങുന്ന രീതി നാം അവലംബിച്ചു. എന്നാൽ ഒന്നാം ക്ലാസ്സിൽ, വൈകാതെ തന്നെ, അക്ഷരമാലാക്രമത്തിൽ എല്ലാ അക്ഷരങ്ങളും ആവർത്തിച്ചുറപ്പിച്ചെടുക്കുന്ന പൗരസ്ത്യഭാഷാപഠനരീതി തന്നെയാണ് നമ്മൾ പിൻതുടർന്നുപോന്നത്. മാത്രമല്ല, വീടുകളിലും ആശാൻപള്ളിക്കൂടങ്ങളിലും പ്രീ–പ്രൈമറി കേന്ദ്രങ്ങളിലും അംഗൻവാടികളിലും വരെ സ്കൂളിൽ ചേരുന്നതിനു മുമ്പുതന്നെ കുട്ടികൾ അനായാസം ഇപ്രകാരം അക്ഷരം പഠിച്ചുപോരുകയും ചെയ്യുന്നു.

ഏതുരീതിയിൽ പഠിച്ചാലും ഒന്നാം ക്ലാസ്സുപൂർത്തിയാകുമ്പോൾ അക്ഷരമടിയുറച്ച് കുട്ടിക്ക് മലയാളഭാഷ എഴുതാനും വായിക്കാനുമുള്ള ശേഷി നേടിയെടുക്കുവാൻ കഴിയുമെന്ന് അനുഭവം സംശയാതീതമായി തെളിയിച്ചിട്ടുണ്ട്.

എന്നാൽ ഭാഷ പഠിക്കാൻ തെല്ലുപരിശ്രമം ആവശ്യമാണ്. അയത്നലളിതമല്ല അത്. അല്പം ക്ലേശമുണ്ട്. അതിന് പരിശീലനം ആവശ്യമാണ്, ശിക്ഷണം ആവശ്യമാണ്. ഒരു കുട്ടിക്കും സ്വയമേവ ഭാഷ പഠിക്കാൻ കഴിയില്ല. അദ്ധ്യാപ

കന്റെ പങ്ക് ഇതിൽ നിർണ്ണായകമാണ്. ക്ഷമയോടെ, തെറ്റുകൾ തിരുത്താൻ സഹായിച്ചുകൊണ്ട്, ഉച്ചാരണത്തിനും ലേഖനത്തിനും വേണ്ട അഭ്യാസമുറകൾ ക്രമാനുഗതമായി നൽകി കുട്ടിയെ അക്ഷരങ്ങളുടെ ലോകത്തേക്കും പിന്നീട് ഭാഷയുടെ ലോകത്തേക്കും കൊണ്ടുപോകുക എന്നത് വ്യക്തമായ ഉദ്ദേശ്യ ലക്ഷ്യങ്ങളും അതിനുള്ള ഉപാധികളും മുന്നിൽ കണ്ടുകൊണ്ട് അദ്ധ്യാപകൻ ചിട്ടയോടെ ചെയ്യേണ്ട ശ്രമകരമായ ജോലിയാണ്.

ശിശു, സാഹചര്യങ്ങളിൽ നിന്നു നേടുന്നത് സംസാരഭാഷ. സഹജപ്രേരണ കൊണ്ട് അവനതു നേടുന്നു. പ്രായോഗിക ജീവിതത്തിനതുമതി. എന്നാൽ സ്കൂളിൽ നിന്നു നേടുന്നത് അറിവിലേക്കുള്ള ഭാഷ. അതിന് അക്ഷരങ്ങളുണ്ട്. അക്ഷരം തെറ്റില്ലാതെ എഴുതി, തെറ്റില്ലാതെ വായിക്കുവാനുള്ള കഴിവ് ആർജ്ജിക്കാതെ കുട്ടിക്ക് അറിവിന്റെ ലോകത്തേക്ക് പ്രവേശിക്കാനാവില്ല.

നമ്മുടെ ഡി.പി.ഇ.പികുട്ടിക്ക് കളിയിൽ മാത്രമാണല്ലോ താല്പര്യം. അതിനാൽ അവന് അക്ഷരമെഴുതിവായിക്കുന്നതിൽ തീരെ രസമില്ല. പിന്നെ അവന് സ്വയം പഠിക്കാനുള്ള ശേഷികളുമുണ്ട്. അവന്റെ അക്ഷരാഭ്യസനത്തിൽ അദ്ധ്യാപകൻ ഇടപെടരുത്. തെറ്റുപറ്റിയാൽ അവൻ തനിയെ തിരുത്തും. അദ്ധ്യാപകൻ അത്ഭുതകരമായ കഥകൾ പറയണം. ആ കഥയുടെ മായാപ്രപഞ്ചത്തിൽ നിന്ന് ഡി.പി.ഇ.പി പൈതൽ ചില അക്കങ്ങളോടൊപ്പം അവനിഷ്ടമുള്ള കുറെ അക്ഷരങ്ങളും പെറുക്കിയെടുക്കും.. എന്നിട്ട് അതുകൊണ്ടമ്മാനമാടും. നാലാം ക്ലാസ്സു വരെ എത്തിയാലും അക്ഷരമാലാക്രമത്തിൽ മുഴുവൻ അക്ഷരങ്ങളും നിരത്താനവനോടുപറഞ്ഞാൽ പഠനം അവന് വിരസമായിപ്പോകും. ഡി.പി.ഇ.പി പൈതൽ ആർജ്ജിക്കുന്ന മറ്റൊരു മാന്ത്രികശേഷി അക്ഷരം എഴുതാൻ പഠിക്കാതെ വായിക്കാൻ പഠിക്കും എന്നതാണ്. ഡി.പി.ഇ.പി സിദ്ധാന്തം കേൾക്കുക : *"കുട്ടി വായിക്കുന്നത് അതിലെ ആശയത്തെയാണ്. കേവലം അക്ഷരങ്ങളെയോ പദങ്ങളെയോ അല്ല. വായന മിക്കവാറും പ്രവചനമാണ്. പദങ്ങളിലോ വാക്യങ്ങളിലോ അടങ്ങിയ ആശയം ഇന്നതായിരിക്കുമെന്ന് ഊഹിച്ചുകൊണ്ടാണ് കുട്ടി വായിക്കുന്നത്." (അദ്ധ്യാപകസഹായി പേജ് 24, കിങ്ങിണി 3).* സംയുക്തവായന, `അയ്യോ തെറ്റി' വായന `ഛെ, ഛെ' വായന, ഗ്രൂപ്പുവായന എന്നിങ്ങനെ വായനയുടെ നൂതനരീതികൾ അത് കാട്ടിതരുന്നു. *``കുട്ടികൾ അവരുടെ സ്വന്തമായ ലേഖനരീതിയും അവർക്ക് സ്വയം ദീക്ഷിക്കാൻ പറ്റിയ ഒരു ലേഖനനിയമവും ഉണ്ടാക്കാൻ ആഗ്രഹിക്കുന്നവരാണ്. അവരുടെ സ്വന്തമായ രീതിയും നിയമവും പരീക്ഷണത്തിലൂടെ രൂപീകരിക്കാൻ അവർക്ക് അവസരം കിട്ടണം..... കോപ്പിയെഴുതുമ്പോൾ കുട്ടിയനുഭവിക്കുന്ന വിഷമം ലേഖനപ്രക്രിയയോട് വെറുപ്പുളവാക്കും."* എന്ന പുത്തൻ എഴുത്തു സിദ്ധാന്തവും അതിൽ സൃഷ്ടിക്കപ്പെട്ടിട്ടുണ്ട്.

എന്നാൽ നമ്മുടെ പാവം സാധാരണ സ്കൂൾകുട്ടിക്കുവേണ്ടത് ചിട്ടയായ ഭാഷാപഠനം തന്നെ. ഒന്നാം ക്ലാസ്സിൽ വച്ചുതന്നെ അവന് അക്ഷരങ്ങളെല്ലാം

എഴുതാനും വായിക്കാനും വാക്കുകളും വാക്യങ്ങളുമുണ്ടാക്കുവാനും, എഴുതുന്നതുച്ചരിക്കുവാനും ഉച്ചരിക്കുന്നതെഴുതുവാനും ഉള്ള ശിക്ഷണം ലഭിച്ചിരിക്കണം. കോപ്പിയെഴുത്തും, കേട്ടെഴുത്തും, പദ്യംചൊല്ലലും മനഃപാഠമാക്കലും, ഗദ്യം വായിക്കലുമെല്ലാം അവനാവശ്യമാണ്. അതിന് അവന് അദ്ധ്യാപകന്റെ സ്നേഹമസൃണമായ പ്രേരണയും ക്രമം തെറ്റിക്കാതെയുള്ള പരിശീലനവും വേണം.

പഠിപ്പിക്കേണ്ട ഭാഷ പ്രൗഢഭാഷയാണ് (മാനകഭാഷ – Standard language), ഭാഷാ ഭേദങ്ങളല്ല. ഭാഷാഭേദംകൊണ്ട് ദൈനംദിന വ്യവഹാരങ്ങൾ നടത്താം, എന്നാൽ അറിവിന്റെ ഭാഷ പ്രൗഢഭാഷയാണ്. കുട്ടിക്ക് സഹജമായി ലഭിക്കുന്ന പ്രാദേശികഭാഷാ ശീലം മാറ്റി പ്രൗഢഭാഷ അഭ്യസിപ്പിക്കുക എന്നതാണ് ഭാഷാധ്യാപകൻ ചെയ്യേണ്ടത്.

ഡി.പി.ഇ.പി പൈതലിന് പെട്ടെന്ന് ബോറടിക്കുമെന്നതുകൊണ്ട് പ്രൗഢഭാഷ പഠിക്കാനൊന്നും അവനുവയ്യ. അവന് അവന്റെ ഭാഷ മതി. എന്നാൽ സാധാരണ സ്കൂൾകുട്ടി പഠിക്കേണ്ടത് പ്രൗഢഭാഷതന്നെയാണ്.

ലളിതമായ മഹത് പദ്യഭാഗങ്ങൾ ഭാഷാപാഠങ്ങളായി അവതരിപ്പിക്കേണ്ടതും അവ ചൊല്ലിപ്പഠിപ്പിക്കേണ്ടതും ഭാഷാപഠനത്തിൽ വളരെ ഫലപ്രദമായ ഉപാധികളാണെന്ന് അനുഭവം തെളിയിച്ചിട്ടുണ്ട്. ആശയസ്പഷ്ടതയവകാശപ്പെട്ടുകൊണ്ട് അശിക്ഷിതർ നിർമ്മിക്കുന്ന വിലക്ഷണഗാനങ്ങളേക്കാൾ ആശയസൗന്ദര്യങ്ങളാൽ സമ്പുഷ്ടവും സ്ഥിരപ്രതിഷ്ഠങ്ങളുമായ കവിതാശകലങ്ങളാണ് അഭികാമ്യം. ഭാഗ്യവശാൽ തുഞ്ചനും കുഞ്ചനും തുടങ്ങി ആധുനിക കവിത്രയമുൾപ്പെടെ മലയാളത്തിന്റെ അഭിമാനമായി വലിയൊരു കവിനിരതന്നെ നമുക്കുണ്ട്. കുട്ടികൾക്കു യോജിച്ച പദ്യങ്ങളും അവരുടേതായുണ്ട്. മനഃപാഠം ഭാഷാപഠനത്തിൽ അവശ്യം വേണ്ട ഒരു അഭ്യാസമാകേണ്ടതാണ്.

കഥാകഥനത്തിലൂടെയുള്ള ഭാഷാബോധനത്തെ സംബന്ധിച്ചിടത്തോളം അക്ഷരവും വാക്കും പഠിപ്പിക്കുക എന്നതു മാത്രമല്ല അതിന്റെ ലക്ഷ്യം. അത് കുട്ടിക്ക് സുഗമചിന്തക്കുള്ള വഴി ഒരുക്കുന്നതാകണം. സദാചാര–ധർമ്മ വിചാരങ്ങൾ വളർത്തിയെടുക്കുന്നതിൽ ഇതിനു വലിയ പങ്കുണ്ട്. നമ്മുടെ നാട്ടിൽ പ്രചരിച്ചിട്ടുള്ള കച്ചവടോദ്ദേശത്തോടെയുള്ള ബാലമാസികകൾക്ക് ഒരിക്കലും ബോധനോപകരണങ്ങളാവാൻ പറ്റില്ല. അവ വായിക്കുന്നതിലൂടെ കുട്ടികൾക്ക് ശരിയായ ഭാഷാബോധവും ഉണ്ടാകില്ല.

ഡി.പി.ഇ.പി പൈതൽ ഒഴിഞ്ഞപാത്രമല്ലല്ലോ. അവൻ നിറയെ ഭാഷാജ്ഞാനവുമായാണ് സ്കൂളിലെത്തുന്നത്. അവൻ സംസാരിക്കുന്ന നാട്ടുഭാഷതന്നെ അവനു പഠിക്കണം. പ്രൗഢഭാഷ പഠിക്കാൻ എന്തുകഷ്ടപ്പാടാണ്! പെട്ടെന്ന് മടുക്കും. പിന്നെ മഹാകവികളുടെ കവിതയോ ? അർത്ഥമറിയാതെ കാണാപ്പാഠം പഠിക്കുന്നതിലർത്ഥമുണ്ടോ? അർത്ഥം മനസ്സിലാകുമ്പോൾ തനിയെ പഠിച്ചു

കൊള്ളും. അല്ലെങ്കിൽതന്നെ കവിതപഠിക്കുന്നതെന്തിനാണ്? ഡി.പി.ഇ.പിപൈതൽ സ്വന്തമായി കവിതരചിക്കുന്നവനാണല്ലോ. അവൻ മുതിർന്നവരേക്കാൾ നന്നായി കവിത രചിക്കും! പാരഡി എഴുത്തും ശീലിക്കാനായി അവനോടാവശ്യപ്പെട്ടിരിക്കുന്നു *(അദ്ധ്യാപക സഹായി – കിങ്ങിണി 3).*

## ഗണിതം

ഗണിതം ദൈനംദിന ജീവിതത്തിന് പ്രയോജനപ്പെടുന്നു എന്നത് അതിന്റെ ഉപയോഗമൂല്യങ്ങളിൽ ഒന്നുമാത്രം. വിജ്ഞാന സമ്പാദനത്തിലും ഒരുവന്റെ ചിന്താശേഷിയും യുക്തിബോധവും വളർത്തുന്നതിലും ഗണിതം പ്രധാന പങ്കുവഹിക്കുന്നു. ചിട്ട, അപഗ്രഥനാത്മകത, കൃത്യത, കൃത്യനിഷ്ഠ, സൂക്ഷ്മത, സാംക്ഷിപ്തത, പ്രവൃത്തിശീലം, പ്രശ്നങ്ങൾ കൈകാര്യം ചെയ്യാനുള്ള ശേഷി, ന്യായബോധം തുടങ്ങിയ മൂല്യങ്ങൾ നേടിയെടുക്കാൻ ഗണിതപഠനം അനുപേക്ഷണീയമാണ്.

ഗണിതത്തിന്റെ പാഠ്യക്രമം യുക്തിഭദ്രവും ശാസ്ത്രീയവും ക്രമാനുഗതമായി ചിട്ടപ്പെടുത്തിയതുമാകണം. കളികളിലൂടെ മാത്രം ഗണിതബോധമുണ്ടാവില്ല. കളികൾക്ക്, സഹായകം എന്ന പങ്ക് വഹിക്കാൻ കഴിയുമെന്നേയുള്ളു. പരിശീലനം ഇവിടെയും പരമപ്രധാനമാണ്. അടിസ്ഥാനഗണിതം ഉറപ്പിക്കുക എന്നതാണ് പ്രാഥമികതലത്തിൽ ബോധനത്തിന്റെ ലക്ഷ്യം. അതിന് ചിട്ടയായ അഭ്യാസങ്ങൾ ആവശ്യമാണ്. സുവ്യക്തമായ സംഖ്യാബോധവും ചതുഷ്ക്രിയകളിലുള്ള പരിശീലനവും കുട്ടിക്കു നൽകേണ്ടതുണ്ട്. മനഃപാഠം പഠിക്കുക എന്നത് ഈ ഘട്ടത്തിൽ വളരെ പ്രധാനപ്പെട്ട ഒരു പഠനോപാധിയാണ്. ഇതെല്ലാമടങ്ങുന്ന ഒരു ബോധനമാണ് നമ്മുടെ സാധാരണ സ്കൂൾകുട്ടിക്കു വേണ്ടത്.

എന്നാൽ ഡി.പി.ഇ.പിപൈതലിന് കണക്ക് ആകപ്പാടെ പൊല്ലാപ്പാണ്. ഒന്നാം ക്ലാസ്സിൽ അവൻ ഒന്നുമുതൽ ഇരുപതുവരെ മാത്രമേ എണ്ണം പഠിക്കൂ. കൂടുതൽ പഠിച്ചാൽ അവനതു വലിയ ഭാരമാകും. പിന്നീട് രസിപ്പിച്ചു പഠിപ്പിക്കാനായി ഒന്നുമുതൽ നാലുവരെ പുസ്തകങ്ങളിലുടനീളം കണക്കിന്റെ കളിയാണ്. കണക്കു പഠിപ്പിക്കാനായി ഡി.പി.ഇ.പി കണ്ടുപിടിച്ചിരിക്കുന്ന കളികൾതന്നെ പൈതലിനു ഭാരമാണ്. എന്തായാലും ``ഠോ'' കളിച്ച് നാലിലെത്തുന്ന ഡി.പി.ഇ.പിപൈതൽ സങ്കലന-ഗുണനപ്പട്ടികകളൊന്നും അഭ്യസിക്കേണ്ടതില്ല. കണക്കുകൂട്ടുന്ന യന്ത്രത്തെ (കാൽക്കുലേറ്റർ) ക്കുറിച്ചുള്ള അറിവുമായി പൈതൽ പ്രാഥമിക പഠനമവസാനിപ്പിക്കുന്നു.

## പാഠപുസ്തകമെന്ന മാന്ത്രിക ഗുഹ

ഒന്നാം ക്ലാസ്സിലേക്കുള്ള പൂത്തിരിപുസ്തകം: പുറംചട്ടയിൽ, വിമാനത്തുമ്പിയുടെ പുറത്തുകയറി യാത്രചെയ്യുന്ന ഡി.പി.ഇ.പിപൈതലും കൂട്ടുകാരനും. അവർ അത്യാഹ്ലാദത്തോടെ, താഴെ സർക്കാർ സ്കൂളിന്റെ മുറ്റത്തുനിന്ന് മേലോ

ട്ടുനോക്കി അത്ഭുതം കൂറുന്ന കുട്ടികളെ നോക്കി പറന്നുപോകുന്നു. പിന്നാലെ വേറെയും വിമാനത്തുമ്പികൾ. പുസ്തകം തുറക്കുമ്പോൾ ആദ്യത്തെ പേജിൽ ആനയും ആമയും.

ആനവരുന്നു ആനവരുന്നു
വമ്പൻപാറ നടന്നുവരുന്നു
തത്തക്കം പിത്തക്കം ആനവരുന്നു.

ആമ വരുന്നു ആമ വരുന്നു
കുഞ്ഞൻപാറ നടന്നുവരുന്നു
തതരം പിതരം ആമ വരുന്നു.

`തറ', `പറ' യോടു വിടപറയുന്ന ഡി.പി.ഇ.പി പൈതലിന്റെ ഭാവന ആദ്യത്തെ പേജിൽ തന്നെ ചിറകുവിരിച്ചു തുടങ്ങി. ഉപമാലങ്കാരത്തിൽ ശബ്ദഘോഷത്തോടെയുള്ള ആനയുടെയും ആമയുടെയും വരവ് ഡി.പി.ഇ.പി പൈതലിൽ ഉറങ്ങിക്കിടക്കുന്ന കവിത്വത്തെ ഉണർത്തിക്കഴിഞ്ഞു. എന്നാൽ സാധാരണ സ്കൂൾകുട്ടി അക്ഷരത്തെക്കളഞ്ഞ് പാഠപുസ്തകമെന്ന വിഭ്രമലോകത്തേക്കാണു പോകുന്നത്. പൂച്ചവണ്ടിയിൽ കയറി യാത്രചെയ്യുന്ന ആമയും തത്തയും എലിയും. അതിൽ ആന കയറിയാൽ എന്തു സംഭവിക്കുന്നു എന്നതിന്റെ ചിത്രം. ആമ പൊട്ടിച്ചിരിക്കുന്നു. മത്തങ്ങയിൽ കയറിയ മുത്തശ്ശി, പുലി, നരി, സിംഹം, ചെന്നായ് എന്നിവരെ കബളിപ്പിച്ച് ഉരുണ്ടുയാത്ര ചെയ്യുന്നു. തുടർന്ന് ഈസോപ്പുകഥകളിലെ മുന്തിരിക്കുറുക്കൻ. അവന് മുന്തിരിങ്ങ പുളിക്കുന്നില്ലെന്നു മാത്രം. പകരം രണ്ടു ചങ്ങാതിക്കുറുക്കന്മാരെക്കൂടി തോളിൽക്കയറ്റി മുന്തിരിങ്ങ പറിച്ചുതിന്നുന്നു. ``ഒത്തുപിടിച്ചാൽ മലയും പോരും'' എന്ന ഗുണപാഠം. പിന്നാലെ, ആലിൽ തൂങ്ങി പട്ടംതട്ടി ശബ്ദമുണ്ടാക്കുന്ന ചെണ്ട —``ഡുണ്ടറഡും, ഡുണ്ടറഡും''. മത്സരിച്ചോടുന്ന മുയലിനേയും ആമയെയും തവളയെയും നോക്കി നക്ഷത്രമെണ്ണുന്ന എലിയും പന്നിയും മറ്റും. തക്കിട മുത്തശ്ശിയും തരികിട കുട്ടികളുമായിച്ചേർന്ന് ചാക്കിൽ കഥകൾ നിറക്കുന്നു.

രണ്ടിൽ പൂത്തിരി തുടങ്ങുന്നത് ``കുടു കുടു, കുടു കുടു''വോടുകൂടിയാണ്. സംഭവം ഇടിയും മഴയുമാണ്. മാനത്തച്ഛൻ പത്തായത്തിൽ തേങ്ങ പെറുക്കിയിടുന്നത് ഇടി. മാനത്തച്ഛൻ വീട്ടിൽ പോകാൻ ചൂട്ടും കെട്ടി നടക്കുന്നത് മിന്നൽ. മാനത്തച്ഛൻ തോട്ടം വെള്ളം കോരി നനക്കുന്നത് മഴ. ഭാഷാലങ്കാരങ്ങളുടെ വെള്ളിത്തേരിലേറി ഡി.പി.ഇ.പി പൈതൽ ശാസ്ത്രവസ്തുതകളിലേക്ക് കുതിക്കുകയാണ്. സൂര്യന്റെ പുത്രിമാർ ഏഴ്. പൈതൽ പേരു പറയണം. തുടർന്ന് മണിക്കിടാവിന്റെ സങ്കടം. മയിൽപ്പീലിവാലും മുയലിന്റെചെവിയും, മാനിന്റെ കൊമ്പും ആനയുടെ തുമ്പിക്കയ്യും ശരീരത്തിൽച്ചേർത്ത് രൂപം മാറിയതാണ് കാരണം. ഈ ഉദ്ഗ്രഥിത ജീവിയെ കണ്ടപ്പോൾ ആനക്കെന്തു തോന്നിക്കാണുമെന്ന് പൈതലിനോട് ചോദ്യം.

സുന്ദരിപ്പൂവിറുക്കാൻ പോയ രാജകുമാരിയും തോഴിമാരും ചെടികളായി മാറി

യതാണ് അടുത്ത കഥ. തുടർന്ന് മുല്ലപ്പൂ ചൂടി നില്ക്കുന്ന കഴുതയുടെ ചിത്രം. പൈതൽ അതു കണ്ട് ``സുഗന്ധം'' എന്ന വാക്കുചേർത്ത വാക്യങ്ങൾ എഴുതണം.

പിന്നെ തൊണ്ണൂറുവാലുള്ള അണ്ണാറക്കണ്ണൻ.

തുടർന്ന് കൃഷി.

കുറുക്കന്റെ കല്യാണം പെരുമഴമൂലം മുടങ്ങിയ കഥയാണ് അടുത്തത്. സദ്യക്കിരുന്ന മൃഗങ്ങൾ എന്തൊക്കെപ്പറഞ്ഞിട്ടുണ്ടാകണം എന്നതിനും, മുമ്പ് ഇതുപോലെ കുറുക്കന്റെ കല്യാണം മുടങ്ങാനുള്ള കാരണങ്ങൾ ഏവ എന്നതിനും പൈതൽ സമാധാനം പറയണം. കുട്ടൻവൈദ്യരുടെ മാന്ത്രികചികിത്സയിലൂടെ ഗണിതത്തിന്റെ മന്ത്രങ്ങൾ പഠിക്കുന്ന പൈതൽ പിന്നീടുപഠിക്കുന്നത് കുഞ്ഞിക്കുറുക്കന്റെ ബരുത്തവും അതിനുള്ള ബൈദ്യവുമാണ്. തുടർന്ന് പർപ്പടകം മോഷ്ടിക്കാൻ വന്ന ചന്ദ്രന്റെ മുഖത്ത് മുത്തശ്ശി ചട്ടുകം കൊണ്ട് അടിച്ചതിനാൽ ഉണ്ടായ പാടും മേലോട്ടുപാഞ്ഞ ആകാശവും. പിന്നെ ചായയടിക്കുന്നതെങ്ങനെ എന്ന് പൈതൽ കുഞ്ഞിരാമനെ പഠിപ്പിക്കുന്നു. വേഷം മാറിവരുന്ന പോത്തിനെ മലർത്തിയടിക്കുന്ന ചേകവർ തന്ത്രവും അഭ്യസിപ്പിച്ചുകൊണ്ട് പഠനം മുന്നേറുന്നു.

കുരുവിയുടെ ഭക്ഷണം കഴിച്ച് ചെറുതായിപ്പോയ ആന മാന്ത്രികപ്പഴം കഴിച്ചു വീണ്ടും വലുതാകുന്ന വിഭ്രമജനകമായ കഥയോടെയാണ് `മധുരം മലയാള'മായ മൂന്നാം ക്ലാസ്സിലെ കിങ്ങിണിയുടെ തുടക്കം. തുടർന്ന്, വട്ടത്തിൽ കുഴികുത്തി നീളത്തിൽ തടമിട്ട്, പാകി, നുള്ളി, വന്നങ്ങ കൊത്തിയെറക്കി, വച്ച്, കൂട്ടുന്ന ചെഞ്ചീരയെക്കുറിച്ചും ചീരക്കൃഷിയെക്കുറിച്ചുമുണ്ട് പാട്ട് — നാടൻശീലിൽ. പിന്നീട് കൊമ്പുമുളച്ച സിംഹം, അതുകളയ്ാനുള്ള എല്ലാ ശ്രമവും വിഫലമായപ്പോൾ മുടി വളർത്തിയ രഹസ്യം വെളിവാക്കുന്ന കഥ. ചങ്ങാതിക്ക് കൊമ്പും വാലും തുമ്പിക്കയ്യും മുളച്ചാൽ എന്തു ചെയ്യുമെന്ന ചോദ്യവും, കൊമ്പുമുളച്ച ചങ്ങാതിമാരുടെ ചിത്രം വരക്കാനുള്ള സ്ഥലവും. ആകാശം പൊട്ടിവീണതറിഞ്ഞ് പരക്കം പായുന്ന ജന്തുക്കളുടെ കഥക്കുശേഷം, ആകാശം പൊട്ടിവീണ വാർത്തകേട്ടാൽ നിങ്ങളെന്തുചെയ്യുമെന്ന് പൈതലിനോടു ചോദ്യം. മുട്ടക്ക് അടയിരിക്കുന്നതെങ്ങനെ എന്ന് അഭിനയിച്ചുകാണിക്കാമോ എന്ന് തുടർന്നുള്ള ഭാഗത്തും.

കണ്ടും കേട്ടും മണത്തും രുചിച്ചും സ്വയം അറിയുന്ന കവിതയിലാരംഭിച്ച്, രണ്ട് പൂച്ചകൾ തമ്മിൽ കടിപിടികൂടുന്ന ശബ്ദമുണ്ടാക്കാനാവശ്യപ്പെട്ടുകൊണ്ടാണ് നാലാം ക്ലാസ്സിലെ `മലയാള'ത്തിന്റെ `മധുര'മായ പുറപ്പാട്. ആരും പരസ്പരം മിണ്ടാത്ത കുശലപുരത്തിലൂടെ പൈതൽ പാവനിർമ്മാണത്തിലേക്ക്. നാഗരാജനെ കബളിപ്പിച്ച് മാണിക്യം തട്ടിയ ഞണ്ടും, ഞണ്ടിൽ നിന്ന് അതു തട്ടിയെടുത്ത കുറുക്കനും. കാക്ക കുറുക്കനെ പറ്റിച്ച് അത്ഭുതമാണിക്യം തട്ടിയെടുത്തതെങ്ങനെ എന്ന ചോദ്യം. ഉണ്ണിക്കുട്ടന് സ്വപ്നത്തിൽകിട്ടിയ മാന്ത്രിക പെൻസിൽ. പൂച്ചപ്പുരാണം, ചെറുങ്ങോരന്റെ തെങ്ങുകയറ്റം. തന്തത്തെങ്ങും ചെറുങ്ങോരനും

വാശിപിടിച്ചാൽ എന്തുസംഭവിക്കും? വടംവലിയിൽ ആമയോടുതോറ്റു മൂടിടിച്ചു വീഴുന്ന ആന. ഉറങ്ങുന്ന സുന്ദരിയെ തട്ടിയെടുത്ത മന്ത്രവാദിനികളെ അത്ഭുത വിദ്യകളിലൂടെ വധിച്ച് അവളെ സ്വന്തമാക്കുന്ന രാജകുമാരൻ. രാജകുമാരനും കുമാരിയും മാലാഖമാരും ഏവരും ചേർന്നുണ്ടാക്കുന്ന സന്തോഷാരവത്തിൽ പങ്കുചേരുന്ന പൈതൽ.....

ഡി.പി.ഇ.പി പൈതൽ വിമാനത്തുമ്പിയിൽ
ഭാവനാമേഘങ്ങൾക്കിടയിലൂടെ
ചെത്തിപ്പറക്കുകയാണ്.....

## ഭാവന

ശിശുമനസ്സിന്റെ ഭാവനാശേഷിയെ, വിദ്യ അഭ്യസിപ്പിക്കുന്നതിൽ ഉപയോഗപ്പെടുത്താൻ കഴിയണം എന്നതു സത്യം. എന്നാൽ, മറിച്ച്, അവന്റെ ഭാവനയെ നല്ല വിദ്യാഭ്യാസത്തിനു ചിട്ടപ്പെടുത്താനും കഴിയണം. സദ്ഭാവനകളെ ഉണർത്തി വളർത്തുന്നതാകണം വിദ്യാഭ്യാസം — തെറ്റായ ഭാവനകളെ നിരുത്സാഹപ്പെടുത്തുന്നതും.

യുക്തിരഹിതമായ വിഭ്രമങ്ങളെ അല്ല ഭാവന എന്നു വിളിക്കുന്നത്. ഭാവനയിൽ കൂടി മാത്രം അറിവുണ്ടാകുന്നില്ല. അറിവിന്റെ അടിത്തറയിൽ ഭാവനയുണ്ടാകുന്നു എന്നതാണു സത്യം. മഹാകവി പാലാനാരായണൻനായർ പറഞ്ഞതു ശ്രദ്ധിക്കുക. ``കുട്ടികളിൽ ഭാവന ഉറങ്ങിക്കിടക്കുന്നുവെന്നും കളികളിലൂടെയുള്ള ഈ പുതിയവിദ്യാഭ്യാസം ഭാവനയെ തട്ടിയുണർത്തുമെന്നുമുള്ള വാദം പൊള്ളയാണ്. തെളിഞ്ഞ ശുദ്ധമായ നീരുറവയുണ്ടാകണമെങ്കിൽ, ധാരാളമായി പെയ്ത മഴയെ ഉള്ളിൽ ദീർഘകാലം പേറാനാകണം. ഉത്തമമായ ഭാവനയുണ്ടാകണമെങ്കിൽ അറിവിന്റെ ഖനിയുണ്ടായിരിക്കണം. ഖനനം ചെയ്തെടുക്കുന്ന സ്വർണ്ണം ശുദ്ധീകരിച്ച് മനോഹരങ്ങളായ ഡിസൈനുകളിൽ ആഭരണങ്ങളാക്കി മാറ്റുന്നതു പോലെയാണ് സൃഷ്ടികളും. ഇതു നമ്മുടെ മനോവ്യാപാരത്തെ ആശ്രയിച്ചിരിക്കുന്നു. ധാരാളമായി കരുതൽശേഖരമുണ്ടെങ്കിലേ ആവശ്യാനുസരണം എടുത്തുപയോഗിക്കുവാനാകൂ.''

ആധുനിക വിദ്യാഭ്യാസ മനഃശാസ്ത്രം കുട്ടിയുടെ ഭാവനാശേഷിയെ അതിന്റെ വികാസപരിണാമത്തിൽ വിശകലനം ചെയ്ത് ഓരോ ഘട്ടത്തിലും വിദ്യ അഭ്യസിപ്പിക്കുന്നതിൽ അതിനെ എങ്ങനെ ഉപയോഗപ്പെടുത്തണമെന്നു ഗണിച്ചിട്ടുണ്ട്. സൂക്ഷ്മതയോടെ ചെയ്യേണ്ട കാര്യമാണത്.

ജീൻ പിയാഷേയുടെ നിരീക്ഷണങ്ങൾ ശ്രദ്ധിക്കുക. ശിശുവിന്റെ മാനസിക വികാസത്തിന്റെ *പ്രീ-ഓപ്പറേഷനൽ ഘട്ടത്തെ* (2 വയസ്സുമുതൽ 7 വയസ്സുവരെ) കുറിച്ച് പിയാഷേ പറയുന്നു: ചുറ്റുപാടുമുള്ള എല്ലാറ്റിനെയും കുറിച്ച് പൊതു

വായ ധാരണകൾ കുട്ടി രൂപീകരിക്കുന്ന ഘട്ടമാണിത്. കുട്ടി കാണുന്നതും കേൾക്കുന്നതുമായ എല്ലാ വസ്തുക്കളെക്കുറിച്ചും ധാരണകളുണ്ടാക്കുന്നു. വസ്തുനിഷ്ഠമായ ധാരണകളായിരിക്കും അവനുണ്ടാകുന്നത്. അതിനാൽ വസ്തുനിഷ്ഠവും സത്യസന്ധവുമായ കാര്യങ്ങളാണ് അവന് ഈ ഘട്ടത്തിൽ പ്രദാനം ചെയ്യേണ്ടത്. ഭാവനയെ ഉത്തേജിപ്പിക്കുന്നതും അതേസമയം സത്യസന്ധവുമായ കാര്യങ്ങൾ പഠിപ്പിക്കണം. ഈ സമയത്തുണ്ടാകുന്ന ധാരണകൾ അവന്റെ അടിസ്ഥാന മനോഘടനയെ രൂപപ്പെടുത്തുന്നതും പില്ക്കാലചിന്താപ്രക്രിയയ്ക്ക് അടിത്തറയായി വർത്തിക്കുന്നതുമാണ്. തുടർന്ന് വരുന്ന *കോൺക്രീറ്റ് ഓപ്പറേഷനൽ സ്റ്റേജിൽ* കുട്ടി യഥാർത്ഥലോകത്തെപ്പറ്റി യുക്തിപരമായി ചിന്തിക്കാൻ തുടങ്ങുകയായി.

ഭാവന പ്രായാനുസൃതമായ പരിധി വിട്ടാൽ അത് വിഭ്രാന്തിയായി മാറും. പിന്നെ മനോരോഗമായിരിക്കും ഫലം.

ഭാവനാശേഷി ഗണിച്ച് അതിനിണങ്ങുന്ന ശാസ്ത്രബോധവും യുക്തിവിചാരവും സദാചാരചിന്തയും കുട്ടിക്കു നൽകുന്ന ശാസ്ത്രീയനടപടിയാണ് ബോധനം. നേടുന്ന ബോധത്തിനനുസരിച്ച് കുട്ടിയുടെ ഭാവനകൾ സമ്പന്നവും ഗുണമാർന്നതുമാകും, ഭാവനാശേഷി വർദ്ധമാനവുമാകും.

ഭാവന ഉദ്ദീപിപ്പിച്ചുകൊണ്ടുമാത്രം അടിസ്ഥാനവിദ്യാഭ്യാസത്തിന്റെ അടിത്തറ (ഭാഷ, ഗണിതം, സാമാന്യശാസ്ത്രം, സദാചാരചിന്ത) പാകാനാകില്ല. ഭാവനാശേഷിയെ ഉപയോഗപ്പെടുത്താമെന്നുമാത്രം.

ഡി.പി.ഇ.പി പൈതൽ വിനോദവിലോലൻ മാത്രമല്ല, ഭാവനാലോലനുമാണെന്ന് മനസ്സിലായല്ലോ. അവന്റെ ഭാവനാവിലാസം അപാരമാണ്. ഡി.പി.ഇ.പി നിറയെ തലപെരുപ്പിക്കുന്ന വിഭ്രമഭാവനകളാണ്. അവനു കണക്കും ഭാഷയും ശാസ്ത്രവും എന്തും ഉൾക്കൊള്ളാൻ ഫാന്റസി വേണം. വിമാനത്തുമ്പിക്കുമേൽ പാറിപ്പറന്നുകൊണ്ടല്ലാതെ എന്തു പഠിപ്പിച്ചാലും അവന്റെ തലയിൽ കയറുകയില്ല.

എന്നാൽ നമ്മുടെ സാധാരണ സ്കൂൾകുട്ടിക്ക് അത്രയ്ക്കൊന്നും ഭാവനാശേഷിയില്ല. ഡി.പി.ഇ.പിയുടെ ഫാന്റസിനിർഭരമായ മാന്ത്രിക ഗുഹയിലൂടെ കടന്നുപോകാനുള്ള സമനില ഒരു പ്രായത്തിലും അവനില്ല. മുതിർന്നവർക്കുതന്നെ ഡി.പി.ഇ.പി വിഭ്രമങ്ങൾ പരിഭ്രമം സൃഷ്ടിക്കും. കുട്ടി അമ്പേ അടിഞ്ഞുപോകും. അതല്ലെങ്കിൽ അവൻ ശാസ്ത്രബോധവും യുക്തിബോധവുമില്ലാത്ത ഒരു മരങ്ങോടനായിത്തീരും. പരിസരപഠനമെന്ന പേരിൽ, തന്റെ ചുറ്റുപാടുകളെ അറിയാനുള്ള രീതിയാണല്ലോ, സാമാന്യശാസ്ത്രത്തിന്റെ സ്ഥാനത്ത് അവനു നൽകുന്നത്. പറക്കുന്നതും ചാടുന്നതും ഇഴയുന്നതും തമ്മിലുള്ള വ്യത്യാസം, പൂച്ച, പട്ടി, ആട്, ഉറുമ്പ് മുതലായവയുടെ നടത്തത്തിന്റെ രീതി, പരിസരത്തുള്ള പക്ഷി

കളെ നിരീക്ഷിക്കൽ, വസ്തുക്കൾ രുചിച്ചറിയൽ, പുട്ടിന്റെ രഹസ്യം ചോർത്തൽ, അടുക്കള നിരീക്ഷണം, പത്തിരിപ്പാട്ട്, സാമ്പാർകളി, കൃഷി, കൃഷിഭവൻ സന്ദർശനം, ചെടി, ഇല, തൂവൽ എന്നിവ ശേഖരിക്കൽ, പഞ്ചായത്ത് - പോലീസ് സ്റ്റേഷൻ സന്ദർശനം, ഇവയൊക്കെയാണ് പരിസരപഠനം. അടിസ്ഥാനശാസ്ത്രവും ഭൂമിശാസ്ത്രവും അടിസ്ഥാന സാമൂഹ്യപാഠങ്ങളുമില്ലാത്തവൻ കൂപമണ്ഡൂകമല്ലാതെ മറ്റൊന്നുമാകില്ല.

ഡി.പി.ഇ.പി പൈതലിന് ഈ പ്രശ്നങ്ങളൊന്നുമില്ല. പരിസരത്തെല്ലാം പാറി നടന്ന് അവൻ പഠിച്ചുകൊള്ളും. ശാസ്ത്രവും സാമൂഹ്യപാഠവും — ഓ — എത്ര വിരസം!

## ഡി.പി.ഇ.പി എന്താണു ചെയ്യുന്നത്?

അപ്പോൾ നാമെന്തു കാണുന്നു?

ഡി.പി.ഇ.പി തനതായി യാതൊരു ബോധനതത്ത്വവും ആവിഷ്ക്കരിച്ചിട്ടില്ല. സുവ്യവസ്ഥാപിതമായ ബോധനാശയങ്ങളിൽ ഓരോന്നിനെയും ഡി.പി.ഇ.പി തലതിരിച്ചവതരിപ്പിക്കുകയാണ് ചെയ്തിട്ടുള്ളത്. പുതുതായി അവതരിപ്പിച്ചിട്ടുള്ളവയാകട്ടെ വിചിത്രങ്ങളുമാണ്.

1. കളിയെ ബോധനത്തിനുള്ള നിരവധി ഉപാധികളിൽ ഒന്നായി സ്വീകരിച്ചു പോന്ന സ്ഥാനത്ത്, കളിയെ ആകെത്തുകയിൽ, ബോധനത്തിനുള്ള ഒരേയൊരു ഉപാധിയായി കാണുന്നു.
2. വിനോദാത്മകമായ അന്തരീക്ഷം സൃഷ്ടിക്കാനെന്ന പേരിൽ ക്ലാസ്സുമുറിയിൽ അരാജകത്വം സൃഷ്ടിക്കുന്നു. ബോധനത്തിൽ അച്ചടക്കം, ചിട്ട, പരിശീലനം എന്നിവയ്ക്കുള്ള പങ്കിനെ നിഷേധിക്കുന്നു.
3. ഭാഷയും ഗണിതവും സാമാന്യശാസ്ത്രവും വെവ്വേറെ പഠിപ്പിച്ചിരുന്ന സ്ഥാനത്ത് ഉദ്ഗ്രഥിത സമീപനത്തിൽ എല്ലാറ്റിനെയും കൂടി കൂട്ടിക്കുഴച്ചിരിക്കുന്നു.
4. ശിശുകേന്ദ്രീകൃതവും പഠനപ്രവർത്തനങ്ങൾ ഉൾച്ചേർന്നതും സ്വയം പഠനത്തിന് സാദ്ധ്യതയുള്ളതുമായ (നിലനിന്നുപോന്നത് തത്ത്വത്തിൽ ഈ സമ്പ്രദായം തന്നെയാണ്. നിരന്തരമായ അദ്ധ്യാപക പരിശീലനത്തിന്റെ അഭാവവും പൊതുവിലുള്ള അനാസ്ഥയും അപചയവും കെടുകാര്യസ്ഥതയും എല്ലാംകൊണ്ട് ധാരാളം പോരായ്മകൾ നിലനില്ക്കുന്നു എന്നതാണു വാസ്തവം) സമ്പ്രദായം ആവിഷ്കരിക്കുകയാണെന്ന മറവിൽ
   - അദ്ധ്യാപകന്റെ പങ്ക് ഇടിച്ചു താഴ്ത്തുന്നു
   - പാഠപുസ്തകങ്ങളുടെ പങ്ക് ചുരുക്കുന്നു

- പഠിപ്പിക്കൽ-പഠിക്കൽ എന്ന പരസ്പര പ്രക്രിയയെ നിഷേധിക്കുന്നു.

5. വിദ്യാർത്ഥികളെ അന്യവല്ക്കരിക്കുന്നു എന്ന് ആരോപിച്ചുകൊണ്ട് ക്ലാസ്സു മുറിയുടെ പ്രസക്തിയെ ചോദ്യം ചെയ്യുന്നു.
6. പാഠ്യപദ്ധതിയും പാഠപുസ്തകവും അവ്യവസ്ഥാപിതമാക്കുന്നു (deformalise)
7. ബോധനത്തിലും പരീക്ഷയിലും എല്ലാം തന്നെ വ്യവസ്ഥാപിത മാനദണ്ഡങ്ങൾ പാലിക്കേണ്ടതിന്റെ ആവശ്യകതയെ നിഷേധിക്കുന്നു. നിരന്തരമൂല്യ നിർണ്ണയവും ഗ്രേഡിംഗും എന്ന പേരിൽ പരീക്ഷകളെ നിരാകരിക്കുന്നു.
8. പ്രാദേശിക പ്രസക്തി എന്ന സിദ്ധാന്തത്തിന്റെ അടിസ്ഥാനത്തിൽ പരിസരത്തെ വിദ്യാഭ്യാസത്തിന്റെ പരിവൃത്തമാക്കി മാറ്റിയിരിക്കുന്നു.
9. പ്രൗഢഭാഷയ്ക്കു പകരം ഭാഷാഭേദം പഠിപ്പിക്കുന്നു
10. അക്ഷരമുറപ്പിച്ച് എഴുത്തും വായനയും പഠിക്കുന്ന സമ്പ്രദായം ഉപേക്ഷിച്ചിരിക്കുന്നു.
11. പാഠപുസ്തകങ്ങൾ വിഭ്രമഭാവനകൾകൊണ്ട് കുത്തിനിറച്ചിരിക്കുന്നു.
12. അടിസ്ഥാനഗണിതം - സംഖ്യാബോധവും ചതുഷ്ക്രിയകളുമടക്കം— ചിട്ടയായി അഭ്യസിപ്പിക്കുന്നതിനെ നിഷേധിച്ചിരിക്കുന്നു.

ഡി.പി.ഇ.പി അവതരിപ്പിക്കുന്ന ബോധനാശയങ്ങൾ സർവ്വാബദ്ധങ്ങളാണ്. നേർവിപരീതഫലം ചെയ്യുന്നവയാണ്. പ്രാഥമിക വിദ്യാഭ്യാസത്തിൽ നന്മയായി ഇന്ന് അവശേഷിക്കുന്നതിനെയെല്ലാം, ഇല്ലായ്മ ചെയ്യുന്നവയാണ്.

അതിഭാവുകത്വവും അതിശയോക്തിയും കലർത്തി, ശിശുവിന് അസാമാന്യ കഴിവുകൾ ഉണ്ടെന്ന അവാസ്തവസിദ്ധാന്തത്തിന്റെ അടിസ്ഥാനത്തിൽ ഡി.പി.ഇ.പി, ശിശുവിനെ, വിദ്യാഭ്യാസത്തിൽ നിന്നും ആട്ടിയകറ്റുകയാണ്. എന്തു പഠിപ്പിക്കുന്നു എന്നതു പ്രധാനമല്ലെന്നു പറഞ്ഞ് അവൻ പഠിക്കേണ്ട പാഠങ്ങൾ നിഷേധിച്ചുകൊണ്ടും, അദ്ധ്യാപകന്റെ പങ്കു നിരാകരിച്ചുകൊണ്ടും, കളിയിലും വിഭ്രമത്തിലും അവനെ മയക്കിക്കൊണ്ടും ബോധനത്തിൽ നിന്ന് എല്ലാ ചിട്ടകളെയും ചട്ടങ്ങളെയും ഒഴിവാക്കികൊണ്ടുമാണ് ഇതു ചെയ്യുന്നത്.

അസാമാന്യ ശിശുവിന്റെ കഴിവുകൾ വിനിയോഗിക്കാനറിയാത്ത അദ്ധ്യാപകനെ ഡി.പി.ഇ.പി പുഛരിക്കുന്നു, ശകാരിക്കുന്നു, പരിഹസിക്കുന്നു. നിലവാരത്തകർച്ചയ്ക്ക് അദ്ധ്യാപകനെ പ്രതികൂട്ടിൽ കയറ്റിക്കൊണ്ട് അയാൾക്ക് ബോധനരീതികൾ എന്ന വ്യാജേന പ്രയോജനരഹിതവും വിചിത്രവുമായ അഭ്യാസരീതികൾ നൽകുന്നു. മടിയനായ അദ്ധ്യാപകനെ അദ്ധ്വാനശീലനാക്കി മാറ്റിയിട്ടുണ്ടെന്നു വീമ്പിളക്കിക്കൊണ്ട് അയാളെക്കൊണ്ട് പണിയെടുപ്പിക്കാൻ കഴിയുന്നതിൽ അഭിമാനം കൊള്ളുന്നു.

സ്കൂൾ, ക്ലാസ്സുമുറി, പാഠ്യവിഷയം, പാഠപുസ്തകം, പരീക്ഷ തുടങ്ങിയവയെ എല്ലാം പരിഹാസവസ്തുക്കളാക്കിക്കൊണ്ട് ഡി.പി.ഇ.പി വിദ്യാഭ്യാസത്തെ ഒരു പ്രഹസനമാക്കി മാറ്റുന്നു.

അതിഗംഭീരമെന്നും വിശിഷ്ടമെന്നും ചെണ്ടകൊട്ടിക്കൊണ്ട്, നിലനില്ക്കുന്ന സർവ്വമാന വിദ്യാഭ്യാസരോഗങ്ങളുടെയും പ്രതിവിധിക്കുള്ള ഒറ്റമൂലി എന്ന നിലയിലാണ് ഡി.പി.ഇ.പി അവതരിക്കുന്നത്.

പ്രാഥമിക വിദ്യാഭ്യാസരംഗം ഇന്നനുഭവിക്കുന്ന അസംഖ്യം പരാധീനതകളുടെ പേരിൽ ജനങ്ങളാകെ ഒരു മാറ്റം ആവശ്യപ്പെടുന്ന അവസരത്തിൽ അവരുടെ ആഗ്രഹാഭിലാഷങ്ങളെ കരുവാക്കിക്കൊണ്ടാണ് ഡി.പി.ഇ.പി ഈ ഉടച്ചുവാർക്കൽ കൊണ്ടുവരുന്നത്.

വളരെ ചുരുങ്ങിയ കാലയളവിൽ കേരളത്തിലെ പ്രാഥമിക വിദ്യാഭ്യാസത്തിനുമേൽ പതിഞ്ഞമർന്ന ഡി.പി.ഇ.പി വിദ്യാഭ്യാസലോകത്തിന്റെ സജീവ പങ്കാളിത്തത്തോടെയാണ് ഈ പദ്ധതി നടപ്പാക്കുന്നതെന്ന് സദാ നുണപറഞ്ഞുകൊണ്ടിരിക്കുന്നു. എതിർശബ്ദങ്ങളെ സദാ അടിച്ചമർത്തിക്കൊണ്ടിരിക്കുന്നു.

ഉടച്ചുവാർക്കലിനു നിർബ്ബന്ധം ചെലുത്തിയ കാരണമായി ഡി.പി.ഇ.പി കണ്ടുപിടിച്ചവതരിപ്പിക്കുന്ന വസ്തുതകൾ വ്യാജമാണ്. കേരളത്തിലെ കുട്ടികളുടെ അച്ചീവ്മെന്റ് ലെവൽ വളരെ, — വളരെ വളരെ, — ബീഹാർ സംസ്ഥാനത്തുള്ളതിനേക്കാൾ താണതാണെന്ന് കെട്ടിച്ചമച്ചവതരിപ്പിക്കുന്ന ഒരു സർവ്വേഫലമാണ് ഡി.പി.ഇ.പി യുടെ ആദ്യത്തെ തെളിവ്. വ്യാജമാണിത്. എന്നാൽ ഡി.പി.ഇ.പി അവതരിപ്പിക്കുന്ന ഏറ്റവും പ്രധാനപ്പെട്ട തെളിവ് ഡി.പി.ഇ.പി പൈതൽ തന്നെ. ക്രീഡാവിലോലനും ഭാവനാലോലനും ജന്മനാ അനുസരണയില്ലാത്തവനും തന്നിഷ്ടക്കാരനും തലതിരിഞ്ഞവനും എന്നാൽ സർഗ്ഗധനനും സ്വയം പഠിക്കുന്നവനും സ്വയം തെറ്റുതിരുത്തുന്നവനുമായ ഡി.പി.ഇ.പി പൈതലിനുവേണ്ടിയാണ് ഈ ഉടച്ചുവാർക്കലൊക്കെയും. എത്ര തെരഞ്ഞാലും അവനെ കേരളത്തിലെങ്ങും നമുക്കു കണ്ടുകിട്ടുകയില്ല. അവൻ ഒരു വലിയ ഫ്രോഡ് (Fraud) ആണ്. മലയാളികളെ മുഴുവൻ കബളിപ്പിക്കാനായി ഡി.പി.ഇ.പി മെനഞ്ഞെടുത്ത ഫ്രോഡ്.

അപ്പോൾ കാപട്യത്തിലൂടെ വിധ്വംസകമായ ഒരു പദ്ധതി ഡി.പി.ഇ.പി ധാർഷ്ട്യത്തോടെ അടിച്ചേല്പിച്ചിരിക്കുന്നു.

എന്തിന്?

എങ്ങനെ?

# II

## ലോകബാങ്കിനെന്താണു വേണ്ടത്?

ലോകബാങ്ക് പുറത്തിറക്കിയിരിക്കുന്ന 1996 ലെ ലോകവികസന റിപ്പോർട്ടിന്റെ (World Development Report 1996) തലക്കെട്ട് ``ആസൂത്രണത്തിൽ നിന്ന് കമ്പോളത്തിലേക്ക്'' എന്നാണ്. FROM PLAN TO MARKET. അതിന്റെ 8-ാം അദ്ധ്യായം, ജനങ്ങളിൽ നിക്ഷേപിച്ച് സാമ്പത്തിക വളർച്ചയുണ്ടാക്കുന്നതിനെപ്പറ്റിയാണ് പ്രതിപാദിക്കുന്നത്. ആസൂത്രണാടിസ്ഥാനത്തിലുള്ള സമ്പദ് വ്യവസ്ഥയിൽ നിന്ന് കമ്പോളാടിസ്ഥാനത്തിലുള്ള സമ്പദ് വ്യവസ്ഥയിലേക്ക് പരിവർത്തനപ്പെടുന്ന രാജ്യങ്ങളിൽ വിദ്യാഭ്യാസ രംഗത്ത് വരുത്തേണ്ട പരിഷ്ക്കാരങ്ങൾ എന്തെല്ലാമായിരിക്കണം എന്ന് അതിൽ ലോകബാങ്ക് വിശദീകരിക്കുന്നു. ``പുതിയ സമ്പദ് വ്യവസ്ഥയുടെ ആവശ്യകതകളെ പൂർത്തീകരിക്കത്തക്കവിധത്തിൽ വിദ്യാഭ്യാസവും ആരോഗ്യ പരിപാലനവും പുനഃസംഘടിപ്പിക്കുക എന്ന സൂത്രവേലയാണ് ( Trick ) സർക്കാരുകൾ സ്വീകരിക്കേണ്ടത്.'' ``കൂടുതൽ കുട്ടികളെ ചേർക്കലും (enrollment) മാറുന്ന തൊഴിൽ കമ്പോളത്തിനനുസരിച്ച് വിദ്യാഭ്യാസത്തിൽ വരുത്തുന്ന ദ്രുതഗതിയിലുള്ള പരിവർത്തനവും ഫലം ചെയ്യും.''

``പരിഷ്ക്കാരങ്ങളിൽ മുൻഗണന നൽകേണ്ടത് മുഖ്യമായും മൂന്നുമേഖലകളിലാണ്. സാമ്പത്തികം (finance), ഉള്ളടക്കം (content), പ്രദാനം (delivery)'' ``ഉള്ളടക്കത്തിന്റെ പരിഷ്ക്കരണത്തിൽ കാതലായിവർത്തിക്കുന്നത് പുതിയ കരിക്കുലമാണ്..... മാറുന്ന മൂല്യങ്ങൾക്കും ആവശ്യകതകൾക്കുമനുസരിച്ച് സ്കൂളിംഗിൽ പരിവർത്തനം വരുത്താൻവേണ്ടിയാണത്. പുതിയ പാഠപുസ്തകങ്ങൾ വേണ്ടിവരും. പരിഷ്ക്കാരങ്ങൾ, മത്സരാധിഷ്ഠിതവും കച്ചവടം ലാക്കാക്കിയതുമായ ഒരു അച്ചടിവ്യവസായത്തെ പ്രോത്സാഹിപ്പിക്കുന്നതാവണം. ഒരു കേന്ദ്രത്തിൽ നിന്നും നിശ്ചയിക്കുന്ന പാഠപുസ്തകങ്ങൾക്കു പകരം വിവിധങ്ങളായ മാതൃകകൾ സ്വീകരിച്ചുകൊണ്ട്, സ്കൂളുകൾക്കും അദ്ധ്യാപകർക്കും വിദ്യാർത്ഥികൾക്കും സ്വയം തെരഞ്ഞെടുക്കാൻ അവസരം കൊടുക്കുന്നതാകണം.''

"വിദ്യാഭ്യാസത്തിന്റെ പ്രദാനം മെച്ചപ്പെടുത്തുക എന്നത് സങ്കീർണ്ണമായൊരു പ്രക്രിയയാണ് വിദ്യാഭ്യാസത്തെ *പ്രാദേശിക ആവശ്യകതകൾക്ക്* ഇണങ്ങുന്നതാക്കിത്തീർക്കുന്ന *വികേന്ദ്രീകരണമാണ്* പൊതുവിൽ ഇതുകൊണ്ടുദ്ദേശിക്കുന്നത്''.

വിദ്യാഭ്യാസത്തിലൂടെ ഒരു സമൂഹത്തിന്റെ മൊത്തം സമീപനങ്ങളും മൂല്യ സങ്കല്പങ്ങളും ഏതു ദിശയിലാണ് മാറേണ്ടത് എന്ന് ലോകബാങ്ക് വികസനറിപ്പോർട്ടിൽ ചൂണ്ടിക്കാട്ടുന്നത് നോക്കുക:

"ബിസിനസ്സിന് സമൂഹത്തിൽ അതിന്റേതായ സ്ഥാനമുണ്ടെന്നും ലാഭമാണ് പുരോഗതിയുടെ ചാലകശക്തി എന്നുമുള്ള ധാരണ പ്രബലപ്പെടുത്തുക''.

"തൊഴിലാളികളെ ജോലിക്കെടുക്കുന്നത് അവരെ ചൂഷണം ചെയ്യലല്ല, മറിച്ച്, അവർക്ക് ഒരു ഉപജീവനമാർഗ്ഗം ഉണ്ടാക്കാനുള്ള അവസരം കൊടുക്കലാണെന്ന ധാരണവളർത്തിയെടുക്കുക''.

". . . വിദ്യാഭ്യാസം, ജോലി, ജീവിതശൈലി തുടങ്ങിയ കാര്യങ്ങളിൽ അവനവൻ തന്നെയാണ് ഉത്തരവാദിത്വം ഏറ്റെടുക്കേണ്ടത് എന്ന ബോധം ജനിപ്പിക്കുക.''

മേൽപ്പറഞ്ഞ കാഴ്ചപ്പാടുകളുടെ അടിസ്ഥാനത്തിൽ കഴിഞ്ഞ ഒരു ദശകത്തിനുള്ളിൽ പ്രൈമറി വിദ്യാഭ്യാസത്തിനുവേണ്ടി ലോകബാങ്ക് മുടക്കുന്ന തുക ഇരട്ടിച്ചതായി '95ലെ ഒരു അവലോകനത്തിൽ ലോകബാങ്കുതന്നെ പറയുന്നു *(Priorities and Strategies - A World Bank Review'95)* ഇന്ത്യയിൽ മാത്രമല്ല മെക്സിക്കോ, ബാർബഡോസ്, ചിലി, കൊളംബിയ, ട്രിനിസാഡ്, ബ്രസീൽ, ഘാന, കിഴക്കനേഷ്യൻ രാജ്യങ്ങൾ, ബംഗ്ലാദേശ്, പാക്കിസ്ഥാൻ, ശ്രീലങ്ക, മുൻ സോവിയറ്റ് യൂണിയൻ, ചൈനയിലെ സ്വതന്ത്രമേഖലകൾ (Free Zones) അടക്കം 130 ൽപരം രാജ്യങ്ങൾക്ക് ലോകബാങ്ക് വിദ്യാഭ്യാസത്തിന് ധനസഹായം നൽകുന്നുണ്ട്.

## ലോകബാങ്കിന്റെ 'ഇന്ത്യയിലെ പ്രാഥമിക വിദ്യാഭ്യാസം'

*"ഇന്ത്യയിലെ പ്രാഥമിക വിദ്യാഭ്യാസം''* എന്ന പുസ്തകം ലോകബാങ്കിന്റെ പഠനമാണ്. ലോകബാങ്കിന്റെ മുഖ്യ വിദ്യാഭ്യാസ സ്പെഷ്യലിസ്റ്റ് മാർലെയ്ൻ ലോക്ക്ഹീഡ് നയിച്ചതും സാമ്പത്തിക വികസന ഇൻസ്റ്റിറ്റ്യൂട്ടിന്റെ തലവൻ ജോൺ മിഡ്ഡിൽടൺ കൂടി ഉൾപ്പെടുന്നതുമായ ഏഴംഗ സംഘമാണ് ഇതു തയ്യാറാക്കിയത്. കേന്ദ്രവിദ്യാഭ്യാസവകുപ്പും ഡി.പി.ഇ.പി ബ്യൂറോയും നടത്തിയ ഗവേഷണങ്ങളാണ് ഇതിന്റെ മുഖ്യമായ ആധാരം. ഈ പഠനത്തിന്റെ കാതലായ നിഗമനങ്ങൾ 1996 ആഗസ്റ്റ് 1-ാം തീയതി കേന്ദ്ര മാനവവിഭവശേഷി വികസന വകുപ്പിനു മുമ്പാകെ ഒരു സെമിനാറിൽ അവതരിപ്പിക്കപ്പെട്ടിരുന്നു. '96 സെപ്തംബറിൽ ലോകബാങ്കിന്റെ എക്സിക്യൂട്ടീവ് ഡയറക്ടേഴ്സ് ബോർഡ് ഈ റിപ്പോർട്ട് ചർച്ചയ്ക്കെടുത്തു. '97 ഏപ്രിൽ 24 ന് ന്യൂഡൽഹിയിൽ ഈ പുസ്തകം പ്രകാശനം ചെയ്തു.

`*ഇന്ത്യയിലെ പ്രാഥമിക വിദ്യാഭ്യാസം* എന്ന പുസ്തകത്തിൽ ലോകബാങ്ക് ഡി.പി.ഇ.പിയെക്കുറിച്ച് ആധികാരികമായി ഇങ്ങനെ പറയുന്നു: "വിദ്യാഭ്യാസ രംഗത്തെ വികേന്ദ്രീകൃത മാനേജ്മെന്റിന്റെ പുത്തൻ രൂപങ്ങളും, സാമ്പത്തികരം ഗത്തെ നീക്കുപോക്കുകളും പരിഷ്ക്കാരങ്ങളും നടപ്പാക്കിക്കൊണ്ടിരിക്കുന്ന ഈ കാലയളവിൽ സംസ്ഥാന– ജില്ലാതലശേഷികൾ നേടിയെടുക്കാനുള്ള സാമ്പത്തി കവും സാങ്കേതികവുമായ സഹായങ്ങൾ നൽകുന്ന ഒരു പരിവർത്തന സംവിധാ നം സൃഷ്ടിക്കുക എന്നതാണ് ഡി.പി.ഇ.പിയിലൂടെ ഇന്ത്യാഗവണ്മെന്റ് ഉദ്ദേശിക്കു ന്നത്. ഒട്ടനവധി സംസ്ഥാനങ്ങളിൽ ദ്രുതഗതിയിൽ ഈ ദിശയിൽ നടപടികളെടു ക്കാൻ ഗവൺമെന്റ് ഉദ്ദേശിക്കുന്നു'' (പേജ് 24). '92 ലെ പരിഷ്ക്കരിച്ച ദേശീയ വിദ്യാഭ്യാസ നയത്തിനനുസൃതമായാണ് ഡി.പി.ഇ.പി വന്നതെന്നും ലോകബാങ്ക് വ്യക്തമാക്കുന്നു.

കേന്ദ്ര വിദ്യാഭ്യാസവകുപ്പ് 1997 ൽ പുറത്തിറക്കിയ പരിഷ്ക്കരിച്ച ഡി.പി.ഇ.പി മാർഗ്ഗരേഖ പറയുന്നതു ശ്രദ്ധിക്കുക: "ഡി.പി.ഇ.പി ഒരു ഒറ്റപ്പെട്ട പദ്ധതിയല്ല. പ്രാഥമിക വിദ്യാഭ്യാസ സംവിധാനത്തെ സമഗ്രമായി അഴിച്ചുപണിയാനുദ്ദേശി ച്ചുകൊണ്ടുള്ള ബൃഹത്തും ബഹുമുഖവുമായ പദ്ധതിയാണ്.'' പ്രാഥമിക വിദ്യാ ഭ്യാസം സാർവ്വത്രികമാക്കുക (UEE) എന്ന പദ്ധതിയുടെ പ്രകാശനമായി ഡി.പി.ഇ.പി യെ വിശദീകരിച്ചുകൊണ്ട് ഡി.പി.ഇ.പി മാർഗ്ഗരേഖ താഴെപ്പറയുന്ന കാര്യങ്ങൾ നിർദ്ദേശിക്കുന്നു: "പ്രാഥമിക വിദ്യാഭ്യാസപരിപാടി സാഹചര്യാനുസൃതമായിരി ക്കണം''. "പ്രാദേശികമായ ആസൂത്രണവും മാനേജുമെന്റുമാണ്'' വേണ്ടത്. "ഇത്രയും നാൾ വിദ്യാഭ്യാസം ദേശീയ തലത്തിലോ സംസ്ഥാനതലത്തിലോ ആണ് ആസൂത്രണം ചെയ്യപ്പെട്ടിരുന്നത് . . . ആസൂത്രണം താഴെ വില്ലേജുതലം മുതൽ മുകളിലോട്ടു നടക്കുകയാണു വേണ്ടത്. ഒരു തുടക്കമെന്ന നിലയിൽ ജില്ലയെ ആസൂത്രണത്തി ന്റെ അടിസ്ഥാനഘടകമാക്കാം''. "വിദ്യാഭ്യാസത്തിന്റെ നടത്തിപ്പിൽ ഓരോ പ്രദേശ ത്തുമുള്ള ജനങ്ങളുടെ പങ്കാളിത്തം ഉറപ്പാക്കണം''. "പഠനോപാധികളും (പാഠപുസ്തകങ്ങൾ തുടങ്ങിയവ) അദ്ധ്യാപക പരിശീലനവും മെച്ചപ്പെടുത്തണം.'' "ബദൽ സ്കൂളിങ് മാർഗ്ഗങ്ങൾ –– പ്രത്യേകിച്ചും അനൗപചാ രിക വിദ്യാഭ്യാസ സമ്പ്രദായം ശക്തിപ്പെടുത്തണം.'' "കഴിയുന്നേടങ്ങളിൽ പ്രൈമറി സ്കൂളിങ്ങും അല്ലാത്തിടത്ത് തത്തുല്യമായ അനൗപചാരിക വിദ്യാഭ്യാസവും നൽകുമെന്ന്'' ഡി.പി.ഇ.പി പ്രഖ്യാപിക്കുന്നു.

വളരെ വ്യക്തതയോടെ മാർഗ്ഗരേഖ പറയുന്നു:

"ഡി.പി.ഇ.പി ധനസഹായം മൂലം മുന്നോട്ടുപോകുന്ന ഒരു പദ്ധതിയല്ല എന്ന കാര്യം പ്രത്യേകം ശ്രദ്ധയിൽ വയ്ക്കണം. മറിച്ച്, മുടക്കുന്ന മുതലിന് ഫലം കിട്ടു ന്നതും (cost-effective), നിരന്തരം പുനഃസൃഷ്ടിക്കപ്പെടുന്നതും (replicable), സ്വയം നിലനിന്നുപോകുന്നതുമായ (sustainable) സമ്പ്രദായങ്ങൾ സൃഷ്ടിച്ചെടുക്കാൻ ഉദ്ദേ ശിച്ചുകൊണ്ടുള്ളതാണ്.'' `. . . ആ സമ്പ്രദായങ്ങളെ തുടർന്നും നിലനിർത്തുവാ

നുള്ള സമ്പൂർണ്ണ ബാദ്ധ്യത സംസ്ഥാന സർക്കാരിന്റേതു മാത്രമാണ്.''

``ഡി.പി.ഇ.പി ഇന്നാട്ടിൽ മാത്രമല്ല, ലോകം മുഴുവൻ വ്യാപിച്ചിരിക്കുന്ന രോമാഞ്ചജനകമായ ഒരാശയമാണ്. ഡി.പി.ഇ.പി അന്തർദ്ദേശീയ സഹകരണത്തിൽ പുതിയ പാതകൾ വെട്ടിത്തുറന്നിരിക്കുകയാണ്.'' മാർഗ്ഗരേഖയുടെ ഈ പ്രഖ്യാപനത്തിൽ ഡി.പി.ഇ.പി യുടെ അന്തഃസത്ത പ്രതിഫലിക്കുന്നു.

1995ൽ ഇന്ത്യാഗവണ്മെന്റ് തങ്ങളുമായി ഉണ്ടാക്കിയ കരാറനുസരിച്ച് താഴെപ്പറയുന്ന പരിഷ്ക്കാരങ്ങൾ നടപ്പാക്കേണ്ടതാണ് എന്ന് `ഇന്ത്യയിലെ പ്രാഥമിക വിദ്യാഭ്യാസം' എന്ന പുസ്തകത്തിൽ (പേജ് 8) ലോകബാങ്ക് ചൂണ്ടിക്കാട്ടുന്നു:

1. വിഭവസമാഹരണം മെച്ചപ്പെടുത്താനായി കരംപിരിക്കുന്നതിന്റെ വിശാലമായ ഒരടിത്തറ സൃഷ്ടിക്കുക.
2. ത്രിതല സംവിധാനത്തിലെ മൂന്നാമത്തെ തലത്തിൽ (ജില്ലയിൽ) സാമ്പത്തിക കാര്യങ്ങൾ നിർവ്വഹിക്കുന്ന രീതി വികസിപ്പിച്ചെടുക്കുക. സംസ്ഥാന സർക്കാരുകൾക്ക് കണ്ടെത്താൻ കഴിയാത്ത നികുതികൾ പ്രാദേശിക ഭരണസമിതികൾ പിരിച്ചെടുക്കുക.
3. കുട്ടിയൊന്നുക്കുള്ള ചെലവു കുറയ്ക്കാനായി ആവർത്തനവും (തോറ്റ് ഒന്നിലധികം വർഷം ഒരേ ക്ലാസ്സിൽ ഇരിക്കേണ്ട അവസ്ഥ) കൊഴിഞ്ഞുപോക്കും കുറയ്ക്കുക. ആവർത്തനം കുറച്ചാൽ കുറഞ്ഞ ചെലവിൽ കൂടുതൽ കുട്ടികളെ ഉൾക്കൊള്ളിക്കാനാകും.
4. (ഉച്ചക്കഞ്ഞിപോലുള്ള) പ്രചോദക പരിപാടികളും സ്കോളർഷിപ്പുകളും കുട്ടികളെ ചേർക്കുന്നതിലും നിലനിർത്തുന്നതിലും കാര്യമായ സ്വാധീനമുണ്ടാക്കുന്നില്ല എന്നു കണ്ടെത്തിയതുകൊണ്ട് അവ പുനഃപരിശോധിക്കുക.

"ഉച്ചക്കഞ്ഞി, സൗജന്യ യൂണിഫോം തുടങ്ങിയ വിദ്യാഭ്യാസേതരമായ പ്രചോദക പരിപാടികൾക്ക് ഡി.പി.ഇ.പി പണം മുടക്കുന്നതല്ല'' എന്ന് 'മാർഗ്ഗരേഖ' വ്യക്തമാക്കിയിട്ടുണ്ട്.

## പുതിയ ലോകക്രമത്തിനുവേണ്ടി

ആഗോളവല്ക്കരണം, ഉദാരവല്ക്കരണം, സ്വകാര്യവല്ക്കരണം, എന്നിവയെ അടിസ്ഥാനപ്പെടുത്തിയ `പുതിയ ലോകക്രമം' അമേരിക്കൻ സാമ്രാജ്യത്വത്തിന്റെ മേൽക്കോയ്മയുള്ള പുതിയ ലോകസാഹചര്യത്തിൽ ലോകം മുഴുവൻ പ്രാബല്യത്തിൽ വരുത്താൻ കഠിനശ്രമം നടന്നുകൊണ്ടിരിക്കുകയാണ്. സോഷ്യലിസ്റ്റ് ലോകത്തിന്റെ തകർച്ച, സമൂഹത്തെയും മനുഷ്യനെയും അടിസ്ഥാനപ്പെടുത്തിയ ഒരു ലോകവീക്ഷണത്തിന്റെ പിൻവാങ്ങൽ കൂടിയായിരുന്നു. മൂലധനവും പണവും

സർവ്വാധിപതികളായി. ലാഭം വ്യവസായത്തിന്റെ മാത്രമല്ല, മാനവമൂല്യങ്ങളുടെയും വിദ്യാഭ്യാസത്തിന്റെയും അളവുകോലായി.

പുതിയ ലോകക്രമത്തെ ആനയിക്കുവാൻ അന്താരാഷ്ട്രത്തിൽ നായകത്വം നൽകുന്ന പ്രധാനപ്പെട്ട ഏജൻസികളിലൊന്നാണ്, ഐ.എം.എഫിനോടൊപ്പം ഒരേ കെട്ടിടത്തിൽ വാഷിംഗ്ടണിൽ ഹെഡ്ക്വാർട്ടേഴ്സ് പങ്ക് വയ്ക്കുന്ന ലോക ബാങ്ക്. അവികസിത രാഷ്ട്രങ്ങൾക്ക് സഹായം നൽകുക എന്നതാണ് അതിന്റെ മുഖ്യമായ ജോലി. സഹായം നൽകുക എന്നു പറയുന്നതിനേക്കാൾ അവർ സഹായം അടിച്ചേല്പിക്കുന്നു എന്നു പറയുന്നതാവും ശരി.

ലാഭം എന്നത് ഏകമാത്ര സാമുഹ്യവീക്ഷണമാക്കിക്കൊണ്ടുള്ള ഒരു സാമൂഹ്യക്രമം നിലവിൽകൊണ്ടുവരാൻ ലോകബാങ്ക് ആവേശത്തോടെ പ്രവർത്തിച്ചുകൊണ്ടിരിക്കുകയാണ്. ഈ ലക്ഷ്യത്തെ മുൻനിർത്തി ``ഘടനാപരമായ നീക്കുപോക്കുകളുണ്ടാക്കാനും'' സമ്പദ് വ്യവസ്ഥയ്ക്ക് `സുസ്ഥിരത' ആവിഷ്ക്കരിക്കാനുമായി ഉദാരമായി പണം കടം കൊടുക്കുന്ന പരിപാടി ലോകബാങ്കിനുണ്ട്. സ്ട്രക്ച്ചറൽ അഡ്ജസ്റ്റ്മെന്റ് ലോൺ (SAL). ഇന്ന് ഇത് കുപ്രസിദ്ധമാണ്. ഒരു ദീർഘകാല പരിപാടിയായ ഘടനാപരമായ നീക്കുപോക്കുകൾ നടപ്പിൽ വരുത്തിക്കൊണ്ട് കടം വാങ്ങിയ രാഷ്ട്രങ്ങൾ നിർബ്ബന്ധമായും ചെയ്തിരിക്കേണ്ട (ഏതു പാർട്ടിയുടേതായാലും നമ്മുടെ കേന്ദ്രസർക്കാർ ചെയ്തുവരുന്ന) കാര്യങ്ങളിൽ ചിലവ താഴെ കൊടുക്കുന്നു:

1. വ്യാപാര നിയന്ത്രണങ്ങളെല്ലാം നീക്കുക
2. നാണയത്തിന്റെ വിനിമയനിരക്കു കുറയ്ക്കുക
3. *പൊതുജനസേവന ചെലവുകൾ കുറയ്ക്കുക*
4. കടം വാങ്ങി കടംവീട്ടൽ തുടരുക
5. *സ്വകാര്യവല്ക്കരണം നടപ്പാക്കുക*
6. വിദേശ മൂലധനത്തെ ക്ഷണിക്കുക. യഥാർത്ഥ കൂലി കുറയ്ക്കുക
7. *കഴിയുന്ന തരത്തിലെല്ലാം സ്വകാര്യ സംരംഭങ്ങൾ പ്രോത്സാഹിപ്പിക്കുക.*

പുതിയ ലോകക്രമത്തിനനുസൃതമായി ഓരോ രാജ്യത്തെയും ജനക്ഷേമമേഖലകളിൽ ഏതു രീതിയിലുള്ള മാറ്റങ്ങൾ ആവശ്യമാണെന്നതിനെപ്പറ്റിയുള്ള വ്യക്തമായ കാഴ്ചപ്പാട് ലോകബാങ്ക് വിശദമായ പഠനത്തിലൂടെ ഉണ്ടാക്കിയെടുത്തിട്ടുണ്ട്. നമ്മുടെ വിദ്യാഭ്യാസമേഖലയ്ക്കുവേണ്ടി ലോകബാങ്ക് ഉദാരമായി സംഭാവന നൽകുന്നത് അവർ ഉദ്ദേശിക്കുന്ന പരിവർത്തനങ്ങൾ ഈ മേഖലയിൽ കൊണ്ടുവരാൻ വേണ്ടിയാണ്. അതിൽ സംശയമുണ്ടാകേണ്ട കാര്യമില്ല. ഇന്ത്യയിലെ പ്രാഥമിക വിദ്യാഭ്യാസത്തെക്കുറിച്ച് വളരെ വിശദമായ ഒരു പഠനം നടത്തി നിരവധി നിർദ്ദേശങ്ങൾ ലോകബാങ്ക് വച്ചിരിക്കുന്നതും മറ്റൊരുദ്ദേശത്തി

ലല്ല. ഇന്ത്യയിലെ സമ്പന്നവർഗ്ഗത്തിന്റെ താല്പര്യങ്ങളും പുതിയ ലോകക്രമത്തിൽ' ആഗോളസഹകരണത്തിലൂടെയാണ് ഏറ്റവും നന്നായി സംരക്ഷിക്കപ്പെടുക എന്നതിനാൽ, ഇന്ത്യൻ ഭരണാധികാരികൾക്കും ലോകബാങ്കിന്റെ നിർദ്ദേശാനുസരണം നീങ്ങുന്നതിൽ യാതൊരു മടിയുമില്ല. ലോകബാങ്കിന്റെയും ഇന്ത്യൻ ഭരണാധികാരികളുടെയും താല്പര്യം ഒത്തുപോകുന്നു എന്നർത്ഥം.

പുതിയ ലോകക്രമത്തിനനുസൃതമായി ലോകബാങ്കിനെയും ഇന്ത്യൻ ഭരണവർഗ്ഗത്തെയും സംബന്ധിച്ചിടത്തോളം അഭിലഷണീയമായ മാറ്റങ്ങൾ എന്തൊക്കെയാണോ അവയൊക്കെയാണ് ഡി.പി.ഇ.പി കൊണ്ടുവരുന്നത്.

ശ്രദ്ധിക്കുക:

ഡി.പി.ഇ.പി യുടെ ഉദ്ദേശ്യം സാർവ്വത്രികമായ പ്രാഥമിക വിദ്യാഭ്യാസം നടപ്പിൽ വരുത്തുക എന്നതല്ല.

``പ്രാഥമിക വിദ്യാഭ്യാസ സംവിധാനത്തെ സമഗ്രമായി അഴിച്ചുപണിയാനുള്ള ബൃഹത്തും ബഹുമുഖവുമായ പദ്ധതിയാണ്'' ഡി.പി.ഇ.പി. ദേശീയ വിദ്യാഭ്യാസ നയത്തിന്റെ പ്രോഗ്രാം ഓഫ് ആക്ഷനിൽ പറഞ്ഞിട്ടുള്ള പ്രാഥമിക വിദ്യാഭ്യാസം സാർവ്വത്രികമാക്കൽ (Universalisation of Elementary Education - UEE) എന്ന പദ്ധതി നടപ്പിൽ വരുത്താൻ വേണ്ടിയാണ് ഡി.പി.ഇ.പി എന്നു പറയുമ്പോൾ, ഡി.പി.ഇ.പിയ്ക്കും ദേശീയ വിദ്യാഭ്യാസനയത്തിനും ഭിന്നതാല്പര്യങ്ങളല്ല എന്നതു വ്യക്തമാണ്.

ഡി.പി.ഇ.പി അതു സാധിച്ചെടുക്കാൻ പോകുന്നതെങ്ങനെയാണ്?

## വികേന്ദ്രീകൃത ആസൂത്രണം

``ഇത്രയുംനാൾ ദേശീയ തലത്തിലൊ സംസ്ഥാന തലത്തിലൊ ആസൂത്രണം ചെയ്യപ്പെട്ടിരുന്ന വിദ്യാഭ്യാസം താഴെ വില്ലേജ്തലം മുതൽ മുകളിലോട്ട്'' (DPEP മാർഗ്ഗനിർദ്ദേശങ്ങൾ '97) ആസൂത്രണം ചെയ്ത് മാനേജ് ചെയ്യുകയാണ് വേണ്ടത്. തല്ക്കാലം തുടക്കമെന്ന നിലയിൽ ജില്ലയെ ആസൂത്രണത്തിന്റെ ഒരു അടിസ്ഥാനഘടകമാക്കിയിരിക്കുന്നു.

എന്തിനാണ് ഈ വികേന്ദ്രീകരണം ?

വിദ്യാഭ്യാസത്തെ `സാഹചര്യാനുസൃത' (contextual) മാക്കാൻ വേണ്ടിയാണത്. ദേശീയ - സംസ്ഥാനതലങ്ങൾ ആസൂത്രണത്തിന് `സാഹചര്യാനുസാരിത്വം' നൽകാൻ അപര്യാപ്തമാംവിധം വളരെ വലിയ തലങ്ങളാണ്. ജില്ലയാകുമ്പോൾ ഒതുക്കമുണ്ട്. അവിടെയുള്ള പ്രാദേശിക സമിതികളെയും സർക്കാരിതര സന്നദ്ധ സംഘടനകളെയും (NGOs) അദ്ധ്യാപകരെയും തീവ്രമായ ആസൂത്രണചർച്ചകളിൽ ഉൾപ്പെടുത്തി അവരുടെ `ഉടമസ്ഥതയിൽ' വിദ്യാഭ്യാസത്തെ ഏല്പിയ്ക്കാം.

കേന്ദ്രം, സംസ്ഥാനം, ജില്ല എന്ന ത്രിതല സംവിധാനത്തിൽ മൂന്നാമത്തെ തലമായ ജില്ലാതലത്തിൽ സാമ്പത്തിക കാര്യങ്ങൾ നിർവ്വഹിക്കുന്ന രീതിയാണ്

മാനേജ്മെന്റിൽ വികസിപ്പിച്ചെടുക്കേണ്ടത്. സംസ്ഥാന സർക്കാരുകൾക്ക് കണ്ടെത്താൻ കഴിയാത്ത നികുതികൾ പ്രാദേശിക ഭരണസമിതികൾ പിരിച്ചെടുക്കേണ്ടതാണ്.

മുടക്കുമുതലിനു ഫലം ചെയ്യുന്നതും നിരന്തരം പുനഃസൃഷ്ടിക്കപ്പെടുന്നതും സ്വന്തം കാലിൽ നില്ക്കുന്നതുമായ സംവിധാനങ്ങൾ ജില്ലാതലത്തിൽ സൃഷ്ടിക്കുക എന്നതാണ്; അല്ലാതെ എക്കാലത്തേക്കും പണം പ്രവഹിച്ച് പ്രവർത്തന നിരതമാക്കുന്ന ഒരു പദ്ധതിയല്ല ഡി.പി.ഇ.പി എന്ന് പ്രത്യേകം വ്യക്തമാക്കപ്പെട്ടിട്ടുണ്ട്. എന്ന് മാത്രമല്ല ഡി.പി.ഇ.പി പദ്ധതിയുടെ പര്യവസാനത്തിനുശേഷം ആ സംവിധാനങ്ങൾ തുടർന്നു നിലനിർത്തുവാനുള്ള ബാദ്ധ്യത സംസ്ഥാന സർക്കാരിന്റേതു മാത്രമായിരിക്കുമെന്ന് ഡി.പി.ഇ.പി മുന്നറിയിപ്പു നൽകുന്നുമുണ്ട്. ``സാമ്പത്തിക രംഗത്തെ നീക്കുപോക്കുകളും പരിഷ്ക്കാരങ്ങളും നടപ്പാക്കിക്കൊണ്ടിരിക്കുന്ന ഈ കാലയളവിൽ, വിദ്യാഭ്യാസ രംഗത്തെ വികേന്ദ്രീകൃത മാനേജുമെന്റിന്റെ പുത്തൻരൂപങ്ങൾ ആവിഷ്കരിക്കത്തക്കവിധം സംസ്ഥാന–ജില്ലാതലശേഷികൾ നേടിയെടുക്കാനുള്ള സാമ്പത്തികവും സാങ്കേതികവുമായ സഹായങ്ങൾ നൽകുന്ന ഒരു *പരിവർത്തനസംവിധാനം* സൃഷ്ടിക്കുക'' എന്നതാണ് ഡി.പി.ഇ.പി യുടെ ലക്ഷ്യം.

അപ്പോൾ ഡി.പി.ഇ.പി യുടെ ഉദ്ദേശ്യം വളരെ വ്യക്തമാണ്. അത് സാർവ്വത്രിക പ്രാഥമിക വിദ്യാഭ്യാസം നേടിയെടുക്കുക എന്നതല്ല. മറിച്ച്, ജില്ലാതല വികേന്ദ്രീകൃത ആസൂത്രണവും മാനേജ്മെന്റും വിദ്യാഭ്യാസ രംഗത്ത് കൊണ്ടുവരാനായുള്ള ഒരു പരിവർത്തന സംവിധാനം സൃഷ്ടിക്കുക എന്നതാണ്.

## അപ്പോൾ സാർവ്വത്രിക പ്രാഥമിക വിദ്യാഭ്യാസത്തിന്റെ കാര്യമോ?

വിദ്യാഭ്യാസത്തിന്റെ കാര്യത്തിൽ എന്തായിരുന്നു നമ്മുടെ സ്വാതന്ത്ര്യപ്രസ്ഥാനത്തിൽ പ്രകടമായ ജനകീയാഭിലാഷങ്ങൾ?

*``സാർവ്വത്രികമായ ജനകീയ വിദ്യാഭ്യാസം നൽകാൻ സർക്കാർ ബാദ്ധ്യസ്ഥമാണ്. സർക്കാരിന്റെ വരുമാനം പ്രഥമമായി ചെലവിടേണ്ടത് വിദ്യാഭ്യാസത്തിനു വേണ്ടിയായിരിക്കണം. സ്വകാര്യ ഏജൻസികളെക്കൊണ്ടും സ്വകാര്യധനസഹായമുപയോഗപ്പെടുത്തിയും ദേശീയ വിദ്യാഭ്യാസം നൽകാൻ ശ്രമിക്കുന്നത് നിഷ്ഫലമാണ്; അസാദ്ധ്യമായതിനു ശ്രമിക്കുക എന്നതായിരിക്കും അതിന്റെ ഫലം. പ്രാഥമിക വിദ്യാഭ്യാസം മാത്രമാണ് സർക്കാരിന്റെ ഉത്തരവാദിത്വം എന്ന പഴയ ആശയവും പൊയ്പ്പോയിരിക്കുന്നു. പ്രാഥമിക വിദ്യാഭ്യാസത്തിലൂടെ സർക്കാരിന്റെ ബാധ്യത അവസാനിക്കുന്നില്ല എന്നത് ലോകം മുഴുവൻ അംഗീകരിക്കുന്നുണ്ട്. ഉന്നതവിദ്യാഭ്യാസത്തിന്റെ ആവശ്യകതയും സർക്കാരിന് അവഗണിക്കാനാവില്ല''*
*( ലാലാ ലജ്പത്റായ് )*

പ്രാഥമിക വിദ്യാഭ്യാസം മാത്രമല്ല, ഉന്നതവിദ്യാഭ്യാസം പോലും സർക്കാർ ഉത്തരവാദിത്വത്തിൽ കൊണ്ടുവരുന്ന ഉജ്ജ്വലമായ ഒരു പൊതു വിദ്യാഭ്യാസ സംവിധാനത്തെക്കുറിച്ചാണ് നമ്മൾ സ്വപ്നം കണ്ടിരുന്നത്:

അതിന്റെ പ്രതിഫലനമാണ് ഭരണഘടനയിൽ വന്നത്. 14 വയസ്സുവരെ ഏവർക്കും സൗജന്യവും നിർബ്ബന്ധിതവുമായ വിദ്യാഭ്യാസം ഭരണഘടനാപരമായിതന്നെ അഭിലഷിക്കപ്പെട്ടു.

എന്നാൽ അതു നടപ്പായില്ല.

എന്തുകൊണ്ട്?

രാഷ്ട്രീയാധികാരത്തിൽ വന്നത് ജനങ്ങളല്ല,

ഇന്ത്യയിലെ സമ്പന്ന വർഗ്ഗമാണ്.

പൊതുജന വിദ്യാഭ്യാസം അധികാരിവർഗ്ഗത്തിന്റെ താല്പര്യങ്ങൾക്ക് ഒരിക്കലും ഇണങ്ങുന്നതായിരുന്നില്ല എന്നതിനാൽ ആ സമ്പന്നവർഗ്ഗത്തിന്റെ താല്പര്യാർത്ഥം കാലാകാലങ്ങളിൽ രാഷ്ട്രത്തിന്റെ ഭരണാധികാരത്തിൽ വന്ന സർക്കാരുകളൊന്നും തന്നെ ഭരണഘടനാഭിലാഷം പൂർത്തീകരിക്കാൻ തയ്യാറായില്ല. സാർവ്വത്രിക പ്രാഥമിക വിദ്യാഭ്യാസത്തിന് പ്രഥമമായും പ്രധാനമായും വേണ്ടത് ഫണ്ടാണ്. വളരെ തുച്ഛമായ തുകയേ എക്കാലവും വിദ്യാഭ്യാസത്തിനു വകകൊള്ളിച്ചുള്ളു.

1902 ൽ ബ്രിട്ടീഷ് സർക്കാരിനോട് ഇംപീരിയൽ അസംബ്ലിയിൽ വച്ച് ഗോപാലകൃഷ്ണഗോഖലെ പറഞ്ഞതു കേൾക്കുക.

*``നികുതികൾ ഗണ്യമായി വെട്ടിക്കുറക്കണമെന്നും വിദ്യാഭ്യാസത്തിനും മറ്റു സാമൂഹ്യപരിഷ്ക്കാരങ്ങൾക്കുമുള്ള നീക്കിയിരിപ്പിൽ കാര്യമായ വർദ്ധനവുവരുത്തണമെന്നുമുള്ള രണ്ടു കാര്യങ്ങൾ, ഒരേസമയം എങ്ങനെ നടപ്പാക്കും എന്ന് നിങ്ങൾ ചോദിച്ചേക്കാം. രാജ്യത്തെ, ഭീമമായിപ്പെരുകിയിരിക്കുന്ന സൈനികച്ചെലവ് കുറക്കുക എന്നതാണ് ഈ രണ്ടുലക്ഷ്യങ്ങളും ഒരേസമയം നേടിയെടുക്കാനുള്ള ഒരേയൊരു മാർഗ്ഗം എന്നാണ് എന്റെ ഉത്തരം''.*

സ്വതന്ത്രഭാരത സർക്കാരുകളോടും ഇന്ത്യയിലെ ജനങ്ങൾക്ക് ഇതഃപര്യന്തം ഇതുതന്നെ പറയേണ്ടിവന്നു.

ഫണ്ടിന്റേയും രാഷ്ട്രീയ ഇച്ഛാശക്തിയുടേയും അഭാവം ഒന്നുമാത്രമാണ് സാർവ്വത്രിക പ്രാഥമിക വിദ്യാഭ്യാസം നടപ്പാകാതിരിക്കാനുള്ള കാരണങ്ങൾ.

എന്നാൽ 1986 ലെ ദേശീയ വിദ്യാഭ്യാസ നയത്തിലൂടെ (NPE '86) സാർവ്വത്രിക വിദ്യാഭ്യാസത്തിന്റെ കാഴ്ചപ്പാടുകൾ ഭരണാധികാരികൾക്കനുകൂലമായി വളച്ചൊടിക്കപ്പെടാൻ തുടങ്ങി. ഔപചാരിക പ്രാഥമിക വിദ്യാഭ്യാസത്തെക്കുറിച്ചാണ് അന്നുവരെ ചിന്തിച്ചിരുന്നതെങ്കിൽ, NPE '86 സാർവ്വത്രിക വിദ്യാഭ്യാസത്തിന്റെ സ്കീമിലേക്ക് തത്തുല്യമായ അനൗപചാരിക വിദ്യാഭ്യാസത്തേയും' കൊണ്ടു

വന്നു. ഓപ്പൺ സ്കൂൾ, വിദൂരവിദ്യാഭ്യാസം തുടങ്ങിയവ സാർവ്വത്രിക വിദ്യാഭ്യാസത്തിന്റെ ഉപാധികളാക്കി പ്രഖ്യാപിച്ചു. സാർവ്വത്രിക വിദ്യാഭ്യാസം നേടിയെടുക്കുന്ന കാര്യത്തിൽ ജനകീയ പങ്കാളിത്തത്തിന് വലിയ പങ്കുവഹിക്കാനുണ്ടെന്നും അതിനായി ജനങ്ങളിൽ നിന്ന് വിഭവങ്ങൾ സമാഹരിക്കേണ്ടതാണെന്നുമുള്ള ആശയങ്ങൾ കൊണ്ടുവന്നു. സ്വകാര്യ ഏജൻസികൾക്ക് വിദ്യാഭ്യാസരംഗത്ത് കൂടുതൽ പങ്കുവഹിക്കുവാനുള്ള അവസരം അത് പ്രഖ്യാപിച്ചു. പ്രഖ്യാപിതമായി NPE '86 ലൂടെ വിദ്യാഭ്യാസ രംഗത്ത് **കച്ചവടവല്ക്കരണവും** കടന്നുവന്നു.

എന്നാൽ NPE '86നും വിദ്യാഭ്യാസം, പ്രത്യേകിച്ച് പ്രാഥമിക വിദ്യാഭ്യാസം ഭരണകൂടത്തിന്റെ കടമയല്ല എന്നു പ്രഖ്യാപിക്കുവാൻ മടിയുണ്ടായിരുന്നു. ഈ NPE '86 ന്റെ പരിഷ്ക്കരിച്ച '92 ലെ പതിപ്പിന്റെ പ്രാഥമിക വിദ്യാഭ്യാസത്തെ സംബന്ധിക്കുന്ന ഭാഗമാണ് ലോകബാങ്ക് ഏറ്റെടുത്ത് ഇന്ത്യയിൽ ഡി.പി.ഇ.പി ആക്കി ഇപ്പോളവതരിപ്പിച്ചിരിക്കുന്നത്.

## അഴിച്ചുപണി

ഡി.പി.ഇ.പി പ്രാഥമിക വിദ്യാഭ്യാസത്തിന്റെ സാമ്പത്തിക ഉത്തരവാദിത്വം കേന്ദ്രസർക്കാരിന്റെ ചുമതലയിൽ നിന്നുമാറ്റി മറ്റൊരു ചുമതലക്കാരനെ കണ്ടുപിടിക്കാനുള്ള കൗശലങ്ങളാണ് നടത്തിക്കൊണ്ടിരിക്കുന്നത്. അതുകൊണ്ട് അത് വിദ്യാഭ്യാസത്തിന്റെ നടത്തിപ്പിനെ സാഹചര്യാനുസൃതമായി വികേന്ദ്രീകരിക്കുന്നു. താഴെത്തലത്തിൽ ജനപങ്കാളിത്തം നേടിയെടുക്കുവാനുള്ള ശ്രമങ്ങൾ നടത്തുന്നു. സർക്കാരേതര സംഘടനകളെ പ്രോത്സാഹിപ്പിക്കാൻ ശ്രമിക്കുന്നു. ചുരുക്കത്തിൽ ``പ്രാഥമിക വിദ്യാഭ്യാസത്തിന്റെ നടത്തിപ്പിൽ പങ്കാളികളാകുന്ന'' ഏവരുടേയും `ഉടമസ്ഥതയിലേക്ക്' വിദ്യാഭ്യാസത്തെ കൊണ്ടുവരിക എന്നതാണ് ഡി.പി.ഇ.പി യുടെ ശ്രമം. അതുകൊണ്ട് ആസൂത്രണം വികേന്ദ്രീകൃതമായിരിക്കണം. വിശേഷിച്ച് ധനസമാഹരണം വികേന്ദ്രീകൃതമായിരിക്കണം. ലോകബാങ്ക് പ്രത്യേകം നിർദ്ദേശിക്കുന്നു — ``വിഭവസമാഹരണം മെച്ചപ്പെടുത്താനായി കരംപിരിക്കുന്നതിന്റെ വിശാലമായ ഒരടിത്തറ സൃഷ്ടിക്കുക. ജില്ലാതലത്തിൽ സാമ്പത്തിക കാര്യങ്ങൾ നിർവ്വഹിക്കുന്ന രീതി നടപ്പാക്കുക. സംസ്ഥാന സർക്കാരുകൾക്ക് കണ്ടെത്താനാകാത്ത നികുതി പ്രാദേശിക ഭരണസമിതികൾ പിരിച്ചെടുക്കുക'' *(ഇന്ത്യയിലെ പ്രാഥമിക വിദ്യാഭ്യാസം)*

ഡി.പി.ഇ.പി പ്രാഥമിക വിദ്യാഭ്യാസത്തെ സമഗ്രമായി അഴിച്ചുപണിയുന്നതിന്റെ ആദ്യത്തെ പടി ഇതാണ്:

*ഇതഃപര്യന്തം `സർക്കാരിന്റെ' ചുമതലയായിരുന്ന വിദ്യാഭ്യാസത്തെ ജനങ്ങളുടെ' ചുമതലയാക്കിമാറ്റുക.*

ഡി.പി.ഇ.പി സാർവ്വത്രിക പ്രാഥമിക വിദ്യാഭ്യാസത്തെ പരന്ന ഒരു സമ്പ്രദായത്തിലാണ് കാണുന്നത്. ഡി.പി.ഇ.പി ക്ക് ഔപചാരിക വിദ്യാഭ്യാസം തന്നെ

ദ്വണമെന്ന് നിർബ്ബന്ധമില്ല. `വിദ്യാഭ്യാസം വീട്ടുവാതില്ക്കൽ' അഥവാ `അരിസ്റ്റോട്ടിൽ നിങ്ങളുടെ അടുത്തേക്ക്' എന്ന NPE തത്വം ഏറ്റെടുത്തുകൊണ്ട് സാധിക്കുന്നിടത്തെല്ലാം ഔപചാരിക വിദ്യാഭ്യാസവും *അല്ലാത്തിടത്ത് അനൗപചാരിക വിദ്യാഭ്യാസവും നൽകുക* എന്നതാണ് ഡി.പി.ഇ.പി യുടെ സാർവ്വത്രിക വിദ്യാഭ്യാസത്തിന്റെ സ്കീം. സ്കൂളിങ്ങിനു ബദലായ സംവിധാനങ്ങളെയെല്ലാം ശക്തിപ്പെടുത്താൻ അത് ശക്തമായി വാദിക്കുന്നു. അതിനാൽ ഡി.പി.ഇ.പി നടത്തുന്ന സാർവ്വത്രിക വിദ്യാഭ്യാസ പരിപാടിക്ക് ഔപചാരിക വിദ്യാഭ്യാസത്തിൽ ഊന്നലില്ല. അവർ ആവിഷ്കരിക്കുന്ന ഒരു പരിപാടിയെ വിദ്യാഭ്യാസപരിപാടി എന്ന പേരിട്ട് അത് സാർവ്വത്രികത നേടിയെടുത്തിരിക്കുന്നു എന്ന അവകാശവാദമാണ് ഡി.പി.ഇ.പി യിൽ നിന്ന് വരാൻ പോകുന്നത്.

ഡി.പി.ഇ.പി പ്രാഥമിക വിദ്യാഭ്യാസത്തെ അഴിച്ചു പണിയുന്നതിന്റെ രണ്ടാമത്തെ പടി ഇതാണ് :

> *ഇതഃപര്യന്തം ഔപചാരികമായ പ്രാഥമിക വിദ്യാഭ്യാസം സാർവ്വത്രികമാക്കുക എന്നതായിരുന്നു നമ്മുടെ ലക്ഷ്യം. ഡി.പി.ഇ.പി ഈ ലക്ഷ്യത്തിന്റെ പരിപ്രേക്ഷ്യത്തിലേക്ക് അനൗപചാരിക വിദ്യാഭ്യാസത്തെക്കൂടി കടത്തിക്കൊണ്ടുവന്നിരിക്കുന്നു.*

പൊതുവിദ്യാഭ്യാസത്തിന്റെ ഗുണനിലവാരമുയർത്തുവാൻ പ്രതിജ്ഞാബദ്ധമായ ഡി.പി.ഇ.പി അതിനായി പ്രാദേശിക പ്രത്യേകതകൾ പ്രതിഫലിപ്പിക്കുന്ന കരിക്കുലവും സിലബസ്സും രൂപീകരിക്കുന്നതിനെപ്പറ്റിയുള്ള ആശയം മുന്നോട്ടു വച്ചിരിക്കുന്നു. അതിലൂടെ `പ്രാദേശിക ആവശ്യകതകൾ പൂർത്തികരിക്കുക' എന്ന വിദ്യാഭ്യാസ ലക്ഷ്യമാണ് അവതരിപ്പിച്ചിരിക്കുന്നത്. പ്രാദേശികമായ പ്രായോഗികമൂല്യമുള്ള ഭാഷാ-ഗണിത നൈപുണികൾക്കപ്പുറം `മനുഷ്യനെ സൃഷ്ടിക്കുന്ന' വിദ്യാഭ്യാസത്തെക്കുറിച്ചുള്ള സങ്കല്പം അതിനില്ല. അങ്ങനെ താൻ ജീവിക്കുന്ന ചുറ്റുപാടുകളുടെ പരിധിക്കുള്ളിൽ ഉപജീവനം നടത്തുവാൻ ആഹ്വാനം ചെയ്യുന്ന ഡി.പി.ഇ.പിയുടെ വിദ്യാഭ്യാസത്തിൽ ഭാഷയില്ല, ഭാഷാഭേദമേ ഉള്ളൂ. അടിസ്ഥാന ഭാഷാ-ഗണിത- ശാസ്ത്രബോധങ്ങൾ ഉറയ്ക്കാതെ ചില പ്രാദേശിക തൊഴിൽ നൈപുണി നേടി തൊഴിൽക്കമ്പോളത്തിലെ തിരിവുചരക്കായി സാധാരണക്കാരന്റെ കുട്ടികളെ മാറ്റാനുള്ള വിദ്യാഭ്യാസ ഉള്ളടക്കമാണ് ഡി.പി.ഇ.പിയുടേത്

ഉച്ചക്കഞ്ഞി, സൗജന്യ യൂണിഫോം മുതലായവയ്ക്ക് ഡി.പി.ഇ.പി ചെലവു ചെയ്യില്ല. അത് പ്രയോജനശൂന്യമാണ്.

കുട്ടികളെ ക്ലാസ്സുകളിൽ തോല്പിക്കുന്നത് സാമ്പത്തിക നഷ്ടമുണ്ടാക്കും. അതിനാൽ തോൽവിയും ജയവുമില്ലാത്ത വിദ്യാഭ്യാസമാണ് ഡി.പി.ഇ.പി കൊണ്ടുവരുന്നത്.

ഇങ്ങനെ പൊതുവിദ്യാഭ്യാസമെന്ന പേരിൽ ഡി.പി.ഇ.പി അവതരിപ്പിക്കുന്നത് ഒരു `സർവ്വാണി' വിദ്യാഭ്യാസമാണ്.

ഡി.പി.ഇ.പി പ്രാഥമിക വിദ്യാഭ്യാസത്തെ അഴിച്ചുപണിയുന്നതിന്റെ മൂന്നാമത്തെ പടി ഇതാണ് :

> *പൊതു വിദ്യാഭ്യാസമെന്ന പേരിൽ ഒരു സർവ്വാണി വിദ്യാഭ്യാസത്തെ മാത്രം നിലനിർത്തുക. വിദ്യാഭ്യാസത്തിന്റെ എന്തെങ്കിലും ഗുണം ലഭിക്കാൻ ആഗ്രഹമുള്ളവരെ സംബന്ധിച്ചിടത്തോളം അവരെ പൊതുവിദ്യാഭ്യാസത്തിന്റെ മേഖലയിൽ നിന്നകറ്റുക.*

``കുഞ്ഞുങ്ങളുടെ വിദ്യാഭ്യാസത്തിന് സ്വന്തം മാതാപിതാക്കൾ പണം മുടക്കിയാലെ പഠനനിലവാരം മെച്ചപ്പെടൂ എന്ന് ലോകം മുഴുവനുമുള്ള പഠനങ്ങൾ'' ലോകബാങ്കിനെ കാണിച്ചിട്ടുണ്ട്. (ഇന്ത്യയിലെ പ്രാഥമിക വിദ്യാഭ്യാസം പേജ് 5) അങ്ങനെ സ്വന്തമായി പണം മുടക്കി സ്വന്തം കുഞ്ഞുങ്ങളെ പഠിപ്പിക്കേണ്ടിവരുന്ന ഒരു സാഹചര്യത്തിൽ സർവ്വാണി പൊതുവിദ്യാഭ്യാസത്തിനു സമാന്തരമായി സ്വാഭാവികമായി സ്വകാര്യവിദ്യാഭ്യാസ മേഖല വളർന്നുവരാൻ സാഹചര്യം സൃഷ്ടിച്ചാൽ, പണമുള്ളവനും, എങ്ങനെയും പണമുണ്ടാക്കി കുട്ടികളെ പഠിപ്പിക്കണമെന്ന ആഗ്രഹം പൂർത്തീകരിക്കാൻ കഴിയുന്നവനും അവിടേയ്ക്ക് കുട്ടികളെ അയയ്ക്കും. വിദ്യാഭ്യാസത്തിൽ സ്വകാര്യമേഖലവഹിക്കുന്ന പങ്ക് ദേശീയ വിദ്യാഭ്യാസനയം അംഗീകരിച്ചിട്ടുണ്ട്. കാപ്പിറ്റേഷൻ, ഡൊണേഷൻ എന്നിവ കാലാന്തരത്തിൽ നിയമവിധേയമാവുകയും ചെയ്തിട്ടുണ്ട്. പണമുള്ളവനു വേണ്ടിയുള്ള വിദ്യാഭ്യാസം വില്ക്കാൻ വച്ചിരിക്കുന്ന വിദ്യാഭ്യാസക്കമ്പോളം നമ്മുടെ നാട്ടിലുണ്ട്. ഡി.പി.ഇ.പിയുടെ ഹിഡ്ഡൻ അജണ്ട ആ വിദ്യാഭ്യാസ കമ്പോളം പ്രീ-പ്രൈമറി തലം മുതൽ കൂടുതൽ കൂടുതൽ അഭിവൃദ്ധിപ്പെടുത്തിയെടുക്കുക, മത്സരാധിഷ്ഠിതമായ ഒരു ഉജ്ജ്വല സ്വകാര്യ വിദ്യാഭ്യാസമേഖല സ്ഥാപിച്ചെടുക്കുക എന്നതാണ്.

ഡി.പി.ഇ.പി പ്രാഥമിക വിദ്യാഭ്യാസ മേഖല അഴിച്ചുപണിയുന്നതിന്റെ നാലാമത്തെ, എന്നാൽ അവസാനത്തേതല്ലാത്ത പടി ഇതാണ്.

> *സാധാരണക്കാരനപ്രാപ്യമായ, പണംമുടക്കിയാൽ മാത്രം ലഭ്യമാകുന്ന, മത്സരാധിഷ്ഠിത സമൂഹത്തിൽ അതിജീവനത്തിനായി സഹജീവികളോടു മത്സരിക്കാൻ ഒരുവനെ പ്രാപ്തനാക്കുന്ന രീതിയിൽ നിലവാരമുള്ള വിദ്യാഭ്യാസം ലഭിക്കുന്ന സ്വകാര്യമേഖലയെ പുഷ്ടിപ്പെടുത്തുക.*

പാവപ്പെട്ടവന്, സർക്കാരിനുത്തരവാദിത്വമില്ലാത്ത, കാലാന്തരത്തിൽ അപ്രത്യക്ഷമാകാൻ പോകുന്ന സർവ്വാണി വിദ്യ - U E E

**Universal Elimination of Education!**
**വിദ്യാഭ്യാസത്തിന്റെ സാർവ്വത്രിക നിർമ്മാർജ്ജനം!**
**അതാണ് ഡി.പി.ഇ.പി യുടെ ``രോമാഞ്ചജനകമായ''**
**"ബഹുമുഖപദ്ധതി".**

# III

## എന്താണ് ഡി.പി.ഇ.പി ?

1990 മാർച്ചിൽ തായ്‌ലന്റിലെ ജ്യോമ്തിയൻ എന്ന സ്ഥലത്ത് ഒരു ലോക വിദ്യാഭ്യാസ സമ്മേളനം നടന്നു. "രണ്ടായിരാമാണ്ടോടെ എല്ലാവർക്കും വിദ്യാഭ്യാസം'' എന്ന മുദ്രാവാക്യമാണവിടെ പ്രഖ്യാപിച്ചത്. അതിന്റെ മുഖ്യ സ്പോൺസർമാരിലൊരാൾ ലോകബാങ്ക് ആയിരുന്നു. ഇന്ത്യയും ആ സമ്മേളനത്തിൽ പങ്കെടുത്തു. 1986 ലെ ദേശീയ വിദ്യാഭ്യാസനയത്തെ ആസ്പദമാക്കി 1992 ൽ നിലവിൽ വന്ന പ്രോഗ്രാം ഓഫ് ആക്ഷനും (POA) സാർവ്വത്രിക പ്രാഥമിക വിദ്യാഭ്യാസത്തോടുള്ള (Universal Elementary Education - UEE) അതിന്റെ കൂറു പ്രഖ്യാപിച്ചു. രണ്ടായിരാമാണ്ടോടെ അതു നേടിയെടുക്കണമെന്നും നിശ്ചയിച്ചു. 1991 മാർച്ചിൽ യോഗം ചേർന്ന സെൻട്രൽ അഡ്വൈസറി ബോർഡ് ഓഫ് എഡ്യൂക്കേഷൻ (CABE) അതിനിടെ ഇന്ത്യയിൽ പ്രാഥമിക വിദ്യാഭ്യാസ രംഗത്ത് വിദേശ സഹായത്തോടുകൂടിയുള്ള പരിപാടികൾ സ്വീകരിക്കാൻ തീരുമാനിച്ചിരുന്നു. ആഗോളവല്ക്കരണത്തിന്റെ കാറ്റ് ആഞ്ഞു വീശിത്തുടങ്ങിയപ്പോൾ സേവനരംഗങ്ങളിലെല്ലാം ബജറ്റ് വിഹിതം കുറയ്ക്കേണ്ടത് ആവശ്യമായിവന്ന സാഹചര്യത്തിൽ ഈ തീരുമാനം സമയോചിതമായിരുന്നു. സാർവ്വത്രിക പ്രാഥമിക വിദ്യാഭ്യാസത്തെച്ചൊല്ലി പ്രോഗ്രാം ഓഫ് ആക്ഷൻ ആണയിട്ടിട്ടുണ്ടെന്നതിനാൽ അതു നടപ്പാക്കാൻ പിന്നെ മറ്റു മാർഗ്ഗമൊന്നുമില്ലാതായി. ഭരണഘടനയ്ക്കു രൂപം കൊടുത്തപ്പോൾ മുതൽ ഇന്ത്യയിലെ മാറിമാറി വരുന്ന സർക്കാരുകൾക്ക് പത്തുവർഷത്തിനകം സാർവ്വത്രിക പ്രാഥമിക വിദ്യാഭ്യാസമെന്നത് ഒരു അനസ്യൂത പ്രതിജ്ഞയായിരുന്നു. അതേ മുദ്രാവാക്യം തന്നെ ജ്യോമ്തിയനിൽ മുഴക്കിയ ലോകബാങ്ക് കൃത്യസമയത്തുതന്നെ ഡി.പി.ഇ.പി യുമായെത്തി. ഇന്ത്യാഗവൺമെന്റ് കൊട്ടും കുരവയും ആർപ്പും വിളിയുമായി ഡി.പി.ഇ.പി യെ എതിരേറ്റു. ഡി.പി.ഇ.പി അതിന്റെ തേരോട്ടം ആരംഭിച്ചു.

കേന്ദ്രഗവൺമെന്റ് ഡി.പി.ഇ.പി പദ്ധതി അംഗീകരിച്ചത് 1993 ൽ ആണ്. അതേതുടർന്ന് വിവിധ സംസ്ഥാനങ്ങളിൽ നിലനിന്നിരുന്ന പ്രാഥമിക വിദ്യാഭ്യാസ പരിപാടികളെയെല്ലാം ഒരൊറ്റകുടക്കീഴിൽ കൊണ്ടുവന്നു. 1994 ജനുവരി 22ന് ലോകബാങ്കിന്റെ സഹോദരസംഘടനയായ ഇന്റർനാഷണൽ ഡെവലപ്മെന്റ് ഏജൻസി

(IDA)യുമായി ഡി.പി.ഇ.പിക്കു വേണ്ടിയുള്ള ധനസഹായക്കരാറിൽ ഇന്ത്യാഗവൺമെന്റ് ഒപ്പുവച്ചു. 14 സംസ്ഥാനങ്ങളിലായി 150 ജില്ലകളിൽ പരിപാടി നടപ്പിൽ വരുത്തി.

ദേശീയ തലത്തിൽ ഡി.പി.ഇ.പി ബ്യൂറോ പദ്ധതിക്കു മേൽനോട്ടം വഹിക്കും. അടിമുടി ഒരു സമാന്തരഭരണ സംവിധാനം ഡി.പി.ഇ.പിയ്ക്കുണ്ട്. ഡി.പി.ഇ.പി നടപ്പാക്കാനായി കേരളത്തിൽ പെഡ്സ്ക് (പ്രൈമറി എഡ്യൂക്കേഷൻ ഡെവലപ്മെന്റ് സൊസൈറ്റി ഓഫ് കേരള) എന്ന് രജിസ്റ്റേർഡ് സൊസൈറ്റി രൂപീകരിച്ചിരിക്കുന്നു. മുഖ്യമന്ത്രി ചെയർമാൻ, പ്രോജക്ട് ഡയറക്ടറായി ഒരു ഐ.എ.എസ് ഉദ്യോഗസ്ഥൻ, ഓരോ ജില്ലക്കും ജില്ലാ പ്രോജക്ട് ഓഫീസർ. സംസ്ഥാനതലത്തിലും ജില്ലാതലത്തിലും ബ്ലോക്കുതലത്തിലും റിസോഴ്സ് ഗ്രൂപ്പുകൾ. ഉദ്യോഗസ്ഥന്മാരുടെ വലിയൊരു ശ്രേണി ഡി.പി.ഇ.പി ക്കുവേണ്ടി പ്രവർത്തിക്കുന്നു.

കേരളത്തിൽ 1994 ൽ കാസർകോട്, വയനാട്, മലപ്പുറം എന്നീ ജില്ലകളിൽ ഡി.പി.ഇ.പി ആരംഭിച്ചു. തിരുവനന്തപുരം, ഇടുക്കി, പാലക്കാട് എന്നീ ജില്ലകളിൽ 1997 ലാണ് പദ്ധതി തുടങ്ങിയത്. ഈ ആറു ജില്ലകളിലും ഡി.പി.ഇ.പിക്കനുസരിച്ചുള്ള കരിക്കുലം പരിഷ്ക്കരണവും പാഠപുസ്തകാവതരണവും നടന്നത് '97-'98 അദ്ധ്യായനവർഷത്തിലാണ്. '98-'99 അദ്ധ്യയനവർഷത്തിൽ ഡി.പി.ഇ.പി സംസ്ഥാനം മുഴുവൻ വ്യാപിപ്പിച്ചു.

1994 ൽ തുടങ്ങി 2001 ൽ അവസാനിക്കുന്ന ഏഴുവർഷ പ്രോജക്റ്റിന് ജില്ലയൊന്നിന് 40 കോടി രൂപയാണ് നീക്കിവക്കുന്നത്. ഇതിൽ 85 ശതമാനം കേന്ദ്ര ഗ്രാന്റാണ്. 15 ശതമാനം സംസ്ഥാനം വഹിയ്ക്കണം. ലോകബാങ്കിൽ നിന്ന് കേന്ദ്രം കടം വാങ്ങുകയും ഗ്രാന്റായി സംസ്ഥാനങ്ങൾക്കു നൽകുകയും ചെയ്യുന്നു. 0.75% പലിശസഹിതം 40 വർഷം കൊണ്ട് കേന്ദ്രഗവൺമെന്റ് ഇത് തിരിച്ചടച്ചാൽ മതി.

ലഭിക്കുന്ന പണത്തിന്റെ 70% അക്കാദമിക കാര്യങ്ങൾക്കും 24% അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും ബാക്കി 6% മാനേജ്മെന്റ് ചെലവുകൾക്കും നീക്കിവക്കുന്നു. ധനവിനിയോഗമടക്കമുള്ള എല്ലാ കാര്യങ്ങൾക്കും കർക്കശമായ നിബന്ധനകളുണ്ട്. ദേശീയതലം മുതൽ പരിശോധക സംഘങ്ങൾവഴി ഡി.പി.ഇ.പിയുടെ നടത്തിപ്പ് പരിശോധിക്കാനും വിലയിരുത്താനുമുള്ള ചിട്ടയായ സംവിധാനവുമുണ്ട്. ഇതെല്ലാം കേന്ദ്രസർക്കാർ 1997 ൽ പുറത്തിറക്കിയ *പരിഷ്ക്കരിച്ച ഡി.പി.ഇ.പി മാർഗ്ഗ രേഖയിൽ* വിശദമാക്കുന്നു.

## ന്യൂഡൽഹി – വാഷിങ്ടൺ ഡി.സി. സംയുക്ത സംരംഭം

ഡൽഹിയിലുള്ള ഡി.പി.ഇ.പി ബ്യൂറോ ആണ് ബൃഹത്തായ ഡി.പി.ഇ.പി പദ്ധതിയുടെ കേന്ദ്രം. ഡി.പി.ഇ.പി ബ്യൂറോ ഒരു ഇന്ത്യാഗവണ്മെന്റ് – ലോകബാങ്ക് സംയുക്തസംരംഭമാണ്. ഒരു ജില്ലയ്ക്ക് 40 കോടി രൂപാവച്ച് ഡി.പി.ഇ.പി

ബ്യൂറോ ഇന്ത്യയിലെ ജനങ്ങളിൽ നിക്ഷേപിക്കുന്നു. മുടക്കുമുതൽ പലിശസഹിതം തിരിച്ചെടുക്കാനുള്ള വളരെ വിശദമായ ഒരു പദ്ധതി അതിനുണ്ട്. ജനതാല്പര്യം എന്നേ വെടിഞ്ഞ് ആഗോള രാഷ്ട്രീയത്തിലും ആഗോള കമ്പോളത്തിലും തങ്ങൾ നേടിയെടുത്തിട്ടുള്ള മാന്യമായ സ്ഥാനം നിലനിർത്താനും ഉയർത്തിയെടുക്കാനുമായി യത്നിക്കുന്ന ഇന്ത്യാഗവണ്മെന്റിന്റെയും പുതിയ ലോകക്രമത്തിനു മേൽനോട്ടം വഹിക്കുന്നവരിലൊരാളായ ലോകബാങ്കിന്റെയും താല്പര്യങ്ങൾ സംയോജിച്ചു വന്നിടത്തുനിന്നാണ് ഈ സംയുക്ത സംരംഭമാരംഭിച്ചത്. അതുകൊണ്ടാണ് ലോകബാങ്ക് നിർദ്ദേശങ്ങളും പരിഷ്കരിച്ച NPE '92 ഉം കൂടിച്ചേർന്നപ്പോൾ സമഞ്ജസമായ DPEP '97 മാർഗ്ഗരേഖ' ഉണ്ടായത്. ഡി.പി.ഇ.പി ബ്യൂറോയിൽ ഇന്ത്യൻ ഉദ്യോഗസ്ഥന്മാരും ലോകബാങ്ക് ഉദ്യോഗസ്ഥന്മാരും തോളോടുതോൾ ചേർന്ന് പണിയെടുക്കുന്നു.

## LDF ഉം DPEP യും

എന്നാൽ വിദ്യാഭ്യാസത്തെ ആസൂത്രിതമായി തകർക്കാനായി അവതരിച്ച ഡി.പി.ഇ.പി യെ കേരളത്തിൽ എൽ.ഡി.എഫ് ഏറ്റെടുത്തതെന്തിനാണ് ? ഇപ്പോഴും വിദ്യാഭ്യാസം ഇന്ത്യൻ ഭരണഘടനയുടെ കൺകറന്റ് ലിസ്റ്റിലാണ് കിടക്കുന്നതെന്നതിനാൽ കേരളത്തിലെ എൽ.ഡി.എഫ് സർക്കാരിന് വേണമെങ്കിൽ ഡി.പി.ഇ.പി യെ അകറ്റിനിർത്താമായിരുന്നു. നമ്മുടെ സംസ്ഥാനത്തെ വിദ്യാഭ്യാസത്തിന് എൽ.ഡി.എഫ് തനതായ സംഭാവനയൊന്നും നൽകിയില്ലെങ്കിലും അതിനെ തുലച്ചുകളയുന്നതിൽ നിന്നു പിൻതിരിയാൻ കഴിയുമായിരുന്നു.

മാത്രമല്ല എൽ.ഡി.എഫ് അധികാരത്തിൽ വരുന്നതിനു തൊട്ടുമുമ്പുവരെ എൽ.ഡി.എഫിന്റെ മുഖ്യ ഘടകകക്ഷിയായ സി.പി.ഐ (എം) ന്റെ അഭിപ്രായവും മറ്റൊന്നായിരുന്നുവല്ലോ. സി.പി.ഐ (എം) ന്റെ പോളിറ്റ്ബ്യൂറോ അംഗമായ ശ്രീ സീതാറാം യച്ചൂരി പറയുന്നത് ശ്രദ്ധിക്കുക: "സ്കൂൾ വിദ്യാഭ്യാസത്തിന് പുറത്തുനിന്നുള്ള പണം പ്രവഹിക്കാൻ തുടങ്ങി . . . വലിയ കൊട്ടിഘോഷങ്ങളോടെ ഡി.പി.ഇ.പി എന്ന പേരിൽ അത് നടപ്പാക്കാൻ തുടങ്ങി. ഗവണ്മെന്റിന്റെ വകയിരുത്തൽ കുറഞ്ഞുവരുന്ന സാഹചര്യത്തിൽ ഇത്തരത്തിൽ വിദേശപണത്തെ ആശ്രയിക്കുന്നത് ആപല്ക്കരമാണ്. പാഠ്യപദ്ധതിയിലും ഉള്ളടക്കത്തിലും അദ്ധ്യാപക പരിശീലനത്തിലും ഇടപെടുന്നതിലേക്ക് അത് നയിച്ചേക്കും. ഈ പരിപാടികളിൽ *തങ്ങൾ തരുന്ന കടത്തിൽ കവിഞ്ഞ സ്വാധീനം ലോകബാങ്ക് ചെലുത്തുമെന്ന കാര്യം തീർച്ചയാണ്."* എന്നാൽ ഇതു പറഞ്ഞത് 1996 ൽ നായനാർ സർക്കാർ അധികാരത്തിൽ വന്ന് ഡി.പി.ഇ.പി നടപ്പാക്കിത്തുടങ്ങുന്നതിനു തൊട്ടു മുമ്പാണ് (സാമ്പത്തിക നയം- അവകാശവാദവും യാഥാർത്ഥ്യവും - ചിന്ത പ്രസിദ്ധീകരണം). ഡി.പി.ഇ.പി യുടെ സാരഥ്യം വഹിച്ചുകൊണ്ട് പെഡസ്കിന്റെ ചെയർമാൻ

കൂടിയായ കേരള മുഖ്യമന്ത്രിയും സി.പി.ഐ (എം) ന്റെ മറ്റൊരു പോളിറ്റ് ബ്യൂറോ അംഗവുമായ ശ്രീ ഇ.കെ.നായനാരോ? അദ്ദേഹം പറഞ്ഞത് ഇങ്ങനെയാണ്: ``.....ഒരു നല്ല സമൂഹത്തെ വാർത്തെടുക്കാനുതകുന്ന ഹൃദ്യവും ചലനാത്മകവും ലക്ഷ്യവേധിയും നിരന്തരം നവീകരിക്കപ്പെടുന്നതുമായ ഒരു വിദ്യാഭ്യാസ മാതൃക കരുപ്പിടിപ്പിക്കാനാണ് ഡി.പി.ഇ.പി യിലൂടെ ഞങ്ങൾ ശ്രമിക്കുന്നത്. ഈ പരിപാടിയിൽ മാതൃകാപരമായ തുടക്കം കുറിച്ചിരിക്കുന്നത് നമ്മുടെ സംസ്ഥാനമാണ് (*ജനപഥം:കേരള പബ്ലിക് റിലേഷൻസ് വകുപ്പ് പ്രസിദ്ധീകരണം,ജനുവരി 1998*)

അധികാരത്തിൽ വന്നപ്പോൾ സഹജമായ അവസരവാദ സമ്പ്രദായത്തിൽ സി.പി.ഐ (എം) കളംമാറ്റിച്ചവുട്ടി.

## അമരത്ത് പരിഷത്ത്

പക്ഷേ കേരള ശാസ്ത്രസാഹിത്യ പരിഷത്ത് ഡി.പി.ഇ.പി യുടെ മൊത്തം വക്താക്കളായി വീറോടെ സംസ്ഥാനമെമ്പാടും നടക്കുന്ന കാഴ്ച അത്ഭുതകരമാണ്. പരിഷത്ത് സി.പി.ഐ (എം) ന്റെ വാലായി ഇതേവരെ മാറിയിട്ടില്ല എന്ന് ഏതൊരു പരിഷത്ത് നേതാവും ആണയിട്ടുപറയും. പിന്നെ സി.പി.ഐ (എം) നേതാക്കളേക്കാൾ തീവ്രമായി പരിഷത്ത് നേതാക്കൾ ഡി.പി.ഇ.പി യെ ന്യായീകരിക്കുക മാത്രമല്ല; അതിന്റെ നടത്തിപ്പുകാരായി നടക്കുകയും ചെയ്യുന്നത് എന്തുകൊണ്ടാണ്?

കേരളത്തിൽ എൽ.ഡി.എഫ് സർക്കാർ വരുന്നതുവരെ പരിഷത്തും വലിയ ഡി.പി.ഇ.പി വിരോധികളായിരുന്നു എന്നതാണ് രസകരം. നോക്കുക: "ഇത്തരത്തിൽ ഭാരതത്തിന്റെ ചരിത്രത്തിലാദ്യമായി വിദ്യാഭ്യാസരംഗം വിദേശ സാമ്പത്തിക സ്ഥാപനങ്ങൾക്കും ലോകബാങ്കിനും തുറന്നുകൊടുത്തിരിക്കുന്നു. അതിന്റെ പ്രത്യാഘാതങ്ങൾ എന്തെല്ലാമായിരിക്കും?... ക്രമേണ അവർ നമ്മുടെ വിദ്യാഭ്യാസ മേഖല കൈവശപ്പെടുത്തുക തന്നെ ചെയ്യും. ജലസേചനം തുടങ്ങിയ രംഗങ്ങളിൽ അവർ ചെയ്തുവരുന്നതുപോലെ, ആത്യന്തികമായി, വിദ്യാഭ്യാസ മേഖലയിൽ എന്തെല്ലാം ചെയ്യണമെന്ന് തീരുമാനിക്കുന്നത് ഈ സാമ്പത്തിക സ്ഥാപനങ്ങൾ ആയിരിക്കും''.

"ഡി.പി.ഇ.പി ഇപ്പോൾതന്നെ നടപ്പിലാക്കിത്തുടങ്ങിയ, സംസ്ഥാന വിദ്യാഭ്യാസവകുപ്പുകളുടെ ഇത:പര്യന്തമുള്ള പ്രവർത്തനങ്ങൾ നിരീക്ഷിക്കുന്നത് രസകരമായിരിക്കും. ഈ ജില്ലകളിലൊന്നും വെള്ളക്കാരെ കണ്ടുവെന്ന് വരില്ല. ജില്ലകളിൽ തന്നെയാണ് പദ്ധതിയുടെ ആസൂത്രണം നടന്നത്. സൂക്ഷ്മതലത്തിലുള്ള ആസൂത്രണം വളരെ പ്രധാനപ്പെട്ടതാണ്. അതുകൊണ്ട് പരിപാടികൾ എങ്ങനെ നടപ്പിലാക്കണമെന്ന് തീരുമാനിക്കുന്നത് ജില്ലകൾതന്നെയാണ്''.

"പക്ഷെ, പ്രാധാനപ്രശ്നം ആരാണ് ജില്ലാതല പദ്ധതിയുടെ ഘടന തീരുമാ

നിച്ചത് എന്നതാണ്. ലോകബാങ്കിലെ മിഡിൽടൺ എന്നയാളാണ് ഇത് നിശ്ചയിച്ചത്. ജില്ലാതല ആസൂത്രണം എങ്ങനെ നടത്താമെന്ന് കാണിക്കുന്ന ഒരു കരടുരേഖ ഇയാൾ ഉണ്ടാക്കിയിട്ടുണ്ട്. മിഡിൽടൺ തയ്യാറാക്കിയ പ്രോഫോമ ഈ ഡി.പി.ഇ.പി കൾക്കു നൽകുകയുണ്ടായി. അതാണ് മാർഗ്ഗരേഖയായി ജില്ലാ വിദ്യാഭ്യാസ അധികാരികൾ സ്വീകരിച്ചത്. ഈ പ്രോഫോമ വിവിധഭാഷകളിൽ അച്ചടിച്ചിട്ടുണ്ട്. ജില്ലാപദ്ധതികൾ തയ്യാറാക്കിയത് ഈ പ്രോഫോമ ഉപയോഗിച്ചുതന്നെയാണ്. ഒരു വശത്ത്, ജനപങ്കാളിത്തം, സൂക്ഷ്മതല ആസൂത്രണം തുടങ്ങിയകാര്യങ്ങൾ നാം കാണുന്നു. മറുവശത്ത് നമുക്ക് ഒരു പ്രോഫോമ നൽകുകയും അതിനനുസരിച്ച് പദ്ധതികൾ തയ്യാറാക്കാൻ പറയുകയും ചെയ്യുന്നു.''

"എല്ലാ ഡി.പി.ഇ.പി കളിലും സർക്കാർ കോർഗ്രൂപ്പുകൾ ഉണ്ടാക്കിയിട്ടുണ്ട് ....... ഒരുതരത്തിൽ പറഞ്ഞാൽ വിദേശസാമ്പത്തിക ഏജൻസികൾ നിശ്ചയിച്ച നിബന്ധനകൾ നടപ്പിലാക്കാൻ നാം ഇന്ത്യാക്കാരായ മദ്ധ്യവർത്തികളെ കണ്ടെത്തിയിരിക്കുന്നു.''

"പ്രൈമറി വിദ്യാഭ്യാസ മേഖലയിൽ ഇതുവരെ നാം സൃഷ്ടിച്ചതെന്തോ അതിൽനിന്ന് ഡി.പി.ഇ.പി പടുത്തുയർത്തുന്നതിനുപകരം അവയെ അപ്പാടെ മാറ്റി പുത്തൻരീതികൾ കൊണ്ടുവരണമെന്നാണ് ഈ കമ്മിറ്റികൾ ശുപാർശ ചെയ്തിരിക്കുന്നത്. ഈ മേഖലയിൽ നാം സൃഷ്ടിച്ചതെല്ലാം ഇതിനാൽ ഇല്ലാതാവുന്നു. പ്രൈമറി വിദ്യാഭ്യാസ മേഖലയിൽ പോലും നമ്മുടെ സ്വാശ്രായത്വം ഇല്ലാതാകുന്നുവെന്നതാണ് ഇതിനർത്ഥം'' (*`പുത്തൻ സാമ്പത്തിക നയവും വിദ്യാഭ്യാസവും' എന്ന ലഘുലേഖയിൽ നിന്ന് - പരിഷത്ത് പ്രസിദ്ധീകരണം' 1994*). ശാസ്ത്രഗതിയുടെ (പരിഷത്ത് പ്രസിദ്ധീകരണം) 1995 ഏപ്രിൽ–മെയ് ലക്കത്തിൽ ശ്രീ വിനോദ് റെയ്ന `വിദേശ നിയന്ത്രിതമായ ഒരു പ്രൈമറി വിദ്യാഭ്യാസ നയത്തിലേയ്ക്ക്' എന്ന തലക്കെട്ടിൽ എഴുതിയത് വായിക്കൂ:

"കരിക്കുലം, പാഠപുസ്തകങ്ങൾ, അദ്ധ്യാപക പരിശീലനം മുതലായ അതിപ്രധാനങ്ങളായ മേഖലകളിൽ ഫണ്ടിംഗ് ഏജൻസികൾ ഇടപെടില്ലെന്ന് ഉറപ്പുവരുത്താൻ തങ്ങൾ കിണഞ്ഞു ശ്രമിക്കുന്നുണ്ട് എന്ന് കേന്ദ്രഗവൺമെന്റിലെ ചില ഉദ്യോഗസ്ഥന്മാർ പറയുന്നുണ്ട്. . . . പക്ഷെ ഫിനാൻസിനെയും മാനേജ്മെന്റിനെയും മറ്റു വിദ്യാഭ്യാസപ്രക്രിയകളിൽ നിന്ന് തികച്ചും വേർതിരിച്ചു നിർത്തുക ദുഷ്ക്കരമാണ്. . . . കാരണം ഇന്ന് ഇന്ത്യയിൽ വിദ്യാഭ്യാസത്തിനായി മൊത്തം ചെലവാക്കുന്ന തുകയുടെ 95% ഉം അദ്ധ്യാപകരുടെ ശമ്പളത്തിനുവേണ്ടിയാണ്. അദ്ധ്യാപക പരിശീലനം, വിദ്യാഭ്യാസത്തിന്റെ ഗുണനിലാവരം മെച്ചപ്പെടുത്തൽ മുതലായവയ്ക്ക് വളരെക്കുറച്ച് പണമേയുള്ളു. ഡി.പി.ഇ.പി ഫണ്ടിന്റെ കാര്യത്തിലാകട്ടെ ഭൂരിഭാഗം ഈ മേഖലയിലാണ് നിയോഗിക്കപ്പെടുക.''

"ലോകവിപണിയാൽ തെളിയ്ക്കപ്പെടുന്ന ഏകാത്മകവും ആഗോളവല്ക്കൃ

തവുമായ ഒരു വിദ്യാഭ്യാസ സമ്പ്രദായം ഇവിടെ സംസ്ഥാപിതമാകും എന്ന താണ് ഡി.പി.ഇ.പിയുടെ യഥാർത്ഥ ഭീഷണി. അങ്ങനെ സ്വകാര്യവല്ക്കരണം, കച്ചവടവല്ക്കരണം എന്നിവയുടെ ഫലമായി നഗരങ്ങളിലെയും ഗ്രാമങ്ങളിലെയും ഒരു ചെറുധനിക വിഭാഗത്തിന് സാമൂഹ്യമായി ഉയർന്നുപോകാൻ കഴിയുന്ന വിദ്യാഭ്യാസം ലഭിക്കുന്നു. ബഹുഭൂരിപക്ഷത്തിനാകട്ടെ, വിദേശസഹായത്തോടെ ജീവൻ നിലനിർത്തുന്ന, അവരുടെ ആജ്ഞാനുസരണം പെരുമാറുന്ന ഒരു വിദ്യാഭ്യാസ പേക്കോലം മാത്രം ഉണ്ടായിരിക്കും''.

യാതൊരു നിക്ഷിപ്തതാല്പര്യവുമില്ലാതെ വിഷയത്തെ അപഗ്രഥിച്ചാൽ ചെന്നെത്താവുന്ന ന്യായമായ നിഗമനത്തിലാണ് ശ്രീ.വിനോദ് റെയ്ന ചെന്നെത്തിയത്. സ്വാഭാവികമായും നാം പ്രതീക്ഷിക്കുന്നത് പ്രാഥമിക വിദ്യാഭ്യാസത്തെ രക്ഷിക്കാനായി ഡി.പി.ഇ.പി യ്ക്കെതിരെ ശക്തമായ ഒരു പ്രക്ഷോഭണത്തിന്റെ പാതയിലണിനിരക്കാൻ ആഹ്വാനം ചെയ്യുന്ന ശ്രീ. റെയ്നയെയാണ്. എന്നാൽ നമുക്കു തെറ്റി; അദ്ദേഹം ആവിഷ്കരിച്ച പ്രവർത്തന പരിപാടി വേറെയാണ്. "വ്യക്തമായ അക്കാദമിക് അടിസ്ഥാനത്തിൽ പരിപാടിയിൽ ഇടപെടുക എന്നതായിരിക്കും അകന്നു നില്ക്കുന്നതിനേക്കാൾ നല്ലത്''.

'97 ആഗസ്റ്റിലെ *പരിഷദ് വാർത്ത*യിൽ ശ്രീ എം.പി.പരമേശ്വരൻ പരിഷത്തും ഡി.പി.ഇ.പി യും തമ്മിലുള്ള ബന്ധം ഉടലെടുത്തതിനെക്കുറിച്ച് അല്പം ചരിത്രം പറയുന്നുണ്ട്. "കേരളത്തിൽ മൂന്നു ജില്ലകളിൽ ഡി.പി.ഇ.പി നടപ്പിലാക്കാൻ തുടങ്ങിയപ്പോൾ ചില ഗുരുതരമായ ആശങ്കകളുണ്ടായിരുന്നു:

1. ലോകബാങ്കിന്റെ ധനസഹായത്തോടെയാണിത് നടക്കുന്നത്. തൽഫലമായി ലോകബാങ്കിന്റെ ഇടപെടലിന് നമ്മുടെ വിദ്യാഭ്യാസ രംഗത്തെ തുറന്നുകൊടുക്കുകയാണ്.
2. പദ്ധതിരേഖ അടക്കം രഹസ്യമായി വച്ചുകൊണ്ടുള്ള പ്രവർത്തനം കൂടുതൽ ആശങ്കകളുളവാക്കുന്നു. .. . . പഞ്ചായത്ത് വിദ്യാഭ്യാസ സമിതികളോ ജനാധിപത്യ സമീപനമോ ഇല്ലാതെയുള്ളതായിരുന്നു ഇവിടത്തെ രീതി.
3. ഏറെ പണമുള്ളതിനാലും സുസ്ഥിരതയില്ലാത്തിനാലും ആത്യന്തികമായി ഒട്ടേറെ അഴിമതി നടക്കും എന്നല്ലാതെ വിദ്യാഭ്യാസ നിലവാരം മെച്ചപ്പെടുത്താൻ ഇത് സഹായിക്കില്ല''.

അപ്പോൾ നിഗൂഢമായ വഴികളിലൂടെ ജനാധിപത്യരീതികൾ വെടിഞ്ഞ് പണം വാരിയെറിഞ്ഞുകൊണ്ട് ലോകബാങ്ക് കടന്നുവരുന്നതു കണ്ടാൽ സ്വാഭാവികമായും നാം വിചാരിക്കുക ശ്രീ.പരമേശ്വരൻ അപകടകരമായ ആ വരവിനെ ചെറുക്കുവാനുള്ള സന്നാഹങ്ങളൊരുക്കുവാൻ പോകുകയാണെന്നാണ്. എന്നാൽ ശ്രീ. റെയ്നയെപ്പോലെ ശ്രീ. പരമേശ്വരനും എടുക്കുന്ന നടപടി നേർവിപരീതമാണ്.

"ഡി.പി.ഇ.പി യെ എതിർത്ത് പ്രമേയം പാസ്സാക്കുകയോ പ്രക്ഷോഭണങ്ങൾ നടത്തുകയോ അല്ല ചെയ്യേണ്ടത്. കൂടുതൽ മനസ്സിലാക്കുകയും അഴിമതികൾ വെളിച്ചത്തു കൊണ്ടുവരികയും *ജനങ്ങളുടെയും അദ്ധ്യാപകരുടെയും പങ്കാളിത്തം* ഉറപ്പിക്കുകയും അദ്ധ്യയന-അദ്ധ്യാപന നിലവാരം മെച്ചപ്പെടുത്തുവാൻ നാം ചെയ്തുകൊണ്ടിരുന്ന പ്രവർത്തനം കൂടുതൽ ശക്തിപ്പെടുത്തുകയും . . . ആണ് വേണ്ടത് എന്ന നിഗമനത്തിൽ നാം എത്തി." ". . .നാം എത്തി" എന്നു പറയുന്നതു കൊണ്ട് പരിഷത്തിന്റെ ഉന്നതതല സമിതി എത്തി എന്നു വിചാരിക്കേണ്ടിയിരിക്കുന്നു. എന്നാൽ ഇത്ര പൂർവ്വാപരവൈരുദ്ധ്യത്തോടെ ഒരു നിഗമനത്തിലെത്താൻ പരിഷത്തിന്റെ ഉന്നതസമിതിയ്ക്കു കഴിയുന്നതെങ്ങനെയാണ്? അതോ ശ്രീ. പരമേശ്വരൻ അദ്ദേഹം പങ്കെടുത്ത കരിക്കുലം കമ്മിറ്റി മീറ്റിംഗിനെ സംബന്ധിച്ചു പിന്നീടുപറഞ്ഞിട്ടുള്ള ലോബീയിംഗ്, ഇവിടെയും പ്രായോഗികമാക്കപ്പെട്ടോ? ഏതായാലും "പഞ്ചായത്തു സ്കൂൾ കോംപ്ലക്സുകൾ പൂർവ്വാധികം ശക്തിപ്പെടുത്താനും .... വിവിധ ജില്ലകളിൽ ആരംഭിച്ച പരിപാടികളെ സഹായിക്കാനും ഒരു വിദ്യാഭ്യാസ കമ്മീഷനെ നിയമിക്കാനും തുടർന്ന് *അക്കാദമിക രംഗത്ത് കൂടുതൽ സജീവമായി പ്രവർത്തിക്കാനും* തീരുമാനിച്ചത്" ആ നിഗമനത്തിൽ എത്തിച്ചേർന്നതു കൊണ്ടാണ്.

പരിഷത്ത് അംഗങ്ങളും അല്ലാത്തവരുമായ ആയിരക്കണക്കിന് അദ്ധ്യാപകരെ ഇതിൽ പങ്കാളികളാക്കാൻ കഴിഞ്ഞതിൽ ശ്രീ. പരമേശ്വരൻ അഭിമാനം കൊള്ളുന്നു. നൂറുകണക്കിന് പരിഷത്ത് പ്രവർത്തകരും കേരളത്തിലുടനീളം ഡി.പി.ഇ.പിയ്ക്കുവേണ്ടി പ്രവർത്തിച്ചുകൊണ്ടിരിക്കുന്നു എന്നത് മറ്റൊരു വാസ്തവവും.

"ഡി.പി.ഇ.പി യുടെ ഘടനയെയും നിർവ്വഹണരീതിയെയും അതിന്റെ ലോകബാങ്ക് ബന്ധത്തെയും സംബന്ധിച്ച വിമർശനങ്ങൾ പരിഷത്ത് നിലനിർത്തുന്നുണ്ട്. അതേ സമയം പുതിയ കരിക്കുലവും പാഠപുസ്തകങ്ങളും പരിഷത്ത് സ്ഥിരമായി പറഞ്ഞുപോരുന്ന പഠനം രസകരമായ അനുഭവമാക്കുക എന്ന ആശയവുമായി ബന്ധപ്പെട്ടവയാണ്." (*ഡി.പി.ഇ.പി പുസ്തകങ്ങൾ - വിവാദവും യാഥാർത്ഥ്യവും - പരിഷത്ത് പ്രസിദ്ധീകരണം 1997*). പരിഷത്തിന്റെ ഡി.പി.ഇ.പി പ്രവർത്തനങ്ങളെ വിമർശിക്കുന്നവർക്ക് ചുരുക്കത്തിൽ ലഭിക്കുന്ന മറുപടി ഇതാണ്. ലോകബാങ്കിന്റെ സ്വാധീനങ്ങളെ ഡി.പി.ഇ.പി യുടെ വിവിധതലങ്ങളിൽ കയറിക്കൂടിയിട്ടുള്ള പരിഷത്തിലെ നേതാക്കൾ ചെറുക്കുന്നുണ്ടാകുമെന്നും അത് നമ്മുടെ വിദ്യാഭ്യാസത്തെ ബാധിക്കുവാൻ അവർ അനുവദിക്കുകയില്ലെന്നുമായിരിക്കാം പരിഷത്ത് പ്രവർത്തകർ വിശ്വസിക്കുന്നത്. അതിനാൽ "വിമർശിച്ചുകൊണ്ട് പങ്കെടുക്കുക" എന്ന അവസരവാദ രാഷ്ട്രീയരീതി പരിഷത്ത് സ്വീകരിക്കാൻ ഇടയില്ല എന്നും അവർ കണക്കുകൂട്ടിയിരിക്കാം. പിന്നെ തികച്ചും അക്കാദമിക രംഗത്താണ് പരിഷത്തിന്റെ ഡി.പി.ഇ.പി പ്രവർത്തനം എന്നും പരിഷത്ത് അതിന്റെ പ്രവർത്ത

കരെ വിശ്വസിപ്പിക്കുന്നുണ്ടാകാം.

എന്തോ മഹത്വപൂർണ്ണമായ കാര്യമാണെന്ന് ആത്മാർത്ഥമായി വിശ്വസിച്ചു കൊണ്ട് പരിഷത്ത് പ്രവർത്തകർ കയ്മെയ് മറന്നു നടത്തുന്ന ഈ `അക്കാദമിക' ഡി.പി.ഇ.പി പ്രവർത്തനങ്ങളുടെ പൊരുൾ എന്താണ് ? പരിഷത്തിന്റെ പ്രവർത്ത കരായ അദ്ധ്യാപകരും ബുദ്ധിജീവികളും കരിക്കുലത്തിന്റെയും പാഠപുസ്തകങ്ങ ളുടെയും നിർമ്മാണത്തിൽ സജീവമായ പങ്കു വഹിച്ചിട്ടുണ്ട് എന്നത് അവർ അംഗീ കരിക്കുന്നുണ്ട്. അവരെ സംബന്ധിച്ചിടത്തോളം സ്വന്തം സൃഷ്ടിയെ ന്യായീകരി ക്കുന്നത് സ്വാഭാവികമാണ്. എന്നാൽ ഡി.പി.ഇ.പി യുടെ ബോധനരീതികളിൽ, വർഷങ്ങളായി പിന്തുടർന്നുപോന്ന പരിഷത്തുരീതിയിലുള്ള ചില ബഹു ജന–വിദ്യാർത്ഥി ബോധന പരിപാടികൾ ആവിഷ്കരിച്ചിട്ടുണ്ട് എന്നതിനാൽ അതി നോട് ആഭിമുഖ്യവും ആകർഷണവും തോന്നുന്നു. പ്രവൃത്യുന്മുഖരും സത്യസ ന്ധരുമായ പ്രവർത്തകരാണ്, ഡി.പി.ഇ.പി യുടെ അക്കാദമികമായ ഭാഗത്തു മാത്രമേ തങ്ങളുള്ളു എന്നു വിശ്വസിച്ച് ഡി.പി.ഇ.പിയ്ക്കുവേണ്ടി വിയർപ്പൊഴുക്കുന്നതും `വിമർശിച്ചുകൊണ്ടു പങ്കെടുക്കുക' എന്ന പരിഷത്ത് നേതാക്കളുടെ നിർദ്ദേശം കൈക്കൊള്ളുന്നതും.

ഇക്കാര്യത്തിൽ ശ്രീ.എം.പി. പരമേശ്വരന്റെ വാക്കുകൾ വളരെ വ്യക്തമാണ്.

"ഇപ്പോൾ പുതിയ പാഠപുസ്തകങ്ങളിലൂടെയും അദ്ധ്യാപനരീതികളിലൂ ടെയും നടപ്പാക്കാൻ ശ്രമിക്കുന്ന, വിദ്യാഭ്യാസത്തോടുള്ള പുതിയ സമീപനം തികച്ചും സ്വാഗതാർഹം തന്നെയാണ്....... പാഠപുസ്തകങ്ങളും അദ്ധ്യയന പ്രവർത്തനങ്ങളും അനുഭവത്തിന്റെ വെളിച്ചത്തിൽ പരിഷ്ക്കരിക്കേണ്ടിവരും, മാറ്റേ ണ്ടിവരും. എന്നാൽ, *മൊത്തം സമീപനം, അതിലടങ്ങിയിരിക്കുന്ന ദർശനം* സ്വാഗ താർഹമാണ്.''

ഡി.പി.ഇ.പി യുടെ മൊത്തം സമീപനം, ദർശനം ചില അക്കാദമിക പരി ഷ്കാരങ്ങളിൽ ഒതുങ്ങി നില്ക്കുന്നതല്ലെന്നും അത് പ്രാഥമിക വിദ്യാഭ്യാസത്തോ ടുള്ള ഇന്ത്യാഗവണ്മെന്റിന്റെയും ലോകബാങ്കിന്റെയും 'ഉദ്ഗ്രഥിതമായ' ഒരു സമീ പനമാണെന്നും അത് വിനാശകരമാണെന്നും മുകളിൽ ചൂണ്ടിക്കാണിക്കപ്പെട്ടു കഴിഞ്ഞു. പരിഷത്ത് അതിന്റെ പ്രവർത്തകരറിയാതെ ഡി.പി.ഇ.പി പദ്ധതിയുടെ ഹിതകാരിയായി വന്നതെങ്ങനെ എന്നു നോക്കുക.

`സർക്കാരിന്റെ' ചുമതലയായിരുന്ന വിദ്യാഭ്യാസത്തെ `ജനങ്ങളുടെ' ചുമതല യാക്കി മാറ്റുക എന്നതാണല്ലോ ഡി.പി.ഇ.പിയുടെ പ്രധാന ദൗത്യങ്ങളിലൊന്നായി നാം കണ്ടത്. യഥാർത്ഥത്തിൽ ആ മാറ്റത്തിന്റെ ഇടക്കാല സംവിധാനമാണ് ഡി.പി.ഇ.പി പദ്ധതി. മാറ്റം പ്രായോഗികമാക്കാനായി വിദ്യാഭ്യാസത്തിനുവേണ്ടി നികുതിപിരിക്കുന്നതു തുടങ്ങി താഴെതലത്തിലുള്ള മാനേജുമെന്റ് കമ്മിറ്റികൾ ഉണ്ടാക്കുന്നതുവരെ ഡി.പി.ഇ.പി കാഴ്ചപ്പാടുകളിലുണ്ട്.

"സ്കൂൾ നടത്തിപ്പിന്റെ എല്ലാ വശങ്ങളിലും സാമൂഹ്യപങ്കാളിത്തം ഉറപ്പാക്കുന്നു. അതിനായി ഒരു പ്രസ്ഥാനം തന്നെ ശാസ്ത്രസാഹിത്യ പരിഷത്ത് ആരംഭിച്ചിട്ടുണ്ട്. *പഞ്ചായത്ത് സ്കൂൾ കോംപ്ലക്സുകൾ* എന്നാണതറിയപ്പെടുന്നത് . . . ഇവയെല്ലാം (വിദ്യാഭ്യാസ സംബന്ധിയായ കാര്യങ്ങൾക്ക്) *ആവശ്യമായ വിഭവങ്ങൾ, പണമായും സാധനങ്ങളായും* നാട്ടുകാർ തന്നെ കണ്ടെത്തുന്നു. ഇങ്ങനെയാണ് പഞ്ചായത്ത് സ്കൂൾ കോംപ്ലക്സുകൾ പ്രവർത്തിക്കുന്നത്.'' 1995 മാർച്ചിൽ തൃശൂരിൽ വച്ച് എ.കെ.ജി സെന്ററിന്റെ നേതൃത്വത്തിൽ നടന്ന `കേരളത്തിലെ വിദ്യാഭ്യാസ പ്രതിസന്ധി' എന്ന സെമിനാറിൽ അവതരിപ്പിച്ച `കേരളത്തിലെ വിദ്യാഭ്യാസം: കേരള ശാസ്ത്രസാഹിത്യ പരിഷത്തിന്റെ സംഭാവന' എന്ന പ്രബന്ധത്തിൽ നിന്ന് ശ്രീ. എം.പി. പരമേശ്വരന്റെ വാക്കുകളാണിവ. "പ്രൈമറി വിദ്യാഭ്യാസം –മാനേജുമെന്റും വിഭവങ്ങളും' എന്ന മറ്റൊരു പ്രബന്ധത്തിൽ അതേ സെമിനാറിൽ അദ്ദേഹം വീണ്ടും പറയുന്നതു ശ്രദ്ധിക്കുക. "സാമ്പത്തികമായി പിന്നോക്കം നില്ക്കുന്ന 40% വീടുകൾ ഒഴിവാക്കിക്കൊണ്ട് മറ്റുള്ളവർക്ക് ഗ്രേഡഡ് വിദ്യാഭ്യാസസെസ്സ് ചുമത്തി ഇത്രയും പിരിക്കാവുന്നതാണ്...... `പരിഷദ് വാർത്ത'യിൽ പഞ്ചായത്ത് സ്കൂൾ കോംപ്ലക്സുകൾ ശക്തിപ്പെടുത്താനുള്ള തീരുമാനം അറിയിക്കുന്നതോടൊപ്പം ജനങ്ങളുടെ കാഴ്ചപ്പാടു തന്നെ മാറണമെന്ന് ശ്രീ. പരമേശ്വരൻ ചൂണ്ടിക്കാട്ടുന്നു. ``*വിദ്യാഭ്യാസത്തെ ഒരു സർക്കാർ ഏർപ്പാടായി കാണാതെ തങ്ങളുടെ മൗലിക കടമയായി ജനങ്ങൾ കണക്കാക്കണം*'' തുടർന്നദ്ദേഹം സമൂഹത്തെ ശകാരിക്കുകയാണ്, *"തങ്ങളുടെ കുട്ടികൾക്ക് നല്ല വിദ്യാഭ്യാസം ഉറപ്പുവരുത്തേണ്ടത് സമൂഹം തന്നെയാണ്. ഈ ഉത്തരവാദിത്വം സ്വയം ഏറ്റെടുക്കാതെ വെറുതെ പരാതി പറഞ്ഞിട്ടു കാര്യമില്ല.''*

"സാർവ്വത്രികമായ ജനകീയ വിദ്യാഭ്യാസം നൽകാൻ സർക്കാർ ബാദ്ധ്യസ്ഥമാണ്. സർക്കാരിന്റെ വരുമാനം പ്രഥമമായി ചെലവിടേണ്ടത് വിദ്യാഭ്യാസത്തിനു വേണ്ടിയായിരിക്കണം'' എന്ന `പഴഞ്ചൻ' വിദ്യാഭ്യാസ ചിന്തയെ കാലഹരണപ്പെടുത്തിക്കൊണ്ട് ശ്രീ. പരമേശ്വരന്റെ ആധുനിക വിദ്യാഭ്യാസചിന്ത പരിഷത്തിന്റെ ലേബലിൽ വരുന്നതു കാണുക ! വിദ്യാഭ്യാസം ജനങ്ങളുടെ മൗലികാവകാശവും സർക്കാരിന്റെ പ്രാഥമിക ബാദ്ധ്യതയുമാണ് എന്ന സങ്കല്പത്തെ ശ്രീ. പരമേശ്വരൻ തലതിരിച്ച് വച്ച് ലോകബാങ്കിനും കേന്ദ്രസർക്കാരിനും ഡി.പി.ഇ.പിയ്ക്കും നിരക്കുന്ന ഒന്നാക്കി മാറ്റിയിരിക്കുന്നു – വിദ്യാഭ്യാസം ജനങ്ങളുടെ മൗലികമായ കടമയും അതു നൽകാതിരിക്കുന്നത് സർക്കാരിന്റെ അവകാശവും ! ജനങ്ങൾക്ക് പരാതിപ്പെടാൻപോലുമുള്ള അവകാശമില്ല.

ഡി.പി.ഇ.പി യുടെ ഉദ്ദേശലക്ഷ്യങ്ങൾക്കു നിരക്കുന്ന ഒരു ദർശനം അതിന്റെ പ്രത്യക്ഷവും പ്രായോഗികവുമായ ഉദാഹരണങ്ങളിലൂടെ തനതായി ആവിഷ്ക്കരിച്ചെടുത്ത പരിഷത്തിനെ ഡി.പി.ഇ.പി മുത്തമിട്ടെടുത്തുകൊണ്ടു പോയി തങ്ങളുടെ പാളയത്തിൽ കെട്ടിയില്ലെങ്കിലല്ലേ അതിശയിക്കേണ്ടതുള്ളൂ!

ഡി.പി.ഇ.പി അവതരിപ്പിച്ചിരിക്കുന്ന സർവ്വമാന ബോധനാശയങ്ങളും തലതിരിഞ്ഞവയാണെന്ന് തുടക്കത്തിൽ തന്നെ വിശദമാക്കപ്പെട്ടു കഴിഞ്ഞു. പക്ഷേ ഖേദകരമായ കാര്യം ഈ കരിക്കുലം, സിലബസ്, പുസ്തകങ്ങൾ എന്നിവയിൽ പരിഷത്തിനു നിർണ്ണായകമായ പങ്കുണ്ട് എന്നതാണ്. പരിഷത്ത് പ്രവർത്തകരും ഉത്സാഹപൂർവ്വം അതിനുവേണ്ടി നിലകൊള്ളുന്നത് അതുകൊണ്ടാണ്. എന്നാൽ അതിലും ലോകബാങ്കിന്റെ നിബന്ധനകളുടെ കറുത്ത് നീണ്ട കൈകൾ പതിഞ്ഞിരിക്കുന്നത് അവർക്കു കാണാൻ പറ്റാതെപോകുന്നത് തങ്ങളുടെ നേതാക്കന്മാർ അതിനെ തടയാനായി ഡി.പി.ഇ.പിയുടെ ഉന്നതതലങ്ങളിലുണ്ടല്ലോ എന്ന ആശ്വാസം അന്ധമായി വച്ചുപുലർത്തുന്നതുകൊണ്ടാണ്.

നേതാക്കന്മാർ ഡി.പി.ഇ.പി യുടെ മേൽത്തട്ടിൽ ഉണ്ടായിട്ടും കാര്യമില്ല. പാഠപുസ്തകങ്ങൾ ഒറ്റയടിയ്ക്ക് എല്ലായിടത്തും കൂടി നടപ്പാക്കരുതെന്ന് കരിക്കുലം കമ്മിറ്റിയിലുണ്ടായിരുന്ന പരിഷത്ത് വക്താക്കൾ എല്ലാവരും കൂടി വളരെ ശക്തി ചെലുത്തി വാദിച്ചിട്ടും കമ്മിറ്റിയിൽ അതംഗീകരിക്കാതെ പോയത് ഖേദത്തോടെ അറിയിച്ചുകൊണ്ട് ശ്രീ. പരമേശ്വരൻ പരിഷദ് വാർത്തയിലെഴുതുന്നു. "വിദ്യാഭ്യാസ പരീക്ഷണങ്ങളിൽ ഒരു പരിചയവുമില്ലാത്ത ഭൂരിപക്ഷം വരുന്ന കരിക്കുലം സമിതി അംഗങ്ങളുടെ ഇടയിൽ അവർ (സെക്രട്ടറിയും ഡി.പി.ഇ.പി ഉദ്യോഗസ്ഥന്മാരും) പ്രത്യക്ഷമായും പരോക്ഷമായും ലോബീയിംഗ് നടത്തിയിരുന്നപോലെ അനുഭവപ്പെട്ടു.''

അതുകൊണ്ട് ആറു ജില്ലകളിൽ ഒറ്റയടിക്ക് പുസ്തകം നടപ്പാക്കാനുള്ള തീരുമാനമാണുണ്ടായത്, അതങ്ങനെയേ ആ തീരുമാനം വരൂ. കാരണം `ദ്രുതഗതിയിൽ' കാര്യങ്ങൾ നടപ്പാക്കണം എന്നത് ഡി.പി.ഇ.പി യുടെ തീരുമാനമാണ്.

പരിഷ്ക്കാരങ്ങളിൽ മുൻഗണന നൽകേണ്ട മൂന്നു മേഖലകളിൽ ഒന്ന് ഉള്ളടക്കമാണെന്നു പറഞ്ഞുകൊണ്ട് ലോകബാങ്ക് '96 ലെ ലോക വികസനറിപ്പോർട്ടിൽ പറയുന്നതു ശ്രദ്ധിക്കുക: "ഉള്ളടക്കത്തിന്റെ പരിഷ്ക്കരണത്തിൽ കാതലായി വർത്തിക്കുന്നത് പുതിയ കരിക്കുലമാണ്. മാറുന്ന മൂല്യങ്ങൾക്കും ആവശ്യകതകൾക്കുമനുസരിച്ച് സ്കൂളിംഗിൽ പരിവർത്തനം വരുത്താൻ വേണ്ടിയാണത്. പുതിയ പാഠപുസ്തകങ്ങൾ വേണ്ടിവരും.''

ഇപ്പോൾ നിലവിൽ വന്ന ഡി.പി.ഇ.പി പദ്ധതിയുടെ മുഖ്യസവിശേഷത അതിന്റെ സാഹചര്യാനുസാരിത്വം (contextuality) ആണ്. പ്രദേശത്തിന്റെ പ്രത്യേകതകളെ കണക്കിലെടുത്തുകൊണ്ടും പ്രാദേശികാവശ്യകതകളെ തൃപ്തിപ്പെടുത്താനുദ്ദേശിച്ചുകൊണ്ടുള്ളതുമായ ഒരു കരിക്കുലം അതാവശ്യപ്പെട്ടിരിക്കുന്നു. അടിസ്ഥാന ശാസ്ത്രവിഷയങ്ങളെ ഒഴിവാക്കിക്കൊണ്ടും പരിസരപഠനത്തെ അടിസ്ഥാനപ്പെടുത്തിക്കൊണ്ടുമുള്ള വിഷയങ്ങൾ സിലബസ്സിൽ സ്ഥലം കാണുന്നത് അങ്ങനെയാണ്. ഭാഷാപഠനം ഭാഷാഭേദാഭ്യാസമായിപ്പോകുന്നതും ഈ സാഹചര്യാനുസാരിത്വം വച്ചാണ്.

പുസ്തകഭാരം കുറക്കുവാനുള്ള നിർദ്ദേശം ഡി.പി.ഇ.പി നൽകുന്നത് ലോക ബാങ്കിന്റെ പഠനത്തിന്റെ വെളിച്ചത്തിലാണ്. പുസ്തകങ്ങളുടെ എണ്ണം കുറയ്ക്കാനും പേജ് കുറക്കാനും നിർദ്ദേശമുണ്ട്. ഉദ്ഗ്രഥിത സമീപനത്തിന്റെ പേരിൽ ഒന്നും രണ്ടും ക്ലാസ്സുകളിൽ ഓരോ പുസ്തകം വീതമാക്കി മാറ്റുകയും ചെയ്തു. ലോകബാങ്കിന്റെ പരിഗണന കുട്ടികളുടെ പുസ്തകഭാരം കുറയ്ക്കുക എന്നതല്ല; മറിച്ച് പുസ്തകനിർമ്മാണത്തിന്റെ ചെലവുകൂടുന്നതിലൂടെ സർക്കാരിനുണ്ടാകുന്ന സാമ്പത്തിക ഭാരം കുറയ്ക്കുക എന്നതാണ്. *(ഇന്ത്യയിലെ പ്രാഥമിക വിദ്യാഭ്യാസം).*

ഇവിടെ "വിദ്യാഭ്യാസത്തെ പ്രാദേശിക ആവശ്യകതകൾക്ക് ഇണങ്ങുന്നതാക്കിത്തീർക്കുവാനുള്ള" ലോകബാങ്കിന്റെ നിർദ്ദേശം എത്ര കണിശമായി പാലിക്കപ്പെട്ടിരിക്കുന്നു!

പുതിയ കരിക്കുലമനുസരിച്ച് നിരന്തരമൂല്യനിർണ്ണയ പദ്ധതി ആവിഷ്ക്കരിച്ച് ജയവും തോൽവിയും ഒഴിവാക്കി, മൂല്യനിർണയം ഗ്രേഡിങ്ങിലേക്ക് മാറ്റണം. പലരും ഈ ആശയം ഗംഭീരമാണെന്നു വിചാരിക്കുന്നു. നമ്മുടെ സംസ്ഥാനത്ത് നിലനിന്നുപോന്നതും ആരേയും തോല്പിക്കാത്തനയമാണ്. എന്നാൽ ലോകബാങ്കിന് ഇതിനെക്കുറിച്ചുള്ള അഭിപ്രായമെന്താണ്? "ബോധനശാസ്ത്രപരമായി ഓട്ടോമാറ്റിക് പ്രൊമോഷൻ ചോദ്യം ചെയ്യപ്പെടാമെങ്കിലും അത് ആവർത്തനം ഒഴിവാക്കാനുള്ള ഒരുപാധിയാണ്." "കുട്ടിഒന്നുക്കുള്ള ചെലവുകുറയ്ക്കാനായി ഇതാവശ്യമാണ്. ആവർത്തനം കുറച്ചാൽ കുറഞ്ഞചെലവിൽ കൂടുതൽ കുട്ടികളെ സ്കൂളിലൂടെ കടത്തിക്കൊണ്ടുപോകാനാകും" *(ഇന്ത്യയിലെ പ്രാഥമിക വിദ്യാഭ്യാസം).*

'പഠനം രസകരമാക്കുക' എന്ന തത്വം ഒരു ഒഴിയാബാധയായി ആവേശിച്ചിരിക്കുന്ന പരിഷത്തിന്റെ പങ്കാളിത്തത്തോടെ നിർമ്മിച്ചിരിക്കുന്ന കരിക്കുലത്തിൽ കുട്ടികളെക്കൊണ്ട് എന്തു കളികളിപ്പിച്ചാലും ഡി.പി.ഇ.പിയ്ക്കു കീഴിൽ ലോകബാങ്ക് വരച്ച കളത്തിനുള്ളിൽ കിടന്നേ കളിക്കൂ. കളികളുടെ പേരിൽ, നിലനില്ക്കുന്നതിനു നേർവിപരീതമായ ഒരു കരിക്കുലം എല്ലാ ക്ലാസ്സിലും ഒറ്റയടിക്കു നടപ്പാക്കിക്കൊണ്ട് കേരളത്തിലെ സുവ്യവസ്ഥാപിത വിദ്യാഭ്യാസ ഘടനയെ പൊളിക്കുക എന്നതാണ് ഡി.പി.ഇ.പി യുടെ ആദ്യത്തെ ലക്ഷ്യം. അതു വിജയിക്കുന്നതിലൂടെ മാത്രമെ പുന:സംഘടന നടക്കൂ. അതുകൊണ്ടാണ് ധൃതഗതിയിൽ കരിക്കുലം നടപ്പാക്കുന്നതിൽ ഡി.പി.ഇ.പി യ്ക്കു നിർബ്ബന്ധബുദ്ധി. എത്ര നല്ല കരിക്കുലമാണെങ്കിൽ കൂടിയും പുതിയതാവിഷ്ക്കരിക്കുമ്പോൾ സാവധാനമേ ആകാവൂ. അതു പരിഷത്തും ഏവരും സമ്മതിക്കും. "ലോകത്തിൽ ഒരിടത്തും കേരളത്തിൽ നടക്കുന്ന രീതിയിൽ വിദ്യാഭ്യാസ രംഗത്ത് മാറ്റങ്ങൾ വരുത്താറില്ല. നിഷ്കൃഷ്ടമായ ഫീൽഡ് പരീക്ഷണങ്ങൾ നടത്തി കുറവുകൾ തിരുത്തിമാത്രമെ പുതിയവ വ്യാപിപ്പിക്കാറുള്ളൂ" *(പരിഷദ് വാർത്ത)* ഡി.പി.ഇ.പി അതു ചെയ്യാതിരുന്നതും

മറിച്ചു ചെയ്തതും വ്യക്തമായ ലക്ഷ്യത്തോടെയാണ്. അവർക്ക് ഇപ്പോളാവശ്യം നിലവിലുള്ളതു പൊളിക്കുക എന്നതുമാത്രമാണ്.

കരിക്കുലത്തിനും പാഠപുസ്തകങ്ങൾക്കുമെതിരെ വരുന്ന വിമർശനങ്ങൾക്കു മാത്രം മറുപടി നൽകുക എന്ന പൊതുശൈലി പരിഷത്ത് നേതാക്കൾ പ്രവർത്തകരെ അഭ്യസിപ്പിച്ചിട്ടുള്ളതായി കാണുന്നു. ശ്രീ. എം.പി. പരമേശ്വരനും അതു തന്നെയാണു ചെയ്യുന്നത്. അദ്ദേഹം തന്നെ പരിഷദ് വാർത്തയിൽ അക്കമിട്ടുനിരത്തുന്ന, പരിഷത്തിനുണ്ടായിരുന്ന ആശങ്കകൾ തന്നെയാണ് പരിഷത്തിനെതിരെയുള്ള ഗുരുതരമായ വിമർശനങ്ങളും. അവയ്ക്ക് ഒരിടത്തും മറുപടിയില്ല. എൽ.ഡി.എഫ് അധികാരത്തിൽ വന്ന് പരിഷത്തിന് ഡി.പി.ഇ.പി യിലേക്ക് സുഗമമായി കയറാനവസരം വന്നപ്പോൾ മുതൽ അദ്ദേഹത്തിന്റെ ആശങ്കകൾ അലിഞ്ഞുമാറി.

1. ലോകബാങ്കിന്റെ ധനസഹായത്തോടെ നടക്കുന്നതിനാൽ ലോകബാങ്കിന്റെ ഇടപെടലിനായി നമ്മുടെ വിദ്യാഭ്യാസ രംഗത്തെ തുറന്നുകൊടുക്കുന്നതിൽ അന്ന് ആശങ്കാകുലനായിരുന്ന അദ്ദേഹം പരിഷത്ത് ഡി.പി.ഇ.പി യിൽ ഇടപെട്ടുതുടങ്ങിയപ്പോൾ മുതൽ സ്വസ്ഥമനസ്കനാണ്.
2. പദ്ധതിരേഖ രഹസ്യമാക്കി വച്ചുകൊണ്ടുള്ള പ്രവർത്തനവും ജനാധിപത്യസമീപനത്തിന്റെ അഭാവവും ശ്രീ. പരമേശ്വരന് വലിയ ഉത്കണ്ഠ ജനിപ്പിച്ചിരുന്നു. എന്നാൽ ഡി.പി.ഇ.പി യിൽ കയറിക്കൂടിയതു മുതൽ അതിലെ `ലോബീയിംഗ് ജനാധിപത്യം' അനുഭവിച്ചറിയാൻ കഴിഞ്ഞ അദ്ദേഹത്തിന് ഉൽക്കണ്ഠ മാറി. രഹസ്യങ്ങളും ഏറെ അറിയാൻ കഴിഞ്ഞു.
3. ധാരാളം പണം. അഴിമതിയ്ക്കുള്ള ധാരാളം സാദ്ധ്യത — അത് ശ്രീ. പരമേശ്വരന് വലിയ തലവേദനയുണ്ടാക്കിക്കൊണ്ടിരുന്ന കാര്യമാണ്. എൽ.ഡി.എഫ് വരുന്നതിനു മുമ്പ് ഈ കോടികൾ യു.ഡി.എഫ് ന്റെ കയ്യിൽ തിരിഞ്ഞുമറിഞ്ഞുകൊണ്ടിരുന്ന കാലത്താണത്. എന്നാൽ ഇന്ന് കോടികൾ മറിയുന്നത്, ഡി.പി.ഇ.പി സംവിധാനത്തിന്റെ ഉയർന്ന തലമുൾപ്പെടെ വിവിധ തന്ത്രപ്രധാന സ്ഥാനങ്ങളിൽ കയറിപ്പറ്റിയിരിക്കുന്ന പരിഷത്ത് നേതാക്കളുടെ നിരീക്ഷണത്തിലാണ് എന്നതിനാൽ അത് നിയന്ത്രണാധീനമാണ്. യാതൊരു മാനദണ്ഡങ്ങളും പാലിക്കാതെ നിയമനങ്ങൾ നടക്കുന്ന സ്ഥലം ഇന്ന് കോടികൾ കൈകാര്യം ചെയ്യുന്ന പെഡസ്ക് ആണെന്നു പറയപ്പെടുന്നു. 13 ലക്ഷത്തിന്റെ തിരിമറിയുടെ പേരിൽ ഡി.പി.ഇ.പി തലവനായി ഇക്കാലമത്രയും പ്രവർത്തിച്ച IAS കാരനായ ശ്രീ. സുരേഷ്കുമാറിനെ സസ്പെൻഡ്

ചെയ്തിരിക്കുന്നു. ഇന്ന് വർത്തമാനപ്പത്രങ്ങൾക്ക് ഡി.പി.ഇ.പി അഴി മതി ദൈനംദിന വാർത്തയാണ്. എങ്കിലും ശ്രീ. പരമേശ്വരനു സാമാധാനമുണ്ട്. പരിഷത്ത് നേതാക്കൾ എല്ലാ തലങ്ങളിലുമുണ്ടല്ലോ.

അതിനാൽ ശ്രീ. പരമേശ്വരനും പരിഷത്ത് നേതാക്കളും ഡി.പി.ഇ.പി യുടെ കൊടിക്കൂറ കൂടുതലുയർത്തിക്കൊണ്ട് ഏത് എതിർപ്പിനെ അവഗണിച്ചും മുന്നോട്ടു പോകാൻ തീരുമാനിച്ചുറച്ചിരിക്കുകയാണ്. ഡി.പി.ഇ.പി ആഗ്രഹിച്ചതുപോലെ വിദ്യാഭ്യാസത്തിന്റെ `ഉടമസ്ഥാവകാശം' താഴേത്തട്ടിൽ പരിഷത്ത് ഏകദേശം ഏറ്റെടുത്തു കഴിഞ്ഞു. `ഡി.പി.ഇ.പി യുള്ളതും ഇല്ലാത്തതുമായ എല്ലാ ജില്ലകളിലെയും ഓരോ പഞ്ചായത്തും ഓരോ പട്ടണവും അതിലെ കുട്ടികളുടെ വിദ്യാഭ്യാസത്തിന്റെ പൂർണ്ണ ഉത്തരവാദിത്വം കയ്യാളത്തം . . . എവിടെനിന്നായാലും വേണ്ടില്ല കഴിവുള്ള അദ്ധ്യാപകപരിശീലകരെ തെരഞ്ഞുപിടിച്ച് സ്വന്തം പ്രദേശത്തെ അദ്ധ്യാപകർക്ക് തുടർച്ചയായ പരിശീലനം നൽകണം.. . . സഹായിക്കാനും, കഴിയുന്നതും ശാസിക്കാനുമുള്ള ധാർമ്മികാധികാരം അടങ്ങുന്ന ഒരു മോണിറ്ററിംഗ് കമ്മിറ്റി സ്ഥിരമായി പ്രവർത്തിക്കണം.'' "തടസ്സം നില്ക്കുന്ന ഉദ്യോഗസ്ഥന്മാരുണ്ടെങ്കിൽ അവരെ വേണ്ട വിധത്തിൽ *കൈകാര്യം ചെയ്യണം.''* ലോകബാങ്ക് ഉദ്ദേശിച്ച തൃതീയതലത്തിലെ വിദ്യാഭ്യാസ മാനേജ്മെന്റ്, പരിഷത്തിന്റെ രക്ഷാകർത്തൃത്വത്തിൽ ഭംഗിയായി നിർവ്വഹിക്കപ്പെട്ടു കഴിഞ്ഞിരിക്കുന്ന കാഴ്ച കാണുക.

ജില്ലാ പ്രാഥമിക വിദ്യാഭ്യാസത്തിന്റെ ഉത്തരവാദിത്വം ധാർമ്മികമായി നേരിട്ട് ഏറ്റെടുത്തിരിക്കുന്ന പരിഷത്തിന്റെ വാക്കുകളാണ് കരിക്കുലത്തിന്റെ വിമർശകന്മാർക്കെതിരെ ഡി.പി.ഇ.പി വയ്ക്കുന്നത്. സഭ്യതയുടെയും മാന്യതയുടെയും അതിരുകൾ ലംഘിച്ച് "കിങ്ങിണിക്കൂട്ടം അദ്ധ്യാപകർക്കുള്ള പ്രായോഗികപരിശീലന പരിപാടി''യിൽ ഇങ്ങനെ പറയുന്നു: `. . .. ഡി.പി.ഇ.പി യോട് ചില പണ്ഡിത ജംബൂകന്മാർക്ക് അലർജിയുണ്ടാവുക സ്വാഭാവികം. അടുത്തകാലത്ത് ക്ലാസ്സുമുറികൾ സജീവവും സർഗ്ഗാത്മകവുമായി മാറിയിരിക്കുന്നു. ഇതോടെ പാഠപുസ്തകരചനയുടെ മൊത്തം കുത്തക ഏറ്റെടുത്ത് അടുത്തൂൺപറ്റി ജീവിക്കുന്നവരുടെ കയ്യിൽനിന്ന് അനുഭവസമ്പന്നരായ അദ്ധ്യാപകരുടെ കൈകളിലെത്തിയത് എങ്ങനെ സഹിക്കും ? ഇത് ഇങ്ങനെ വിടാൻ പാടില്ല. വാലു മടക്കിക്കെട്ടി അങ്ങു കുരയ്ക്കുക തന്നെ.

ജംബൂകന്മാർ ഉച്ചത്തിൽ ഓരിയിട്ടു. പട്ടി കുരച്ചാൽ പടിതുറക്കുമോ?''

എന്തുവന്നാലും ശരി പരിഷത്ത് നേതാക്കൾ ഡി.പി.ഇ.പി വഴി നമ്മുടെ പ്രാഥമിക വിദ്യാഭ്യാസത്തെ രക്ഷപ്പെടുത്തുവാൻ ദൃഢപ്രതിജ്ഞയെടുത്തിരിക്കുകയാണ്. അതിനു മറ്റാരെയും അനുവദിക്കില്ല. പാഠപുസ്തകങ്ങളെപ്പറ്റി നാനാഭാഗത്തുനിന്നു വരുന്ന വിമർശനശരങ്ങൾ കൊണ്ട് വ്രണിത ഹൃദയനായി ശ്രീ. പരമേശ്വരൻ ഗദ്ഗദകണ്ഠനായി പറയുന്നു: "ആരോപണങ്ങളിൽ ചിലതിനെ നാം

അഭിമാനപൂർവ്വം അംഗീകരിക്കേണ്ടതുണ്ട്. നാം കഴിഞ്ഞ 20-25 കൊല്ലമായ് ചെയ്തുകൊണ്ടിരിക്കുന്ന `പാപകൃത്യങ്ങൾ', അതായത് പഠനം കുട്ടികൾക്ക് പാൽപ്പായസവും അദ്ധ്യാപനം അതിമധുരവും ആക്കുന്നതിനു വേണ്ടി ചെയ്ത "പാതകങ്ങൾ' നാം ഇനിയും ചെയ്തുകൊണ്ടേയിരിക്കും'' *(പരിഷദ് വാർത്ത).*

ഇതുകേട്ട് സത്യസന്ധരായ പരിഷത്ത് പ്രവർത്തകർ ഡി.പി.ഇ.പി ക്കു വേണ്ട `പാപകൃത്യങ്ങളും' `പാതകങ്ങളും' വീണ്ടും വീണ്ടും ഉത്സാഹപൂർവ്വം ചെയ്തു കൊണ്ടിരിക്കുന്നു. എന്നാൽ കൂടുതൽ കഴിച്ചാൽ പാൽപ്പായസവും ചെടിക്കും. അധികമായാൽ അമൃതുപോലും വിഷമാകും. ഡി.പി.ഇ.പി യുടെ പണപ്രവാഹം നിന്നാൽ പാൽപ്പായസ നിർമ്മാണം പൂർണ്ണമായി നിലയ്ക്കും `ഇവർ ചെയ്യുന്ന തെന്താണെന്ന് ഇവർക്കറിയായ്കയാൽ ഇവരോട് പൊറുക്കേണമേ' എന്നു മാത്രമെ നമുക്കാശിക്കാനാവൂ.

എന്നാൽ പരിഷത്ത് നേതാക്കൾ ഇതെല്ലാം ചെയ്യുന്നത് ഒന്നുമറിയാതെ യാണോ? അല്ല. ശ്രീ.പരമേശ്വരന്റേത് മുതലക്കണ്ണീരാണ്. ഡി.പി.ഇ.പി യിൽ കയ റിപ്പറ്റാൻ പരിഷത്ത് നേതാക്കൾ കൊണ്ടുപിടിച്ചദ്ധ്വാനിച്ചിട്ടുണ്ട്, പല ലോബീയിംഗും നടത്തിയിട്ടുണ്ട്. ഡി.പി.ഇ.പി ബ്യൂറോയും ലോകബാങ്കും നിർദ്ദേശിക്കുന്ന കാര്യ ങ്ങൾ അവർ അക്ഷരം പ്രതി നടപ്പാക്കിക്കൊടുക്കുകയും ചെയ്യുന്നുണ്ട്. വലിയൊരു പ്രവർത്തകശക്തിയെ നേതാക്കന്മാർ ലോകബാങ്കിന് വിലയ്ക്കു കൊടുക്കുകയാണ് ചെയ്തത്. "ഡി.പി.ഇ.പി യിൽ മറ്റൊരു സംസ്ഥാനം കേരളത്തെ മറികടക്കുമെ ങ്കിൽ ഞങ്ങൾക്ക് അത്ഭുതകമായിരിക്കും" കേരളത്തിലെ ഡി.പി.ഇ.പി യുടെ പുരോ ഗതി അവലോകനം ചെയ്യാൻ വന്ന വിദഗ്ദ്ധ ടീമിനെ നയിക്കുന്ന ലോകബാങ്ക് ഉദ്യോഗസ്ഥ ബാർബറ പെയിനിന്റെ വാക്കുകളാണിവ. എത്ര നല്ല സർട്ടിഫിക്കറ്റ്!

പിന്നെ കോടികൾ തിരിമറിയുമ്പോൾ തുളുമ്പിത്തെറിക്കുന്ന ഡോളറിന്റെ മധു രവും പാൽപ്പായസവും പോലെത്തന്നെയാണേയ്!

സി.പി.ഐ (എം) നയിക്കുന്ന ഒരു സർക്കാരിന്റെ കീഴിൽ പരിഷത്തിനെപ്പോ ലെയുള്ള ഒരു സംഘടനയുടെ സഹകരണം കൊണ്ടാണ് ഡി.പി.ഇ.പി യ്ക്ക് ഫല പ്രദമായി കേരളത്തിൽ വേരുറപ്പിക്കാനായത്. മറ്റൊരു സംസ്ഥാനത്തും ഇതേവരെ ഡി.പി.ഇ.പിയ്ക്ക് കരിക്കുലത്തിൽ കൈവയ്ക്കാൻ സാധിച്ചിട്ടില്ലെന്നോർക്കുക.

ഇനി `94 ൽ, ഡി.പി.ഇ.പി ക്ക് വെളിയിൽ നിന്നപ്പോൾ, പരിഷത്തിനുണ്ടായി രുന്ന വെളിപാട് നാമൊന്നുകൂടി അനുസ്മരിക്കുക. ഡി.പി.ഇ.പി വഴി "ഭാരത ത്തിന്റെ ചരിത്രത്തിലാദ്യമായി വിദ്യാഭ്യാസ രംഗം വിദേശ സാമ്പത്തികസ്ഥാപന ങ്ങൾക്കും ലോകബാങ്കിനും തുറന്നു കൊടുത്തിരിക്കുന്നു . . . അവർ നമ്മുടെ വിദ്യാഭ്യാസമേഖല കൈവശപ്പെടുത്തുക തന്നെ ചെയ്യും. . . . പദ്ധതി നടപ്പിലാ ക്കുന്ന ജില്ലകളിലൊന്നും തന്നെ വെള്ളക്കാരെ കണ്ടുവെന്നു വരില്ല . . . സർക്കാർ തന്നെ കോർഗ്രൂപ്പുകൾ ഉണ്ടാക്കിയിട്ടുണ്ട്. ഒരു തരത്തിൽ പറഞ്ഞാൽ വിദേശ സാമ്പത്തിക ഏജൻസികൾ നിശ്ചയിച്ച നിബന്ധനകൾ നടപ്പിലാക്കാൻ നാം ഇന്ത്യ

ക്കാരായ മദ്ധ്യവർത്തികളെ കണ്ടെത്തിയിരിക്കുന്നു''

എൽ.ഡി.എഫ് ഭരണത്തിൻകീഴിൽ ആരാണീമദ്ധ്യവർത്തികൾ?

`വിപ്ലവ'പ്പാർട്ടിക്കും `വിപ്ലവ' ശാസ്ത്രത്തിനും നമോവാകം.

## വെറുതേ കിട്ടുന്നതു വെറുതേ കളയണമോ?

ലോകബാങ്കിൽ നിന്നു വെറുതെ ലഭിക്കുന്ന പണം നാം പാഴാക്കിക്കളയേണ്ടതുണ്ടോ? സ്വഭാവ ഭദ്രതയുള്ളവർ കൈകാര്യം ചെയ്താൽ - പ്രത്യേകിച്ചു വിദ്യാഭ്യാസം പോലെയുള്ള ഒരു മേഖലയിൽ — അതു നാടിനു പ്രയോജനപ്പെടുകയില്ലേ?

ഇല്ല, അത് അസാദ്ധ്യമാണ്.

കാരണം പണം നൽകുന്നവർക്ക് വ്യക്തമായ ഉദ്ദേശലക്ഷ്യങ്ങളുണ്ട്. നമ്മുടെ രാജ്യത്തെ ജനങ്ങളുടെ അഭ്യുന്നതി അല്ല അവരുടെ ലക്ഷ്യം. അവർ നിർദ്ദേശിക്കുന്ന രീതിയിൽ മാത്രമെ പണം ചെലവാക്കാൻ കഴിയൂ. കുറഞ്ഞപലിശയ്ക്ക് ലോകബാങ്ക് നൽകുന്ന ദീർഘകാലവായ്പകളുടെ സവിശേഷത അതിന്റെ കർക്കശമായ നിബന്ധനകളാണ്. അതു പരിശോധിക്കാൻ ഭദ്രമായ മേൽനോട്ടത്തിനുള്ള സംവിധാനവും അവർ ഒരുക്കുന്നുണ്ട്. ആത്മാഭിമാനം പണയപ്പെടുത്തിക്കൊണ്ടു മാത്രമെ ആ പണം കൊണ്ടു പ്രവർത്തിക്കാൻ കഴിയൂ.

"പദ്ധതി നടപ്പാക്കുന്ന സ്ഥലം, പദ്ധതിയുടെ സ്വഭാവം, അതു നടപ്പാക്കുന്ന ഏജൻസി എന്നിവയെപ്പറ്റിയെല്ലാം പണം നൽകുന്നവർക്ക് അവരുടേതായ വിവേചനപരമായ പരിഗണനകളുണ്ട്'' എന്ന് വിദേശസാഹയം കൊണ്ടു പ്രവർത്തിക്കുന്ന പദ്ധതികളെക്കുറിച്ച് 1996 ഏപ്രിലിൽ ഡൽഹിയിൽ നടത്തിയ ഒരു വർക്ക്ഷോപ്പിൽ കേന്ദ്ര ധനകാര്യ മന്ത്രാലയം വിതരണം ചെയ്തരേഖയിൽ വ്യക്തമാക്കുന്നു. കേരളനിയമസഭയിൽ, അംഗീകൃത അൺ എയ്ഡഡ് സ്കൂളുകളിൽ ഡി.പി.ഇ.പി സ്കീം നടപ്പാക്കാത്തതെന്തുകൊണ്ട് എന്ന ചോദ്യത്തിന് 1997 ജൂലൈ 25-ാം തീയതി സംസ്ഥാന വിദ്യഭ്യാസ വകുപ്പു മന്ത്രി നൽകിയ മറുപടിയും ശ്രദ്ധേയമാണ്. "ലോകബാങ്കുമായി നിലവിലുള്ള കരാർ അനുസരിച്ച് സർക്കാർ/എയ്ഡഡ് സ്കൂളുകളിൽ മാത്രമേ പദ്ധതി നടപ്പാക്കാൻ നിർവ്വാഹമുള്ളൂ''.

വിദേശത്തു നിന്നുവരുന്ന പണത്തേയും അതിന്റെ നിബന്ധനകളെയും പ്രതീക്ഷിച്ച് നമ്മു ട വിദ്യാഭ്യാസ മേഖലയുടെ ആസൂത്രണത്തിന് കാത്തിരിക്കേണ്ട ഗതികേടുവന്നാൽ അത് പരമദയനീയമായിരിക്കും. ബ്രിട്ടീഷ് വാഴ്ചക്കെതിരെ ഭാരതജനത പോരാടിയത് സ്വന്തം വിദ്യാഭ്യാസത്തെ സ്വന്തം ജനതയുടെ താല്പര്യത്തിനുവേണ്ടി സ്വന്തംനിലയിൽ ആസൂത്രണം ചെയ്യാനും ആവിഷ്കരിക്കാനും വേണ്ടിയായിരുന്നു. ആ സ്വാശ്രയ സമീപനത്തെ തകിടം മറിക്കുന്ന വിദേശ സഹായത്തിന്റെ പിന്നാലെ നാം ഉഴലേണ്ടതില്ല.

ലോകബാങ്കിൽ നിന്നും വിദ്യാഭ്യാസ വായ്പ സ്വീകരിച്ച് വിദ്യാഭ്യാസ പരിഷ്ക്കാരങ്ങൾ നടപ്പിലാക്കിയ മൂന്നാം ലോകരാജ്യങ്ങളിലൊന്നും തന്നെ വിദ്യാഭ്യാസം മെച്ചപ്പെട്ടിട്ടില്ല എന്ന കാര്യം നമ്മുടെ കണ്ണു തുറപ്പിക്കേണ്ടതാണ്. *(വേൾഡ് യൂണിവേഴ്സിറ്റി സർവ്വീസ് പ്രസിദ്ധീകരിച്ച Education in Developing World-Conflict and Crisis എന്ന കൃതി അവലംബം).*

## എന്തിനായി വന്നു? എന്ത് കൊണ്ടുവന്നു?

DPEP വന്നത്, കൊഴിഞ്ഞുപോക്കു തടയാനാണ്.

എന്നാൽ പ്രാഥമിക വിദ്യാഭ്യാസത്തിൽ കൊഴിഞ്ഞുപോക്ക് തീരെയില്ലാതിരുന്ന കേരളത്തിൽ സർക്കാർ സ്കൂളുകളിൽ നിന്ന് വൻതോതിൽ കുട്ടികൾ ഒഴിഞ്ഞുപോകാൻ തുടങ്ങിയിരിക്കുന്നു.

DPEP വന്നത്, പഠനഭാരം കുറയ്ക്കുവാനാണ്.

എന്നാൽ സർക്കാർ സ്കൂളിൽ നിന്നൊഴിഞ്ഞുപോകുന്നവർ ചെന്നെത്തുന്നത് ഫീസുകൊടുത്തുപഠിക്കേണ്ട സ്വകാര്യ സ്കൂളുകളിലാണ്. അവിടെ സാമ്പത്തിക ഭാരമെന്നപോലെ പഠനഭാരവും അതിഭീമമാണ്.

DPEP വന്നത്, ഗുണനിലവാരം കൂട്ടാനാണ്.

എന്നാൽ സർക്കാർ/എയ്ഡഡ് സ്കൂളുകളിൽ അവശേഷിക്കുന്ന കുട്ടികൾക്ക് ഉള്ള നിലവാരം കൂടി കുത്തനെകുറഞ്ഞുകൊണ്ടിരിക്കുകയാണ്.

DPEP വന്നത് പ്രവേശന -മത്സരപരീക്ഷകളിൽ മികവു തെളിയിക്കാനുള്ള പ്രാപ്തി കുട്ടികൾക്ക് ഉണ്ടാക്കിക്കൊടുക്കാനാണ്.

എന്നാൽ നിലനിന്നിരുന്ന ക്ലാസ്സുപരീക്ഷകൾപോലും ഇല്ലാതാക്കിയിരിക്കുകയാണ്. സ്കോളർഷിപ്പുപരീക്ഷകളിൽ കുട്ടികൾ പിൻതള്ളപ്പെട്ടുകയാണ്.

DPEP വന്നത്, വിദ്യാഭ്യാസം സാർവ്വത്രികമാക്കാനാണ്.

എന്നാൽ സർക്കാർ സ്കൂളുകൾ അടച്ചുപൂട്ടലിന്റെ ഭീഷണിയിലാണ്.

DPEP വന്നത്, അദ്ധ്യാപന നിലവാരം ഉയർത്തുവാനാണ്.

എന്നാൽ അദ്ധ്യാപകരെ നൂറുകണക്കിനായി പിരിച്ചുവിട്ടുകൊണ്ടിരിക്കുകയാണ്. ആയിരക്കണക്കിനദ്ധ്യാപകർ പിരിച്ചുവിടലിന്റെ ഭീഷണിയിലുമാണ്.

DPEP വന്നത്, പാഠപുസ്തകങ്ങൾ മെച്ചപ്പെടുത്താനാണ്.

എന്നാൽ പാഠപുസ്തകങ്ങൾ നാലാംകിട കച്ചവടബാലസാഹിത്യത്തെപ്പോലെ തരം താണുകൊണ്ടിരിക്കുകയാണ്.

## കേരളത്തിലെന്താണ് സംഭവിക്കാൻ പോകുന്നത്?

DPEP കേരളത്തിൽ ഉണ്ടാക്കാൻ പോകുന്ന ഭവിഷ്യത്ത് എന്താണ്?

ലോകബാങ്കിന്റെ പണമൊഴുകുന്നിടത്തോളം കാലം ഇവിടെ ചടുലമായ കുറെ വിദ്യാഭ്യാസപ്രവർത്തനങ്ങൾ നടക്കും. ഡി.പി.ഇ.പി ഉദ്യോഗസ്ഥന്മാരും വിദ്യാഭ്യാസ വകുപ്പിലെ വിധേയരായ മറ്റുദ്യോഗസ്ഥന്മാരും ചേർന്ന് ആയിരക്കണക്കിനുവരുന്ന പ്രൈമറി അദ്ധ്യാപകരെ പരിശീലനം, നിരീക്ഷണം, മേൽനോട്ടം, മോണിറ്ററിങ് എന്നൊക്കെ പേരിൽ അദ്ധ്വാനിപ്പിക്കുകയും ശാസിക്കുകയും ഭീഷണിപ്പെടുത്തുകയും കൈകാര്യം ചെയ്യുകയും മറ്റും ചെയ്യും. ഉന്നതതലങ്ങളിലെ വിദ്യാഭ്യാസ പ്രവർത്തനം പ്രധാനമായും പണത്തിന്റെ തിരിമറിയായിരിക്കും. `കാട്ടിലെ തടി, തേവരുടെ ആന പിടിയെടാപിടി' എന്ന അടിസ്ഥാനത്തിലായിരിക്കും അത്. താഴെതലത്തിൽ കുട്ടികൾ അക്ഷരവും അക്കവും ഉറയ്ക്കാതെ, യാതൊരു അച്ചടക്കബോധവുമില്ലാതെ, കളിച്ചുകളിച്ച് ക്ലാസ്സുകളിൽ നിന്ന് ക്ലാസ്സുകളിലേയ്ക്ക് മുന്നേറും. ആത്മാർത്ഥതയുള്ള നിർദ്ദോഷികളായ പൊതു പ്രവർത്തകർ ഇതിനിടയിൽ അഴിമതി തടയാനുള്ള സന്നാഹങ്ങൾ നടത്തിയും, കുട്ടികൾക്കു രസവും കളിയും ചൊരിഞ്ഞും നിർവൃതിയടയും. ഇതിനിടെ `പദ്ധതി' അവസാനിക്കും. പണത്തിന്റെ വരവുനിലയ്ക്കും. കോലാഹലങ്ങളെല്ലാം കെട്ടടങ്ങും. അടുത്ത പദ്ധതിക്കുവേണ്ടിയുള്ള കാത്തിരിപ്പാകും. വിദ്യാഭ്യാസത്തിന്റെ `ഉടമസ്ഥരായി' മാറിയ ജനങ്ങളിൽ നിന്ന് കൊണ്ടുപിടിച്ച് പണപ്പിരിവുമാരംഭിക്കും. അതോടെ കേരളത്തിലെ പ്രാഥമിക പൊതു വിദ്യാഭ്യാസവും ഏതാണ്ട് അവസാനിക്കും. പണത്തിന്റെ പുറം വരവുനിലച്ചെങ്കിലും പണം തിരിച്ചടയ്ക്കുംവരെയും പതിറ്റാണ്ടുകളോളം ലോകബാങ്കിന്റെ നിരീക്ഷണവും മോണിറ്ററിംഗും തുടരുക തന്നെ ചെയ്യും.

കുട്ടികളുടെ വിദ്യാഭ്യാസത്തിൽ ബദ്ധശ്രദ്ധരായ രക്ഷാകർത്താക്കൾ അവരുടെ കുട്ടികളെ സർക്കാർ സ്കൂളുകളിൽനിന്നു മാറ്റി, ഭീമമായ ഫീസുനൽകി സ്വകാര്യ സ്കൂളുകളിൽ ചേർക്കാൻ നിർബ്ബന്ധിതരാകും. സർക്കാർ സ്കൂളുകളിൽ നിന്ന് വൻതോതിൽ കൊഴിഞ്ഞുപോക്കുണ്ടാകും. തീരെ പാവപ്പെട്ടവർമാത്രം പോകുന്ന സ്ഥലമായി സർക്കാർ–എയ്ഡഡ് സ്കൂളുകൾ മാറും.

പദ്ധതി അവസാനിക്കുമ്പോഴേയ്ക്ക് പ്രാഥമിക പൊതുവിദ്യാഭ്യാസ സ്ഥാപനങ്ങൾ അടച്ചുപൂട്ടേണ്ട ഗതിവരും. അടച്ചുപൂട്ടാത്തവ, പുതിയ മാനേജ്മെന്റ് സംവിധാനത്തിൽ വ്യവസ്ഥാപിതമായ യാതൊരു പിൻബലവും ലഭിക്കാതെ മുടന്തിപ്പോകേണ്ട ഗതികേടിലാവും. കാലാന്തരത്തിൽ പണമില്ലാത്തവന് വിദ്യയുമില്ല എന്ന സ്ഥിതി വന്നെത്തിച്ചേരും.

ഭാഷയും കണക്കും അടിയുറയ്ക്കാതെ, അടിസ്ഥാന ശാസ്ത്രബോധം ആർജ്ജിക്കാതെ, പ്രാദേശികഭാഷാഭേദം മാത്രം അഭ്യസിച്ച്, അതിലൂടെ പ്രാദേശിക കാര്യങ്ങളിൽ മാത്രമുള്ള ചില വിവരങ്ങൾനേടി, പ്രാദേശിക സാഹചര്യത്തിൽ ഉപജീ

വനം നിർവ്വഹിക്കേണ്ടതാണ് എന്ന ജീവിതകാഴ്ചപ്പാടുമായി, അതിനിണങ്ങുന്ന തൊഴിലുകളിൽ ആഭിമുഖ്യം ജനിച്ച്, അവനവന്റെ പ്രദേശത്തുതന്നെ ഒതുങ്ങിക്കഴിഞ്ഞു കൂടാനുള്ള വിദ്യ, വിദ്യാഭ്യാസമെന്ന പേരിൽ, അവശേഷിക്കുന്ന സർക്കാർ സ്കൂളുകളിൽ ലഭിക്കും. അത് ആ പ്രദേശത്തുള്ള ജനങ്ങളുടെ സാമ്പത്തിക ഉത്തരവാദിത്വത്തിൽ പ്രാദേശികമായ മാനേജുമെന്റിൽ സാദ്ധ്യമാകുന്നേടത്തോളമായിരിക്കും നടക്കുക.

വിദ്യാഭ്യാസ ബിസിനസ്സ് തഴച്ചുവളരും. എന്നാൽ, സ്വകാര്യമേഖലയിൽ CBSE, ICSE സിലബസ്സുകളിൽ മറ്റൊരുതരം വിദ്യാഭ്യാസം നൽകപ്പെടും. അത് ആധുനികമായ ഒരു `ചരക്കാണ്'. അവിടെ ലഭിക്കുന്ന വിദ്യാഭ്യാസച്ചരക്കിന് നല്ല വില നൽകണം. ആഗോളവല്കൃതമാകുന്ന സാമ്പത്തികക്രമത്തിൽ കുറഞ്ഞകൂലിക്ക്, വിദഗ്ദ്ധരെ നിക്ഷേപകന് വിലയ്ക്കുവാങ്ങാൻ കഴിയും വിധം, സുലഭമായ സാങ്കേതികവൈദഗ്ദ്ധ്യം ഉല്പാദിപ്പിച്ചെടുക്കുക എന്നതാണ് ആ വിദ്യാഭ്യാസത്തിന്റെ ലക്ഷ്യം. മാത്സര്യം തത്ത്വചിന്തയും മത്സരിക്കുക എന്നത് ജീവിതരീതിയുമായിരിക്കുന്ന ഇന്നത്തെ മുതലാളിത്തക്രമത്തിൽ വിദ്യാഭ്യാസ ഫാക്ടറികൾ കഠിനമായ പാഠ്യപദ്ധതിയും പ്രായത്തിനു നിരക്കാത്ത വിഷയങ്ങളും ഭാരിച്ച പുസ്തകങ്ങളും അടിച്ചേല്പിച്ച് കുഞ്ഞുങ്ങളെ അങ്ങേയറ്റം കഷ്ടപ്പെടുത്തുകയാണ്. ലോലമായ മാനുഷികവികാരങ്ങൾ നഷ്ടപ്പെട്ട, ആധുനിക വിവരങ്ങളും സാങ്കേതിക വിദ്യയും കൊണ്ട് മസ്തിഷ്കം മൂടപ്പെട്ട, ആധുനിക മുതലാളിത്ത യന്ത്രത്തിനകത്തെ വെറും പൽച്ചക്രമാകാൻ വിധിക്കപ്പെട്ട `മനുഷ്യശേഷി'യായി അവൻ രൂപാന്തരപ്പെടുകയാണ്. ജീവിതം തന്നെ ഒരു പന്തയമായി മാറുമ്പോൾ മത്സരിച്ച് മുന്നിലെത്താനുള്ള ത്വരയിലാണ് മാതാപിതാക്കൾ തങ്ങളുടെ കുട്ടികളെ ഈ വിദ്യാഭ്യാസ ഫാക്ടറികളിലേക്കയയ്ക്കുന്നത്. അവിടെ കൊടിയ മർദ്ദനത്തിനിരയാകുന്ന വിദ്യാർത്ഥികളുടെ ഗണത്തിലേക്ക് ഡി.പി.ഇ.പി കൂടുതൽ കുട്ടികളെ തള്ളിവിടും. അവരുടെ മോചനം പരിഹരിക്കപ്പെടേണ്ട വലിയ ഒരു സാമൂഹ്യപ്രശ്നം തന്നെയായി അവശേഷിക്കും.

അങ്ങനെ ഏതു നിലയിലും നോക്കിക്കോളൂ,
ഡി.പി.ഇ.പി അപായകരമാണ്.
അത് പുതിയ തലമുറയുടെ ഭാവി തുലയ്ക്കുന്ന പരിപാടിയാണ്.
അത് സാർവ്വത്രിക വിദ്യാഭ്യാസ നിർമ്മാർജ്ജന പരിപാടി മാത്രമല്ല,
യഥാർത്ഥത്തിൽ
പ്രാഥമിക വിദ്യാഭ്യാസത്തിന്റെ സമ്പൂർണ്ണ ധ്വംസനം കൂടിയാണ്.
DPEP എന്നാൽ
**Destruction of Primary Education Programme**
അഥവാ
**പ്രാഥമിക വിദ്യാഭ്യാസ നശീകരണ പരിപാടി**

# IV

## ഒരു ജനകീയവിദ്യാഭ്യാസ നയത്തിലേക്ക്

ബ്രിട്ടീഷ് വിദ്യാഭ്യാസത്തിന്റെ ലക്ഷ്യം തങ്ങൾക്കായി നാട്ടുകാരായ കുറെ സേവകരെ സൃഷ്ടിക്കുക എന്നതു മാത്രമായിരുന്നു. രാജാ റാംമോഹൻ റായ്, ഈശ്വരചന്ദ്ര വിദ്യാസാഗർ, സ്വാമി വിവേകാനന്ദൻ, ഗോപാലകൃഷ്ണ ഗോഖലെ, ബാലഗംഗാധര തിലകൻ, ലാലാ ലജ്പത്റായ് തുടങ്ങി അതികായന്മാരായ സാമൂഹ്യപരിഷ്ക്കർത്താക്കളും ദേശീയ നേതാക്കളും നയിച്ച സുദീർഘമായ ഒരു പോരാട്ടത്തിലൂടെയാണ് നമ്മുടെ ആധുനിക വിദ്യാഭ്യാസ സമ്പ്രദായം ഉരുത്തിരിഞ്ഞു വന്നത്. യൂറോപ്യൻ നവോത്ഥാനത്തിന്റെ ആശയവും ആവേശവും ഉൾക്കൊണ്ട ഇവർ മത–വേദ വിദ്യാഭ്യാസത്തിന്റെ സ്ഥാനത്ത് മതേതര–ശാസ്ത്രീയ–ജനാധിപത്യ വിദ്യാഭ്യാസ സമ്പ്രദായത്തിന് അടിത്തറയിട്ടു. വിദ്യാഭ്യാസം സാർവ്വത്രികവും സൗജന്യവും ആക്കണമെന്ന് അവർ വാദിച്ചു. ജന്മം കൊണ്ട് ഏവരും തുല്യരാണെന്നും വളർച്ചയ്ക്കുള്ള സാദ്ധ്യത ഏവരിലും തുല്യമാണെന്നുമുള്ള ജനാധിപത്യ ധാരണയാണ് ഏവർക്കും തുല്യമായ അവസരം പ്രദാനം ചെയ്യേണ്ടതാണ് എന്ന ആശയത്തിന്റെ അടിസ്ഥാനം. വിദ്യാഭ്യാസത്തിന്റെ ഉദ്ദേശ്യം സമഗ്രവ്യക്തിത്വത്തിനുടമയായ സമ്പൂർണ്ണ മനുഷ്യനെ സൃഷ്ടിക്കുക എന്നതാണ് — വിജ്ഞാനം, സ്വഭാവഗുണം, സംസ്ക്കാരം, സാമൂഹ്യബോധം എന്നിവയെല്ലാം സമഞ്ജസമായി വളർന്നു വികസിച്ച മനുഷ്യൻ.

ഇന്ന് വിദ്യാഭ്യാസത്തിന്റെ ഈ അടിസ്ഥാന ലക്ഷ്യങ്ങളെല്ലാം അട്ടിമറിക്കപ്പെട്ടിരിക്കുന്നു. അധികാരം നിയന്ത്രിക്കുന്ന ചെറിയൊരു ന്യൂനപക്ഷത്തിന്റെ താല്പര്യം മാത്രം മുൻനിർത്തി വിദ്യാഭ്യാസ വ്യവസ്ഥയെ ആകെ ക്രമാനുഗതം ചിട്ടപ്പെടുത്തിക്കൊണ്ടിരിക്കുന്നു. കൊടിയ ദുരിതങ്ങളനുഭവിച്ചുകൊണ്ട് നമ്മുടെ പൂർവ്വികർ നേടിത്തന്ന നന്മകളോരോന്നും തച്ചുതകർത്തുകൊണ്ടാണ് ആധുനിക ഭരണാധിപന്മാർ ജനങ്ങൾക്കെതിരെ നീങ്ങുന്നത്.

ജനങ്ങൾക്കുവേണ്ടിയുള്ള ഒരു വിദ്യാഭ്യാസ വ്യവസ്ഥ സ്ഥാപിച്ചെടുക്കുവാനായി ബൃഹത്തായ ഒരു സാമൂഹ്യപ്രക്ഷോഭണം രാജ്യമെമ്പാടും വളർത്തിയെടുക്കുക എന്നത് വിദ്യാഭ്യാസ പ്രേമികളുടെ അടിയന്തിര കർത്തവ്യമായി മാറിയിരിക്കുന്നു. അങ്ങനെ വളർന്നുവരുന്ന ഒരു വിദ്യാഭ്യാസ പ്രക്ഷോഭണത്തിന്റെ ഇര

മ്പുന്ന വേദിയിൽ നിന്നാണ് ജനകീയ വിദ്യാഭ്യാസത്തിന്റെ മുദ്രാവാക്യങ്ങൾ ഉരുത്തിരിഞ്ഞുവരിക. 1986 ലെ ദേശീയ വിദ്യാഭ്യാസ നയത്തിനെതിരെ രാജ്യമെമ്പാടും അലയടിച്ച ഒരു പ്രസ്ഥാനമായിരുന്നു **ആൾ ഇന്ത്യാ സേവ് എഡ്യൂക്കേഷൻ കമ്മിറ്റി.** ആൾ ഇന്ത്യാ സേവ് എഡ്യൂക്കേഷൻ കമ്മിറ്റിയുടെ നേതൃത്വത്തിൽ NPE '86 നെതിരെ നടന്ന ദേശീയ പ്രക്ഷോഭണമാണ് വിഖ്യാതമായ **"ഒരു ജനകീയ വിദ്യാഭ്യാസ നയത്തിലേക്ക് — NPE '86 നൊരു ബദൽ"** ***(Towards a People's Policy on Education- An Alternative to NPE '86)*** എന്ന രേഖയ്ക്ക് ജന്മം നൽകിയത്. നമ്മുടെ നാട്ടിലെ ജനകീയ താല്പര്യം മുൻനിർത്തിയുള്ള വിദ്യാഭ്യാസനയത്തിന്റെ വ്യക്തമായ ഒരു രൂപരേഖ അതു നൽകുന്നുണ്ട്. ആ ജനകീയ നയരേഖയെ DPEP പാടേ നിഷേധിക്കുന്നു.

ജനങ്ങൾ ഉണരേണ്ടുന്ന അവസരമാണിത്.
സംഘടിച്ചു നീങ്ങേണ്ടുന്ന അവസരമാണിത്.

വിദ്യാഭ്യാസത്തെ, വിശേഷിച്ച് പ്രാഥമിക വിദ്യാഭ്യാസത്തെ DPEPയിൽ നിന്നും സമ്പൂർണ്ണ തകർച്ചയിൽ നിന്നും രക്ഷിക്കുവാൻ മറ്റു പോംവഴികളില്ല.

പണത്തിന്റെ കണ്ണഞ്ചിപ്പിക്കുന്ന പ്രഭാപൂരത്തിനപ്പുറം മനുഷ്യത്വത്തെ കാണാൻ കഴിയുന്നവരേവരും ഒരുമിക്കുക.

വിദ്യയെ
വിദ്യാഭ്യാസത്തെ
ഭാഷയെ
സംസ്ക്കാരത്തെ
പുതിയ തലമുറയുടെ ഭാവിയെ
നമ്മുടെ ആത്മാഭിമാനത്തെ തന്നെ
സംരക്ഷിക്കാനായി
അതിശക്തമായ
ഒരു ജനകീയ പ്രക്ഷോഭണത്തിന്റെ വേദിയിൽ
അണിനിരക്കുക.

## അനുബന്ധം 1 പട്ടിക , വിദ്യാഭ്യാസത്തെ സംബന്ധിച്ച് ദേശീയ വിദ്യാഭ്യാസ നയം, ലോകബാങ്ക്, ഡി.പി.ഇ.പി, ശാസ്ത്രസാഹിത്യ പരിഷത്ത് എന്നിവയുടെ അഭിപ്രായങ്ങൾ

| | 1986 ലെ ദേശീയവിദ്യാഭ്യാസ നയം/ പ്രോഗ്രാം ഓഫ് ആക്ഷൻ (POA'92) | ലോകബാങ്ക് | |
|---|---|---|---|
| 1. വിദ്യാഭ്യാസത്തിന്റെ ലക്ഷ്യം | സമ്പദ്ഘടനയുടെ വിവിധതലങ്ങളിലേക്ക് മനുഷ്യവിഭവശേഷി പ്രദാനം ചെയ്യുന്നതായിരിയ്ക്കണം വിദ്യാഭ്യാസം. അത് പ്രയോജനപ്രദവും സാമൂഹ്യപ്രസക്തവും ഉല്പാദനക്ഷമവുമായിരിക്കണം. സാഹചര്യാനുസൃതവുമായിരിക്കണം അത്. | വിദ്യാഭ്യാസം പ്രാദേശിക ആവശ്യകതകളോട് ഇണങ്ങുന്നതായിരിക്കണം. പുതിയ സാമ്പത്തിക വ്യവസ്ഥയുടെ ആവശ്യകതകളെ തൃപ്തിപ്പെടുത്തുന്ന വിധത്തിൽ വിദ്യാഭ്യാസത്തെ പുനഃസംഘടിപ്പിക്കണം. | |
| 2. ഔപചാരിക വിദ്യാഭ്യാസത്തിന്റെ പ്രസക്തി | ഔപചാരിക വിദ്യാഭ്യാസമോ തത്തുല്യമായ അനൗപചാരിക വിദ്യാഭ്യാസമോ കൊടുക്കുക. | | |
| 3. തൊഴിലധിഷ്ഠിത വിദ്യാഭ്യാസം | സ്കൂളിൽനിന്ന് നേരിട്ട് തൊഴിലിലേയ്ക്ക് പ്രവേശിക്കാവുന്ന വൈദഗ്ദ്ധ്യം കൊടുക്കുക. ഭൂരിപക്ഷം കുട്ടികൾക്കും വേണ്ടിയുള്ള ഒരു തൊഴിലധിഷ്ഠിത ധാര; തെരഞ്ഞെടുക്കപ്പെട്ട കുറച്ചുപേർക്ക് അക്കാദമിക് ധാര. | കൂടുതൽ സ്ഥലം മാറ്റാവുന്നതും കമ്പോളത്തിൽ വിറ്റഴിക്കാവുന്നതുമായ വൈദഗ്ദ്ധ്യങ്ങൾ തൊഴിലാളികൾക്ക് കൊടുക്കാൻ വിദ്യാഭ്യാസ പരിഷ്ക്കാരങ്ങൾ ആവശ്യമാണ്. | |
| 4. ബോധനഭാഷ, മാതൃഭാഷാ പഠനം | മാതൃഭാഷയിൽ പഠിപ്പിക്കുക | പ്രാദേശിക ഭാഷാ ഭേദങ്ങളിൽ പഠിപ്പിക്കുക. | |
| 5. ഇംഗ്ലീഷ് പഠനം | ഇംഗ്ലീഷ് യു.പി. ക്ലാസ്സ് മുതൽ മാത്രം ആശയവിനിമയത്തിനുള്ള വൈദഗ്ദ്ധ്യം നേടുന്നതിന് പര്യാപ്തമായത്രയും മാത്രം ഇംഗ്ലീഷ് പഠിച്ചാൽ മതി. | | |
| 6. കരിക്കുലവും പാഠപുസ്തകങ്ങളും | രാജ്യം മുഴുവൻ പിൻതുടരേണ്ട ഒരു ദേശീയ കോർ കരിക്കുലം. പക്ഷെ പാഠപുസ്തക നിർമ്മാണം വികേന്ദ്രീകൃതമാക്കുക. | വിദ്യാഭ്യാസത്തിന്റെ ഉള്ളടക്കത്തിൽ വരുത്തുന്ന പരിഷ്ക്കാരങ്ങളുടെ കാതലായി വർത്തിക്കുന്നത് പുതിയകരിക്കുലമാണ്. മാറുന്ന മൂല്യങ്ങൾക്കും ആവശ്യകതകൾക്കും അനുസരിച്ച് സ്കൂളിങ്ങിൽ പരിവർത്തനം വരുത്താൻ വേണ്ടിക്കൂടിയാണിത്. ഒരു കേന്ദ്രത്തിൽ നിന്നും തീരുമാനിച്ച് പുറത്തിറക്കുന്ന പാഠപുസ്തകങ്ങൾ വേണ്ട. മത്സരാധിഷ്ഠിതമായ സ്വകാര്യ അച്ചടിവ്യവസായത്തെ പ്രോത്സാഹിപ്പിക്കണം. | |

അഖിലേന്ത്യ സേവ് എഡ്യൂക്കേഷൻ കമ്മിറ്റി രൂപം നൽകിയ ഒരു ജനകീയ വിദ്യാഭ്യാസ നയത്തിലേയ്ക്ക് - *1986ലെ ദേശീയ വിദ്യാഭ്യാസനയത്തിന് ഒരുബദൽ* എന്ന രേഖയിലെ വ്യതിരിക്തങ്ങളായ നിർദ്ദേശങ്ങൾ ശ്രദ്ധിക്കുക

| ഡി.പി.ഇ.പി | ശാസ്ത്ര സാഹിത്യ പരിഷത്ത് | അഖിലേന്ത്യാ സേവ് എജ്യൂക്കേഷൻ കമ്മിറ്റിയുടെ ബദൽ വിദ്യാഭ്യാസനയ രേഖ |
|---|---|---|
| പ്രാദേശിക പ്രസക്തമായ വിദ്യാഭ്യാസം അടിസ്ഥാന ജീവിത നൈപുണികളും അറിവും നേടുക. | രാഷ്ട്ര നിർമ്മാണത്തിനും മനുഷ്യശക്തി വികസനത്തിനും വേണ്ടിയുള്ള വിദ്യാഭ്യാസം. ജീവിക്കുന്ന ചുറ്റുപാടുകളെ ആധാരമാക്കിയുള്ളതായിരിക്കണം അത്. | വിജ്ഞാനം പകരുന്നതോടൊപ്പം സ്വഭാവരൂപവല്ക്കരണത്തിലും ഊന്നുക. അറിവും സംസ്ക്കാരവും സാമൂഹ്യബോധവുമുള്ള, സമഗ്രവികാസം സിദ്ധിച്ച വ്യക്തിത്വത്തെ സൃഷ്ടിക്കുക എന്നതായിരിക്കണം വിദ്യാഭ്യാസത്തിന്റെ ലക്ഷ്യം. |
| കഴിയുന്നിടങ്ങളിൽ ഔപചാരിക വിദ്യാഭ്യാസം അല്ലെങ്കിൽ തത്തുല്യമായ അനൗപചാരിക വിദ്യാഭ്യാസം. | | സൗജന്യവും നിർബ്ബന്ധിതവുമായ ഔപചാരിക വിദ്യാഭ്യാസം 14 വയസ്സുവരെ എല്ലാവർക്കും കൊടുക്കുക. അനൗപചാരിക വിദ്യാഭ്യാസം ഔപചാരികവിദ്യാഭ്യാസത്തിനു ബദലല്ല. |
| ഗ്രാമപ്രദേശങ്ങളിലെ തൊഴിലുകളുടെ പഠനത്തിന് പ്രാമുഖ്യം കൊടുക്കുന്നു. (അൺ എയ്ഡഡ് സ്കൂളിൽ പഠിക്കുന്ന സമ്പന്നരുടെ മക്കൾക്ക് തികച്ചും വ്യത്യസ്തമായ പഠന സമ്പ്രദായം – Ed.) | തൊഴിലധിഷ്ഠിത പ്രവർത്തനങ്ങൾ പ്രാഥമികഘട്ടം മുതൽ സ്കൂൾ തലത്തിൽ ഉൾക്കൊള്ളിക്കണം. അയൽപ്പക്കത്തെ തൊഴിൽ ശാലകളുമായി വിദ്യാഭ്യാസത്തെ ബന്ധപ്പെടുത്തണം. | പൊതുവിദ്യാഭ്യാസം തൊഴിലധിഷ്ഠിതമാക്കരുത്. തൊഴിൽ പഠനകോഴ്സുകളിൽപോലും മാനവികവിഷയങ്ങളും സാമൂഹ്യശാസ്ത്രങ്ങളും ഉൾപ്പെടുത്തണം. |
| പ്രാദേശികഭാഷാ ഭേദങ്ങളിൽ പഠിപ്പിക്കുക. പ്രാദേശികമായ വായ്മൊഴി ഉപയോഗിക്കുക. | മാതൃഭാഷക്ക് പ്രാമുഖ്യം നൽകുക. ആദിവാസികൾക്ക് അവരുടെ വായ്മൊഴിയിൽ, ബോധനം നൽകുക. | മാതൃഭാഷയിൽ സാദ്ധ്യമായത്ര ഉയർന്ന തലംവരെ പഠിപ്പിക്കുക. |
| | ഇംഗ്ലീഷ് പഠനം ആരംഭിക്കേണ്ടത് യു.പി.യിൽ വച്ച് മാത്രം | മാതൃഭാഷക്കു തുല്യമായ പ്രാധാന്യം ഇംഗ്ലീഷ് പഠനത്തിനും നൽകുക. ഇംഗ്ലീഷ് പ്രൈമറി തലത്തിൽ വച്ചുതന്നെ തുടങ്ങണം. |
| പാഠപുസ്തകങ്ങൾ പരിപാവനങ്ങളാണെന്ന തോന്നൽ കുട്ടികളിൽ വിദ്യാഭ്യാസത്തോടുള്ള താല്പര്യം കെടുത്തുന്നു. അക്കാദമിക് പണ്ഡിതന്മാരല്ല അവ രചിക്കേണ്ടത്. പാഠങ്ങൾ ഭാഷാഭേദത്തിലെഴുതണം. പ്രൗഢഭാഷ ഒഴിവാക്കണം. പ്രാദേശിക ആവശ്യകതകൾ പൂർത്തീകരിക്കുക എന്ന ലക്ഷ്യത്തോടെ കരിക്കുലത്തിന്റെ ഉള്ളടക്കത്തിൽ വൈവിധ്യം വരുത്തണം. | ഔപചാരിക പാഠപുസ്തകങ്ങൾ ഒഴിവാക്കുക, പകരം കുട്ടിയ്ക്ക് വർക്ക്ബുക്കുകൾ നൽകുക. ഒരു കരിക്കുലം മാർഗ്ഗരേഖയും അതുവിശദീകരിക്കുന്ന അദ്ധ്യാപകർക്കുള്ള കൈപ്പുസ്തകങ്ങളും മതിയാകും. (ദേശീയ കോർ കരിക്കുലം പിൻതുടർന്നുകൊണ്ടാണ് DPEP പാഠപുസ്തകങ്ങൾ നിർമ്മിച്ചിട്ടുള്ളത് എന്ന് പരിഷത്ത് വ്യക്തമാക്കിയിട്ടുണ്ട്) | വിദ്യാഭ്യാസം സംസ്ഥാന ലിസ്റ്റിൽ വരേണ്ടതാണ്. വിദ്യാഭ്യാസവുമായി ബന്ധപ്പെട്ട എല്ലാ വിഭാഗം ജനങ്ങളിൽ നിന്നുമായി തെരഞ്ഞെടുക്കപ്പെടുന്ന അക്കാദമിക് സമിതിയായിരിക്കണം കരിക്കുലവും പാഠപുസ്തകങ്ങളും തയ്യാറാക്കേണ്ടത്.<br>മാനകഭാഷ (പ്രൗഢഭാഷ) ഉപയോഗിക്കണം. |

അനുബന്ധം 1 പട്ടിക , തുടർച്ച......

| | 1986 ലെ ദേശീയവിദ്യാഭ്യാസ നയം/ പ്രോഗ്രാം ഓഫ് ആക്ഷൻ (POA '92) | ലോകബാങ്ക് |
|---|---|---|
| 7. അദ്ധ്യാപകന്റെ പങ്ക് അദ്ധ്യാപക പരിശീലനം | | അദ്ധ്യാപകവൃത്തിക്കുവേണ്ടിയുള്ള പ്രീ സർവ്വീസ് ട്രെയ്നിങ് (റ്റി.റ്റി.സി, ബി.എഡ് തുടങ്ങിയവ - Ed.) നിർത്തലാക്കുക. പകരം 12ാം ക്ലാസ്സ് പാസ്സായവരിൽ നിന്നും പ്രൈമറി തലത്തിലെ അദ്ധ്യാപകരെ തെരഞ്ഞെടുക്കുകയും ഇൻ സർവ്വീസ് ട്രെയിനിങ് കൊടുക്കുകയും ചെയ്താൽ മതി. |
| 8. മൂല്യ നിർണയം, പരീക്ഷ, ജയം/തോൽവി | ആൾ പ്രമോഷൻ സമ്പ്രദായം | ആൾപ്രമോഷൻ. ആവർത്തനം (കുട്ടി തോറ്റ് ഒരു ക്ലാസ്സിൽ ഒന്നിലേറെ വർഷമിരിക്കുന്നത്) ഒഴിവാക്കിയാൽ സർക്കാരിന് സാമ്പത്തിക ലാഭമുണ്ടാകും. |
| 9. വിദ്യാഭ്യാസത്തിന്റെ മാനേജ്മെന്റ് | വില്ലേജ് എഡ്യൂക്കേഷൻ സൊസൈറ്റികൾ രൂപീകരിക്കുക | വികേന്ദ്രീകൃതമായ പ്ലാനിങ്ങും മാനേജ്മെന്റും. |
| 10. ഫണ്ട് | പ്രാദേശിക സമിതികൾ, വീട്ടുനികുതിയിലും ഭൂനികുതിയിലും സർചാർജ്ജ് ഏർപ്പെടുത്തി പണം പിരിക്കുക. | സംസ്ഥാന സർക്കാരുകൾക്ക് ലഭ്യമല്ലാത്ത മേഖലകളിൽ നിന്ന് പ്രാദേശിക ഭരണസമിതികൾ വിഭവസമാഹരണം നടത്തുക. പുതിയ നികുതികൾ ഏർപ്പെടുത്തുക. കുട്ടികളുടെ വിദ്യാഭ്യാസത്തിന്റെ ചെലവ് സ്വന്തം മാതാപിതാക്കൾ വഹിക്കുമ്പോഴേ നിലവാരം മെച്ചപ്പെടൂ. |
| 11. ഉച്ചഭക്ഷണം പോലുള്ള സഹായകപരിപാടികൾ | സഹായക പരിപാടികൾക്ക് പണം മുടക്കുന്നതല്ല. | ഉച്ചഭക്ഷണം, സ്കോളർഷിപ്പ് പോലുള്ള പ്രചോദകപരിപാടികൾക്ക് കുട്ടികളെ ചേർക്കുന്നതിലും നിലനിർത്തുന്നതിലും വലിയ പങ്കില്ല. |
| 12. വിദ്യാഭ്യാസം എന്ന മൗലികാവകാശത്തെപ്പറ്റി | (എല്ലാവർക്കും സൗജന്യവും നിർബ്ബന്ധിതവുമായ ഔപചാരിക വിദ്യാഭ്യാസം എന്ന ഭരണഘടനാ വാഗ്ദാനം നിറവേറ്റുമെന്നു പറയുന്നില്ല. പകരം അനൗപചാരിക വിദ്യാഭ്യാസം നിർദ്ദേശിക്കുന്നു - Ed.) | ജോംതിയൻ പ്രഖ്യാപനം ബാധകം. |
| അവലംബം | 1. '86ലെ ദേശീയ വിദ്യാഭ്യാസ നയം'<br>2. '92ലെ പ്രോഗ്രാം ഓഫ് ആക്ഷൻ' | 1. 'ഇന്ത്യയിലെ പ്രാഥമിക വിദ്യാഭ്യാസം' - ലോകബാങ്ക് പ്രസിദ്ധീകരണം '97<br>2. ലോകബാങ്ക് 1996ൽ പുറത്തിറക്കിയ ലോകവികസന റിപ്പോർട്ട് |

| ഡി.പി.ഇ.പി | ശാസ്ത്ര സാഹിത്യ പരിഷത്ത് | അഖിലേന്ത്യാ സേവ് എജ്യൂക്കേഷൻ കമ്മിറ്റിയുടെ ബദൽ വിദ്യാഭ്യാസനയ രേഖ |
|---|---|---|
| അദ്ധ്യാപകൻ സഹായിമാത്രമാണ്. (Facilitator) | | അദ്ധ്യാപകവൃത്തി പരിപാവനമായ ഒരു ദൗത്യമാണ്. അദ്ധ്യാപകന് സമൂഹം കൊടുക്കുന്ന സ്ഥാനം ആ സമൂഹത്തിന്റെ സാമൂഹ്യ സംസ്ക്കാരിക മൂല്യങ്ങളുടെ പ്രതിഫലനമാണ്. അദ്ധ്യാപന രംഗത്തേക്ക് ഏറ്റവും നല്ല വ്യക്തികളെ ആകർഷിക്കാൻ അദ്ധ്യാപകരുടെ സർവ്വീസ് സാഹചര്യങ്ങൾ മെച്ചപ്പെടുത്തണം. |
| തുടർച്ചയായ മൂല്യനിർണയം, ജയം/തോൽവി വേണ്ട. ഗ്രേഡിങ് സമ്പ്രദായം. ഔപചാരികമായ വാർഷിക/ടേർമിനൽപരീക്ഷകൾ വേണ്ട. | പാസ്സാകാൻ പൊതുമിനിമവും പ്രത്യേക മിനിമവും വേണമെന്ന രീതി പാടില്ല. | വസ്തു നിഷ്ഠമായ പരീക്ഷാ സമ്പ്രദായം വേണം. |
| വില്ലേജ് എജ്യൂക്കേഷൻ കമ്മിറ്റികൾ രൂപീകരിക്കുക. | വിദ്യാഭ്യാസത്തിന്റെ മേൽനോട്ടം പഞ്ചായത്ത് സ്കൂൾ കോംപ്ലക്സുകൾക്കായിരിക്കണം. | ഓരോ തലത്തിലുമുള്ള വിദ്യാഭ്യാസത്തിന്റെ തീരുമാനങ്ങൾ എടുക്കാനുള്ള അധികാരം ജനാധിപത്യപരമായി തെരഞ്ഞെടുക്കപ്പെട്ട അക്കാദമിക് സമിതികൾക്കും ഭരണസമിതികൾക്കും ആയിരിക്കും. ഈ സമിതികൾ സ്വയംഭരണാവകാശമുള്ളവയായിരിക്കും. മുകളിൽ നിന്നുമുള്ള നാമനിർദ്ദേശങ്ങൾ പരമാവധി ചുരുക്കണം. |
| വില്ലേജ് എജ്യൂക്കേഷൻ കമ്മിറ്റികൾ രൂപീകരിക്കുക. താഴെത്തലത്തിൽ നിന്നും വിഭവം സമാഹരിക്കുക. | വിദ്യാഭ്യാസ സെസ്സ് ഏർപ്പെടുത്തുക. ജനങ്ങൾതന്നെ പണവും വിഭവങ്ങളും കണ്ടെത്തുക. | വിദ്യാഭ്യാസത്തിന്റെ മുഴുവൻ ചെലവും സർക്കാർ വഹിക്കണം. മുഖ്യമായും കേന്ദ്രസർക്കാർ, പിന്നെ സംസ്ഥാനസർക്കാരും. |
| ഉച്ചഭക്ഷണം സൗജന്യയൂണിഫോം തുടങ്ങിയവയ്ക്ക് പണം മുടക്കുന്നതല്ല. | | ഉച്ച്ഭക്ഷണം, സ്കോളർഷിപ്പ്, സ്റ്റൈപ്പന്റ് തുടങ്ങിയ എല്ലാ സഹായകപരിപാടികളും സ്വീകരിക്കണം. വീടുകളിലോ പുറത്തോ ജോലി ചെയ്ത് തങ്ങളെ സഹായിക്കുന്ന കുട്ടികളെ സ്കൂളിലയക്കാൻ ബുദ്ധിമുട്ടനുഭവപ്പെടുന്ന മാതാപിതാക്കൾക്ക് വേണ്ടത്ര നഷ്ടപരിഹാരം (രീരേീാുലിമെശേീ) നൽകി കുട്ടികളെ സ്കൂളിലെത്തിക്കാനുള്ള നടപടികൾ സർക്കാർ സ്വീകരിക്കണം. |
| ഔപചാരികമോ തത്തുല്യമായ അനൗപചാരിക വിദ്യാഭ്യാസമോ നൽകും. | | |
| | വിദ്യാഭ്യാസത്തെ ഒരു സർക്കാർ ഏർപ്പാടായി കണക്കാക്കാതെ തങ്ങളുടെ മൗലിക കടമയായി ജനങ്ങൾ കാണണം. | വിദ്യാഭ്യാസം ജനങ്ങളുടെ മൗലികാവകാശമാണ്. സർക്കാരിന്റെ പ്രാഥമിക കടമയാണ് ജനങ്ങൾക്ക് വിദ്യാഭ്യാസം കൊടുക്കുക എന്നത്. |
| 1. കേന്ദ്ര മാനവശേഷി വികസന മന്ത്രാലയം പുറത്തിറക്കിയ '97ലെ പരിഷ്ക്കരിച്ച ഡി.പി.ഇ.പി. മാർഗ്ഗരേഖ<br>2. കേരളത്തിലെ ഡി.പി.ഇ.പി.യുടെ പ്രസിദ്ധീകരണങ്ങൾ | 1. 'വിദ്യാഭ്യാസ കമ്മീഷന്റെ പ്രാഥമിക നിർദ്ദേശങ്ങൾ'<br>2. 'ഡി.പി.ഇ.പി. പുസ്തകങ്ങൾ-വിവാദവും യാഥാർത്ഥ്യവും.<br>3. പരിഷദ് വാർത്ത - ആഗസ്റ്റ് 97<br>4. '95തൃശൂർ: സെമിനാർ പ്രബന്ധങ്ങൾ | ആൾ ഇന്ത്യാ സേവ് എജ്യൂക്കേഷൻ കമ്മിറ്റി പുറത്തിറക്കിയ 'ഒരു ജനകീയ വിദ്യാഭ്യാസ നയത്തിലേക്ക് **NPE** '86ന് ഒരു ബദൽ' എന്ന പുസ്തകം. |

4152





**തല്ലാനും വയ്യ തടുക്കാനും വയ്യ**

ഡി.പി.ഇ.പി.യുടെ മാതൃകാ ക്ലാസ്സ് മുറി

(അദ്ധ്യാപക സഹായി, കിങ്ങിണി 3, പേജ് 146)

## ഡി.പി.ഇ.പി. സൃഷ്ടിക്കുന്ന ഉദ്ഗ്രഥിത ജന്തുക്കൾ

(പൂത്തിരി 2, പേജ് 12)



(അദ്ധ്യാപകസഹായി, മിന്നാമിന്നി 4, പേജ് 42)



# ഡി.പി.ഇ.പി: എന്ത് ? എന്തിന് ?

സമഗ്രമായ ഒരു അഴിച്ചുപണി പ്രാഥമിക വിദ്യാഭ്യാസരംഗത്ത് നടന്നുകൊണ്ടിരിക്കുകയാണ്. ജില്ലാ പ്രാഥമിക വിദ്യാഭ്യാസ പരിപാടി അഥവാ ഡി.പി.ഇ.പി (dPEP) എന്നാണ് അതറിയപ്പെടുന്നത്. 'കളികളിലൂടെ രസകരമായ പഠനം' എന്നതാണ് പ്രഖ്യാപിത ലക്ഷ്യം. പക്ഷേ, പുതിയ രീതിയോടു പൊരുത്തപ്പെടാൻ അദ്ധ്യാപകർക്കും വിദ്യാർത്ഥികൾക്കും രക്ഷകർത്താക്കൾക്കും ആർക്കും ആകുന്നില്ല എന്നതാണു വാസ്തവം.

ഡി.പി.ഇ.പിയെ സംബന്ധിച്ച് എ. ഐ.ഡി. എസ്.ഒ. നടത്തിയ വിശദമായ ഒരു അന്വേഷണത്തിന്റെ ഫലമാണ് ഈ ലഘുപുസ്തകം. ആശാസ്യമായ ഒന്നല്ല, മറിച്ച് വിനാശകരമായ മാറ്റമാണ് വന്നുകൊണ്ടിരിക്കുന്നത് എന്ന നിഗമനത്തിലാണ് ഈ അന്വേഷണം വന്നെത്തിയിരിക്കുന്നത്. സ്വാഭാവികമായും വിദ്യാഭ്യാസത്തെ സംരക്ഷിക്കുവാനുള്ള ഒരു പ്രക്ഷോഭണത്തിന്റെ ആഹ്വാനമാണ് ഈ പുസ്തകത്തിന്റെ സന്ദേശം.

*പ്രസിദ്ധീകരിക്കുന്നത്:*

**ആൾ ഇന്ത്യാ ഡമോക്രാറ്റിക് സ്റ്റുഡന്റ്സ് ഓർഗനൈസേഷൻ**

**(AIDSO)**

*ടി.സി. 12/1242, കുന്നികുഴി, തിരുവനന്തപുരം- 695 037, ഫോൺ: 447151*

# ഡി. പി. ഇ. പി: എന്ത്? എന്തിന്?

ൾ ഇന്ത്യാ ഡമോക്രാറ്റിക്
ഡന്റ്സ് ഓർഗനൈസേഷൻ
(AIDSO)

370-1

Indic Digital Archive Foundation
gpura.org